25
March. 2010
Vol. 3
Issue:6

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

ഫിലഡൈൽഫ്യ പ്രയർ ടവർ
"എന്നെ വിളിച്ചപേക്ഷിക്കുക;
ഞാൻ നിനക്കുത്തരം അരുളും...." (Jere.33:36)
നിങ്ങൾ പ്രശ്നങ്ങളാൽ ഭയപ്പെടുന്നുവോ?
രോഗിയായി പ്രയാസപ്പെടുന്നുവോ?
നിങ്ങൾ മറ്റു വിഷയങ്ങളാൽ ദു:ഖത്തിലാണോ?
ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കാം.
PASTOR P.A. SCARIAH
Plot No. 45, I
ncome Tax Colony,
Paota 'c' Road,
Jodhpur, Rajasthan.
Phone: 0291 - 2545818, Mob:09602009535
E-mail: scariah_pa@yahoo.com

RNI. No.KERMAL/2008/26530 POSTAL Reg.No. KL/TLA 225/2009-11 Annual Subscription Rs. 100/- Pages: 12

# വളരുന്ന വിശ്വാസവും പെരുകുന്ന കുറ്റകൃത്യങ്ങളും



## ദൈവത്തിന്റെ സ്വന്തം നാട് നാലുകാലിലെന്ന് ബി ബി സി

**കോട്ടയം:** മലയാളികളുടെ 'മദ്യപ്രേമം'അങ്ങനെ ലോകം മുഴുവനും അറിഞ്ഞു. കഴിഞ്ഞ വെള്ളിയാഴ്ച വൈകിട്ട് 5.30നു ബിബിസി ന്യൂസ് ചാനലിൽ പ്രത്യേക വാർത്ത മലയാളികളുടെ കുത്തനെ ഉയരുന്ന മദ്യപാനത്തെക്കുറിച്ചായിരുന്നു. 'കേരളാസ്' ലൗ അഫെയർ വിത്ത് ആൽക്ക ഹോൾ എന്ന തലക്കെട്ടിൽ. കേരളം മദ്യ വിൽപനയിൽ ഇന്ത്യയിൽ മുന്നിലെത്തിയതും ഒരു സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനം മദ്യത്തിലൂടെ ലഭിക്കുന്ന സംസ്ഥാനമായതും വാർത്തയിൽ പരാമർശിച്ചു. നടൻ മോഹൻലാൽ അഭിനയിച്ച പ്രശസ്തവും വിവാദവുമായ 'വൈകിട്ടെന്താ പരിപാടി'എന്ന പരസ്യവും ബിബിസിസംപ്രേഷണം ചെയ്തു. ഒരു ബിവ്റിജസ് ഷോപ്പിൽ 80000 പേർ വരെ ദിവസം സന്ദർ ശിക്കുന്നതായാണ് ആനുപാതിക കണക്ക്. 377 ഷോപ്പുകളാണുള്ളത്. തമിഴ്നാട്ടിൽ എണ്ണായിരത്തോളം ഷോപ്പുണ്ടായിട്ടും കേരളത്തിന്റെ പകുതിപോലും കച്ചവടമില്ല. കോർപറേഷന്റെ ഷോപ്പുകൾ കൂടാതെ 600 ബാറുകളും 5000 കള്ളുഷാപ്പുകളുമാണു കേരളത്തിലുള്ളത്. ആർമി ക്വോട്ട, വിദേശത്തുനിന്നു കൊണ്ടുവരുന്നവ, വ്യാജസ്പിരിറ്റ്, വ്യാജ വാറ്റ് തുടങ്ങിയവ കൂടി ചേർത്താൽ 'കുടിക്കണക്ക്' കേട്ടു ലോകം ഇരട്ടി ഞെട്ടുമെന്നും ബിബിസി സർവേയിൽ പറയുന്നു. 2008-2009 നടന്ന 4000 റോഡപകടങ്ങൾ മദ്യപാനംമൂലമുണ്ടായതാണെന്നും കേരളത്തിൽ വിവാഹ മോചനം വൻതോതിൽ വർധിച്ചതായും ഇതിൽ 90 ശതമാനത്തിനും കാരണം മദ്യപാനമാണെന്നും ബിബിസി ചാനൽ വെളിപ്പെടുത്തുന്നു. കൂടുതൽ പേർക്കു ജോലിനഷ്ടപ്പെടാൻ കാരണവും മദ്യപാനം തന്നെ.

മെഗാ ക്രൂസേഡുകളും മെഗാ ചർച്ചുകളും മാരികളും ബ്ലസ്സും ഒക്കെയായി ഇവിടെ തട്ടുപൊളിപ്പൻ പരിപാടികളുമായി ആത്മീയ ബിസിനസ്സ് പൊടിപൊടിക്കുന്നു. സായിപ്പിന്റെ കോമാളിത്തരങ്ങൾ അതേ പടി അനുകരിച്ച് അവതരിപ്പിക്കുന്ന ഭൂലോകത്തെ ഇളക്കുന്ന അഭിനവ ക്രൂസേഡു വീരന്മാരുടെ പരിപാടികളും അരങ്ങ് തകർക്കുന്നു. ഒരു കാലത്ത് സഭയുടെ സ്വാധീനം നമ്മുടെ നാട്ടിൽ വ്യക്തമായി വെളിവാക്കപ്പെട്ടിരുന്നു. ദൈവഭയമുള്ളവരും സമൂഹത്തിൽ മാന്യരുമായിരുന്നു കേരളസമൂഹം. കുടുംബ ജീവിതത്തിനും അതിന്റെ ഭദ്രതയ്ക്കും മുൻതൂക്കം കൊടുത്തിരുന്ന ഈ സമൂഹത്തെ സ്വാധീനിച്ചിരുന്നതിൽ ക്രിസ്തീയ ധാർമ്മിക മൂല്യങ്ങളുടെ പങ്ക് വലുതായിരുന്നു. എന്നാൽ ആധുനികതയുടെ ഈ കാലഘട്ടത്തിൽ നമ്മുടെ സഭകൾ വളർന്നുവെന്ന് നാം പൊങ്ങച്ചം പറയുന്നു.

എന്നാൽ നമ്മുടെ കേരളം വളരുന്ന മേഖലകൾ എന്തെന്ന് തിരിച്ചറിയുമ്പോൾ നാം അറിയാതെ തന്നെ നമ്മുടെ ശിരസ്സ് കുനിഞ്ഞുപോകുന്നു. കുറ്റകൃത്യങ്ങളുടെയും കുടുംബ തകർച്ചകളുടെയും കഥകളിൽ പെന്തെക്കോസ്തുകാരും ഭാഗമായി മാറുമ്പോൾ നമ്മുടെ അവസ്ഥ എന്താണെന്ന് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

വായിക്കുക. പേജ്:09




## ഔദ്യോഗിക പാനൽ അവതരിപ്പിക്കണം

ഇലക്ഷൻ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ജേണൽ സംഘടിപ്പിച്ച ചർച്ച ഗുണപരമാണ്. സംവിധാനങ്ങളെ തിരുത്തലിലേക്കും ശരിയിലേക്കും കൊണ്ടുവരാൻ ഇത് സഹായിക്കും. സഭയ്ക്ക് ഒരു സംഘടന ഉണ്ടായിരിക്കേണ്ടതില്ല എന്നും സഭയുടെ സംഘടിത ഭാവം വചനവിരുദ്ധമാണെന്നും കരുതുന്നവരുണ്ട്. എന്നാൽ സഭ ആത്മീകമായി പക്വത പ്രാപിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ സംഘടനാപരമായി വളർന്നുകൊണ്ടുമിരുന്നു എന്നത് തിരുവചനത്തിൽ നിന്നും മനസിലാക്കാവുന്നതാണ്. ഭിന്നാഭിപ്രായങ്ങൾ തുടക്കത്തിൽ തന്നെ പരിഹരിക്കുവാൻ ഉത്സാഹിച്ചിരുന്നു (പ്രവൃ. 6:1-7). സഭാ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ പുതിയ



റവ. സാം ജോർജ്ജ്

നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരികയും അംഗത്വയോഗ്യതകളും നിബന്ധനങ്ങളും ശിക്ഷണ നട

ശേഷം പേജ്: 08

## അസംബ്ലീസ് ഓഫ് ഗോഡ് റവ. പി. എസ്. ഫിലിപ്പ് സൂപ്രണ്ട്



റവ.പി.എസ്. ഫിലിപ്പ്



റവ.കെ.ജെ. മാത്യു



റവ. ബാബു ജോർജ്ജ്

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് കൗൺസിലിന് പുതിയ ഭാരവാഹികളെ മാർച്ച് 9നു നടന്ന കോൺഫറൻസിൽ വെച്ച് തെരഞ്ഞെടുത്തു. റവ. പി. എസ്. ഫിലിപ്പ് ശേഷം പേജ്:08

## സോൾ വിന്നേഴ്സ് ജനറൽ കൺവൻഷൻ സമാപിച്ചു




കൺവൻഷൻ റവ. കെ. ജി. ഈശോ ഉദ്ഘാടനം ചെയ്യുന്നു

വാർത്ത: പേജ് 08

## പാസ്റ്റർ ടി.ടി. ജോസഫ് നിത്യതയിൽ

ബാംഗ്ലൂർ: ഐ. പി. സി. കർണാടക സ്റ്റേറ്റ് രക്ഷാധികാരിയും മുൻപ്രസിഡന്റുമായ പാസ്റ്റർ ടി. ടി. ജോസഫ് (82) നിര്യാതനായി. ചെങ്ങന്നൂർ തിരുവൻ വണ്ടൂർ തോട്ടുമാലിൽ കുടുംബാംഗമായ ഇദ്ദേഹം നാല്പതുവർഷം ബഹറിനിൽ ഉദ്യോഗസ്ഥനായിരുന്നു. ഈ കാലയളവിൽ താൻ ആരംഭിച്ചതാണ് ബഹറിൻ ഐ. പി. സി. ഇന്ത്യയിൽ മടങ്ങിയെത്തിയ അദ്ദേഹം കർണാടക സ്റ്റേറ്റിലെ ഐ. പി. സിയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. ദീർഘവർഷങ്ങൾ റീജിയൻ പ്രസിഡന്റായി പ്രവർത്തിച്ചു. 1991-ൽ കർണാടക ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. കർണാടകയിലെ പ്രവർത്തനങ്ങളിൽ ഇദ്ദേഹം എന്നുംമുന്നണി പോരാളിയുമായിരുന്നു. ഭാര്യ: പരേതയായ അന്നമ്മ, മക്കൾ: തോമസ് ജോസഫ്, ഏബ്രഹാം ജോസഫ്, മാത്യു



ജോസഫ്, ജോയ്സ് ജോസഫ്, ഫെബി വിൽസൺ

മാർച്ച് 13ന് ഹൊസൂർറോഡ് സെമിത്തേരിയിൽ നടന്ന ശവ സംസ്കാര ശുശ്രൂഷയിൽ ആയിരക്കണക്കിന് വിശ്വാസികൾ സംബന്ധിച്ചു. പാസ്റ്റർ റ്റി.എസ്. ഏബ്രഹാം, പാസ്റ്റർ സാം ജോർജ്ജ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തിമൊഥിയോസും പൗലോസും എന്നതുപോലെ പിതൃതുല്യമായ വാത്സല്യവും സ്നേഹവും തന്നിൽ നിന്ന് അനുഭവിക്കുവാൻ കഴിഞ്ഞുവെന്നും ശുശ്രൂഷകളിൽ കൈതാങ്ങലും ഉപദേശവും തന്ന് എപ്പോഴും പാസ്റ്റർ ടി. ടി. ജോസഫ് തനിക്ക് സഹായമായിരുന്നുവെന്ന് അനുസ്മരണ പ്രസംഗത്തിൽ കർണാടക ഐ. പി. സി. പ്രസിഡന്റു കൂടിയായ റവ. സാം ജോർജ്ജ് പ്രസ്താവിച്ചു.

## ചർച്ച് ഓഫ് ഗോഡിൽ യുദ്ധ കാഹളം കൗൺസിലംഗം രാജിക്കത്തു നൽകി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡിലെ സ്റ്റേറ്റ് ബോർഡ് സെക്രട്ടറിയായ ജോസഫ് മറ്റത്തുകാലായെ വധിക്കുമെന്ന് ഒരു രാഷ്ട്രീയ പ്രവർത്തകനെക്കൊണ്ട് ഭീഷണിപ്പെടുത്തിയെന്ന ആരോപണത്തെതുടർന്ന് കൗൺസിൽ അംഗമായ ബെൻസ് ഏബ്രഹാം രാജിവെച്ചു. ഏഴംഗ അന്വേഷണകമ്മീഷന്റെ കണ്ടെത്തലുകൾ തെറ്റാണെന്നും അതിൽ പ്രതിഷേധിച്ചാണ് രാജിയെന്നും തന്റെ കത്തിൽ പറയുന്നു. ഐ. പി. സി ഇലക്ഷനുശേഷം നടന്ന വ്യവഹാരവും ബഹളങ്ങളും ഓർമ്മിപ്പിക്കുന്ന തരത്തിലാണ് ദൈവസഭയിലും സംഭവങ്ങൾ അരങ്ങേറുന്നത്. പെന്തക്കോസ്തു സഭകളുടെ ചരിത്രത്തിൽ തന്നെ ആദ്യ സംഭവമാണിത്. മുമ്പെങ്ങും നടന്നിട്ടില്ലാത്ത വിധത്തിൽ പാനലുകളുടെ പേരിലും അല്ലാതെയും കാശുകൊടുത്തും അധികാര ദുർവിനിയോഗം ശേഷം പേജ്:08

ബിലീവേഴ്സ് ജേണൽ
2010

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

എഡിറ്റർ
അനിൽ കൊടിത്തോട്ടം

ബോർഡ് മെംമ്പേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

ലീഗൽ അഡ്വൈസർ
അഡ്വ. ഷാം കുരുവിള

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
Believers Journal
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com

## എഡിറ്റോറിയൽ



# സഭയുടെ ദൗത്യം എന്ത്?

സാംകുട്ടി മാത്യു
(ചീഫ് എഡിറ്റർ)

കേരളം പലകാര്യങ്ങളിലും മറ്റു സംസ്ഥാനത്തേക്കാൾ മുമ്പിലാണ്. മുമ്പ് അഭിമാനകരമായ കാര്യങ്ങളിലായിരുന്നെങ്കിൽ ഇന്ന് സ്ഥിതി മാറുകയാണ്. മ്ലേച്ഛതകളുടെ വിളനിലമായി നമ്മുടെ മലയാളക്കര മാറുകയാണ്. വിദേശപണവും റബ്ബറും നൽകിയ പണക്കൊഴുപ്പിൽ പാശ്ചാത്യ നാടുകളെ നാണിപ്പിക്കുന്ന തലത്തിലേക്കു കേരളം കൂപ്പുകുത്തുന്നു. ഇൻഡ്യയിലെയെന്നല്ല ലോകത്തിലെ തന്നെ കൂടുതൽ മദ്യപാനികളുടെ നാടായി ദൈവത്തിന്റെ നാടുമാറി. അക്രമം, ഗുണ്ടായിസം, അഴിമതി, വിവാഹമോചനം, പരിസ്ഥിതിയെ തകിടം മറിക്കുന്ന പ്രകൃതി ചൂഷണം ഇങ്ങനെ നമ്മുടെ നാട് സാത്താന്റെ കൈപ്പിടിയിലൊതുങ്ങിക്കഴിഞ്ഞു.

ഇവിടെയാണ് സഭയുടെ പ്രസക്തി വെളിപ്പെടേണ്ടത്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ. ലോകക്കാരേക്കാൾ മ്ലേച്ഛത പ്രവർത്തിക്കുന്ന വിശ്വാസികളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. മദ്യപാനികളായ പെന്തെക്കോസ്തരുടെ എണ്ണം ഇന്നു നിരവധിയാണ്. ആൽക്കഹോൾ കലർന്ന ബിയറും വൈനും ഉപയോഗിക്കുന്ന ഉപദേശിമാരെയും ധാരാളമായി കണ്ടുവരുന്നു. വിവാഹമോചിതരുടെ എണ്ണവും ദിനംപ്രതി വർദ്ധിക്കുന്നു. പുനർവിവാഹം നടത്തിക്കൊടുക്കുന്ന നേതാക്കന്മാരും നമ്മുടെയിടയിൽ ഉളുപ്പില്ലാതെ വിലസുന്നു. ഗുണ്ടായിസം, ഭൂമികയ്യേറ്റം, തട്ടിപ്പുകൾ ഇതൊന്നും ശിക്ഷാനടപടികൾ വരുത്തുന്നില്ല എന്നതിനാൽ തന്നെ ഇക്കൂട്ടർ സഭാനേതൃത്വത്തിൽ പിടിമുറുക്കിയെന്നു മാത്രമല്ല നേതൃത്തിന്റെ ഭാഗമായി മാറുകയുമാണ്. കുറ്റ കൃത്യ പശ്ചാത്തലമുള്ളവർ ഇന്ന്മിക്ക സഭകളുടെയും തലപ്പത്തു വിരാജിക്കുകയാണ്. അവർക്ക് ഓശാന പാടി 30 വെള്ളിക്കാശിനായി ഒറ്റുകാരാകുകയാണ് ഇവിടുത്തെ ആത്മീയ നേതൃത്വം. പരിശുദ്ധാത്മാവിന്റെ പേരും പറഞ്ഞ് ജനത്തിന്റെ കണ്ണിൽ പൊടിയിടുകയും കർട്ടനു പുറകിൽ ക്രിമിനലുകൾക്കൊപ്പം അത്താഴം കഴിക്കുകയും ചെയ്യുന്ന ദ്വിമുഖ വ്യക്തിത്വത്തിനുടമകളായ നേതാക്കന്മാർ മറക്കുന്നത് വരുവാനുള്ള ന്യായവിധിയാണ്. ഇവിടെ പ്രസ്ഥാനങ്ങളും കൺവൻഷനുകളും, ക്രൂസേഡുകളും, മാരികളും, ബൈബിൾ സൊസൈറ്റികളും പെരുകുന്നു. പക്ഷേ സോദോംഗോമേറയുടെ പതിപ്പായി കേരളം മാറുന്നു. സപ്ലിമെന്റുകൾ ഇറക്കി പ്രാർത്ഥന നടത്തുന്ന പ്രാർത്ഥനാവീരന്മാരാണിവിടെ. പക്ഷേ ഇടിവിൽ നിന്നു കരയാൻ ആളില്ല. ചന്തയിലും പരസ്യസ്ഥലങ്ങളിലും ഉച്ചത്തിൽ പ്രാർത്ഥിക്കുന്ന പരീശന്മാരുടെ ആധുനികമുഖമുള്ള വെള്ളതേച്ച ശവക്കല്ലറകളുടെ നാടായി നമ്മുടെ നാടുമാറിക്കഴിഞ്ഞു. ചാട്ടവാറേന്തിയ ക്രിസ്തുവിന്റെ എഴുന്നുള്ളത്ത് സംഭവിക്കില്ല എന്ന ചിന്തയിൽ ഞെളിയേണ്ട. അവൻ വാളുമായി വരും താമസമില്ല.

# കുതിര കുളമ്പടിയിൽ രൂപംകൊണ്ട ഒരു അനശ്വര ഗാനം

## അകം പൊരുൾ



തോമസ് തോന്നയ്ക്കൽ

കുതിരയുടെ കുളമ്പടി ശബ്ദത്തിൽ നിന്നും അതിമനോഹരമായ ഒരു ക്രൈസ്തവ ഭക്തി ഗാനം. ആ ഗാനമാകട്ടെ ലോക പ്രസിദ്ധവും. മനോഹരവും അർത്ഥ പൂർണ്ണവുമായ ഈ ഗാനത്തിന്റെ രചയിതാവ് എസ്ക് വാട്ട്സ് എന്ന ആംഗേലയ സുവിശേഷകനാണ്. ലണ്ടനിൽ വൈദിക പഠനം പൂർത്തീകരിച്ച് വാട്സ് സഹ പട്ടക്കാരനായി ശുശ്രൂഷ ചെയ്തുവരവേ ഭവനങ്ങൾ സന്ദർശിക്കുക പതിവായിരുന്നു. ഈ സഞ്ചാരത്തിനിടയിൽ കുതിരയുടെ കുളമ്പടിയൊച്ച ശ്രദ്ധിച്ച വാട്ട്സ് ആ താളത്തിനൊത്ത് ചിലവരികൾ മനസിൽ കുറിച്ചു. അങ്ങനെയാണ് 'വെൻ ഐ സർവ്വേ ദ വണ്ടറസ് ക്രോസ്' എന്ന ഗാനം പിറവി കൊണ്ടത്. യേശു കർത്താവിന്റെ കാൽവറി മരണത്തെ ആസ്പദമാക്കി രചിച്ച ഈ ഗാനം ലോകത്തെ നിരവധി ഭാഷകളിൽ മൊഴിമാറ്റം ചെയ്തിട്ടുണ്ട്. മഹത്വപ്രഭു മരിച്ച ആശ്ചര്യ ക്രൂശെ നോക്കി ഞാൻ..." എന്ന് മലയാളത്തിൽ മൊഴിമാറ്റം ചെയ്ത ഈ അനശ്വര ഗാനം മലയാളിയും പാടി ആരാധിക്കുന്നു.

ഐസ്ക് വാട്ട്സിന്റെ മറ്റൊരു പ്രസിദ്ധഗാനമാണ് "ഇന്നയോളം തുണച്ചോനെ ഇനിയും തുണയ്ക്ക" (O God our help in ages past...) എന്ന ഗാനം.

1647 -ൽ ഇംഗ്ലണ്ടിലെ സതാംപ്ടണിലായിരുന്നു ഐസക് വാട്സിന്റെ ജനനം. അപ്പൻ വാട്സ് ആംഗ്ലിക്കൽ സഭാവിശ്വാസിയും അദ്ധ്യാപകനുമായിരുന്നു. സഭയ്ക്കുള്ളിലെ അനാചാരങ്ങളെ നഖശിഖാന്തം എതിർത്ത വാട്സ് മകനെ നെവിംഗ്ടണിലുള്ള വിയോജിത വിഭാഗക്കാരുടെ വിദ്യാലയത്തിൽ ചേർത്ത് പഠിപ്പിച്ചു. അപാരമായ ബുദ്ധി സാമർത്ഥ്യമുണ്ടായിരുന്ന ഐസക് നന്നേ ചെറുപ്പത്തിൽ തന്നെ ലത്തീനും ഗ്രീക്കും ഫ്രഞ്ചും എബ്രായഭാഷയും പഠിച്ച് മികവ് തെളിയിച്ച അത്ഭുത പ്രതിഭയായിരുന്നു.

ബാലനായ ഐസക് എഴുതിയ കവിതകൾക്കു അമ്മയിൽ നിന്നും നല്ല പ്രോത്സാഹനം ലഭിച്ചിരുന്നു. സാധാരണ സംസാരത്തിനിടയിൽ പോലും ഐസക് പ്രാസം ചേർത്ത് സംസാരിക്കുമായിരുന്നു. പതിനഞ്ചാം വയസ്സിൽ മാനസാന്തരപ്പെട്ട ഐസക്ക് സതാംപ്ടണിലുള്ള ഒരു ചപ്പെലിൽ ആരാധന കഴിഞ്ഞ് വരുമ്പോൾ അപ്പനോട് പരിഭവമായി പറഞ്ഞു.

"അവരുടെ ആരാധനയിൽ ഹൃദയത്തെ സ്വപർശിക്കുന്ന ഒരു ഗീതം പോലുമില്ലല്ലോ?"

ദൈവത്തെ പാടി സ്തുതിക്കുന്നത് നമ്മെ സ്വർഗ്ഗത്തോട് അടുപ്പിക്കുന്ന ഭാഗമാണെന്നും ആ മകൻ പറഞ്ഞു. മകന്റെ ഈ അഭിപ്രായത്തോട് ഇഷ്ടപ്പെടാഞ്ഞ പിതാവ് കുറ്റപ്പെടുത്തുന്നതിലും ഭേദം നല്ല ഗാനങ്ങൾ രചിച്ച് നൽകുന്നതാണെന്നും പറഞ്ഞു. തന്റെ പിതാവിന്റെ ഈ വാക്കുകൾ ഐസക് വാട്സ് ഒരു വെല്ലുവിളിയായി സ്വീകരിച്ചു.

ഈ സംഭവത്തോടെ ഐസക് വാട്സ് ക്രിസ്തീയ ഗാനരചനയിലേക്കു തിരിഞ്ഞു. 33-ാം വയസ്സിൽ വാട്സ് ആദ്യമായി രചിച്ച ഗാനമാണ് "മഹത്വപ്രഭു മരിച്ച ആശ്ചര്യ കുരിശേ" എന്ന ഗാനം. 1719-ൽ 45-ാം വയസ്സിൽ വാട്സ് വീണ്ടും മറ്റൊരു ഗാനം രചിച്ചു. "ഇന്നയോളം തുണച്ചോനെ ഇനിയും തുണയ്ക്ക..." - ഇതാണ് ആ പ്രസിദ്ധ ഗാനം.

ചില നാളുകൾ രോഗശയ്യയിലായിരുന്ന വാട്സ് 1748 നവംബർ 25-ന് ഇഹലോകവാസം വെടിഞ്ഞു.

ഇംഗ്ലീഷ് ഭാഷയിൽ ക്രിസ്തീയ ആരാധനാഗാനങ്ങൾക്ക് തുടക്കമിട്ട പ്രതിഭാശാലിയായ ഗാനരചയിതാവായിരുന്നു ഐസക് വാട്ട്സ്. അതിനുമുമ്പ് ആരാധനകളിൽ സങ്കീർത്തനഭാഗങ്ങളായിരുന്നു പാടിയിരുന്നത്. എന്നാൽ ഐസക് വാട്സിന്റെ ഗാനങ്ങൾ ആ കുറവ് നികത്തുകയും ഇംഗ്ലീഷ് ഭാഷയിൽ ഒരു പുതിയ ക്രിസ്തീയ ഗാനശാഖ രൂപപ്പെടുകയും ചെയ്തു.

വേദുപുസ്തക ഭാഗമായ സങ്കീർത്തനങ്ങൾ ധ്യാനിച്ച് ഗാനമെഴുതിയ വാട്സ് കുതിര കുളമ്പടി ശബ്ദത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടും ഗാനരചന നടത്തുകയായിരുന്നു.

ദൈവത്തിന്റെ ഭക്തന്മാരുടെ ഹൃദയം ശുഭവചനത്താൽ നിറയുമ്പോഴാണ് രാജാവിനുവേണ്ടിയുള്ള ഉത്തമ രചനകൾ ഉണ്ടാകുന്നത്. വയലിലെ താമരയും കരയുന്ന കാക്കയും ആകാശമണ്ഡലത്തിലെ നക്ഷത്രജാലങ്ങളും ഇടിമുഴക്കവും കടൽ ഗർജ്ജനവും ദൈവ പ്രവൃത്തിയുടെ അത്ഭുത സംഭവങ്ങളായി പ്രമേയവത്ക്കരിക്കപ്പെടുന്നു. പൂവിലും പൂമ്പാറ്റയിലും മഞ്ഞു കണികയിലും അവർ ദൈവമഹത്വം ദർശിക്കുന്നു. ഭക്തനായ ഐസക് വാട്സ് കുതിര കുടമ്പടിയൊച്ചയിൽ ആത്മപ്രചോദിതനായി ഒരു അനശ്വര ഗാനത്തിന് പിറവി നൽകുകയായിരുന്നു.

## മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു
### വരിസംഖ്യ തന്നു സഹകരിക്കുക

ബിലീവേഴ്സ് ജേണലിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുന്ന ജോലി നടന്നു വരുന്നു. പുതുക്കാത്തവർ വരിസംഖ്യ തന്ന് സഹകരിക്കുവാൻ ആഭ്യർത്ഥിക്കുന്നു. വരിസംഖ്യ കൊണ്ട് മാത്രമാണ് ജേണലിന്റെ പ്രസദ്ധീകരണം നടക്കുന്നതെന്ന് മാന്യവായനക്കാർ മനസിലാക്കുമല്ലോ; വരിസംഖ്യ അടക്കാത്തവർക്ക് മാർച്ച് മാസം കൂടി മാത്രമേ പത്രം അയയ്ക്കുകയുള്ളൂ. വാർഷിക വരിസംഖ്യ 100/- രൂപ. യു.എസ്. എ. 30 ഡോളർ, യു.കെ. - 15 പൗണ്ട്, ഗൾഫ് - 1000/- രൂപ, ആയുഷ്കാല വരിസംഖ്യ ഇന്ത്യയിൽ - 1000/-രൂപ

Believers Journal
P.O. Box No: 31, Manjdi.P.O.,
Thiruvalla - 689 105, Kerala, India

പ്രതിവാരചിന്തകൾ



റവ. ബേബി വർഗീസ്

# ദൈവത്തിന്റെ പരവതാനി

മനോഹരമായ പരവതാനികൾ നിർമ്മിക്കുന്ന ശാലയിലേക്ക് സന്ദർശകൾ ചെന്നത് നെയ്ത്തിന്റെ ഭംഗി കാണാനാണ്. എന്നാൽ അവിടുത്തെ ജോലി കണ്ട സന്ദർശകന് അത്ഭുതമടക്കുവാൻ കഴിഞ്ഞില്ല. മനോഹരമായ പരവതാനികൾ നിർമ്മിക്കുന്നതിന് പകരം കുറേ ചകിരി നാരുകളാണ് അവിടെ നെയ്യുന്നത്. ഈ ചകിരിനാരുകൾക്ക് ഭംഗിയില്ലെന്ന് മാത്രമല്ലവളരെ പരുപരുത്തതുമാണ്.

ഇത്രയ്ക്ക് വിരൂപമായ പരവതാനി ആര് വാങ്ങിക്കും ? ഇത്തരം പരുപരുത്ത ചകിരി നാരുകൾ കൊണ്ടുണ്ടാക്കുന്ന പരവതാനിയിലൂടെ എങ്ങനെ നടക്കും ? എന്തിനാണ് ഇങ്ങനെയുള്ള പരവതാനി നിർമ്മിക്കുന്നത്? ചോദ്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽ ഉരുണ്ടുകൂടിയപ്പോൾ സംശയനിവാരണത്തിനായി നെയ്ത്തുകാരനോട് ചോദിച്ചു. അല്പം കാത്തിരിക്കൂ എന്നായിരുന്നു നെയ്ത്തുകാരന്റെ മറുപടി.

നാരുകൾ മുഴുവൻ കോർത്തിണക്കി നാലു വശവും തുന്നിയതിന് ശേഷം ആ പരവതാനി മറിച്ചിട്ടു. അദ്ഭുതം ! ഏറ്റവും ഭംഗിയുള്ള പരവതാനി. പല വർണ്ണങ്ങളിലുള്ള നാരുകൾ പരവതാനിയിൽ വർണ്ണചിത്രങ്ങൾക്ക്രൂപം കൊടുത്തിരിക്കുന്നു. സന്ദർശകന് പരവതാനിയിൽ നിന്നും കണ്ണുകളെടുക്കാൻ നിമിഷങ്ങൾ വേണ്ടി വന്നു. വാസ്തവത്തിൽ നെയ്ത്തുകാരൻ നെയ്തിരുന്നത് അതിന്റെ മറുപുറത്തായിരുന്നു. ഒരു ദൈവപൈതലിന്റെ ജീവതത്തിലും ദൈവം പ്രവർത്തിക്കുന്നത് ഇങ്ങനെയാണ്. അവൻ നമ്മുടെ ജീവിതം അനുദിനം നെയ്യുകയാണ്. വലിയ നെയ്ത്തുകാരന് തെറ്റുകൾ സംഭവിക്കാറില്ല. ചിലപ്പോൾ നെയ്ത്തിന്റെ കലാഭംഗി വർദ്ധിപ്പിക്കേണ്ടതിന് മറുവശത്ത് നെയ്യേണ്ടി വന്നേക്കാം. അങ്ങനെ മറിച്ചിടുന്നത് പരവതാനിയുടെ ഭംഗിക്കും ഉറപ്പിനും വേണ്ടിയാണ്. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നന്മയ്ക്കാണ്. അതിനായി കാത്തിരിക്കുക.

പ്രശസ്തനായ ഒരു ചിത്രകാരൻ ഒരുകൊച്ചു കുഞ്ഞിന്റെ ചിത്രം വരയ്ക്കുകയായിരുന്നു. കാൻവാസെല്ലാം ഒരുക്കിയതിന് ശേഷം ഈ കുഞ്ഞിനെ ഒരു പ്രത്യേക പോസിൽ ഇരുത്തി വരയ്ക്കാൻ ആരംഭിച്ചു.

സമയം പിന്നിട്ടു. അക്ഷമനായ കുഞ്ഞ് സ്ഥാനം മാറിയപ്പോൾ ചിത്രകാരൻ അടുത്ത് വന്നു പഴയ പോസിൽ തന്നെ ഇരുത്തുവാൻ ശ്രമിച്ചു. പക്ഷെ കുഞ്ഞിന് ധൃതിയായിരുന്നു. അവൻ വാശിപിടിച്ചു കരഞ്ഞതിനാൽ ചിത്രകാരന് ആ ചിത്രം പൂർത്തീകരിക്കാനായില്ല. അവ്യക്തമായ ചിലരേഖകൾ മാത്രം കാൻവാസിൽ അവശേഷിച്ചു.

നമ്മുടെ ജീവിതത്തെ പുതിയ രൂപത്തിൽ വരയ്ക്കുവാൻ ആഗ്രഹിക്കുന്ന വലിയ ചിത്രകാരനാണ് സ്വർഗസ്ഥനായ ദൈവം. ചില പ്രത്യേക സ്ഥാനങ്ങളിൽ നാം ഇരിക്കേണ്ടി വരുന്നത് ദൈവത്തിന്റെ പ്രത്യേക കാൻവാസിൽ നമ്മെ പകർത്തുവാനാണ്. ഒരേ സ്ഥാനത്തുള്ള ഇരുപ്പ് നമ്മെ അക്ഷമരാക്കിയെന്ന് വരാം. എന്നാൽ ചിത്രരചന പൂർത്തിയാക്കുന്നത് വരെ ക്ഷമാശീലരായിരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ചിത്രരചന പരാജയപ്പെടും.

സർവ്വവ്യാപിയും സർവ്വശക്തനുമായ ദൈവം തിരഞ്ഞെടുത്ത പരവതാനികളും മോഡലുകളുമാണ് നാം. എന്നാൽ കൂടുതൽ തിളക്കത്തിന് വേണ്ടി പലവിധ പ്രക്രിയയിൽ കൂടെ കടന്നുപോകുമ്പോഴും ഓർക്കുക. ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാ നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്നു.

# പിശാചിനോട് എതിർത്തു നിൽക്കുക

യുവജന പംക്തി



ബിനു ജോസഫ് വടശ്ശേരിക്കര

ഇരുളും വെളിച്ചവും എന്ന പോലെ ദൈവശക്തിയും പിശാചിന്റെ ശക്തിയും ലോകത്തിൽ പ്രവർത്തിക്കുന്നു. നന്മയും അനുഗ്രഹവും നൽകാൻ ദൈവം ആഗ്രഹിക്കുമ്പോൾ തിന്മയുടെയും അസമാധാനത്തിന്റെയും ഉറവിടമാണ് സാത്താൻ. യേശു പറയുന്നു; "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്"(യോഹ.10:10). പിശാചിന്റെ ഉറവിടം ദൈവത്തിൽ നിന്നാണോ? എന്ന് ചിലർ ചോദിക്കാം. ദൈവത്തിന്റെ ദൂതന്മാരിൽ അഗ്രഗണ്യനായിരുന്ന ലൂസിഫർ ദൈവത്തെക്കാളും വലിയവനാകുവാൻ ഭാവിക്കുക വഴി ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ട് തിന്മയുടെ ഉറവിടമായി തീർന്നു. ഇന്ന് ലോകത്തിൽ നടമാടുന്ന എല്ലാ തിന്മയും പിശാചിൽ നിന്നാണ്. ദൈവത്തിൽ അല്പം പോലും ഇരുളില്ല, എന്നാൽ പിശാച് ഇരുളാണ്.

പിശാച് നമ്മെ കീഴ്പെടുത്തുന്നത് എങ്ങനെയാണ് എന്ന് അനേകർക്കും അറിയില്ല. രണ്ടു കൊമ്പും വാലുമായി പിശാച് വരും എന്ന് പറഞ്ഞാൽ അത് അവിശ്വസനീയം തന്നെ. ദൈവവചനം പറയുന്നു; "നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു"(1പത്രോ.5:8). ഇവിടെ പിശാചിനെ അലറുന്ന സിംഹത്തോടാണ് താരതമ്യം ചെയ്യുന്നത്.

സിംഹം സാധാരണ അലറുന്നത് ആഹാരത്തിനു വേണ്ടിയോ ആഹാരം കഴിഞ്ഞു തൃപ്തിയടയുമ്പോഴോ ആണ്. ഒരു സിംഹവും ഒരിക്കൽ പോലും തന്റെ ഇരയെ പിടിക്കുവാനായി അലറി അടുക്കാറില്ല. പിശാച് നമ്മെ ആക്രമിക്കുന്നത് നിശബ്ദമായാണ്. ഒരു ഇരയെ കണ്ടാൽ സിംഹം പതുങ്ങിയിരുന്ന് അതിനെ കീഴ്പെടുത്തുന്നതുപോലെ പിശാച് നമ്മെയും കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്നു. എന്നാൽ പിടിച്ച് കഴിഞ്ഞാൽ അവൻ അലറുന്നതു സിംഹം പോലെയാണ്.

ഒരു പക്ഷേ ഒരു ചെറിയ ചിന്ത നമ്മുടെ ഉള്ളിൽ പിശാച് വിതക്കാം. അല്ലെങ്കിൽ നമ്മെ നിരാശപ്പെടുത്തുകയോ, ഭയപ്പെടുത്തുകയോ ചെയ്യാം. നമ്മുടെ ഉള്ളിൽ ഇട്ടിരിക്കുന്ന ആ ചിന്തകൾ വളർന്നു നമ്മെ കീഴ്പ്പെടുത്തുമെന്ന് പിശാചിനറിയാം. ആ ചെറിയ വിത്ത് നമ്മുടെയും ഉള്ളിൽ വിതച്ചിട്ട് പിശാച് മാറി വിശ്രമിക്കും. എന്നാൽ ആ വിത്ത് വളർന്ന് ദേഷ്യമായി നിരാശയായി, തെറ്റായ പ്രവൃത്തിയായി തീരാം, ഇപ്പോൾ പിശാച് നമ്മെ കീഴ്പ്പെടുത്തി കഴിഞ്ഞിരിക്കുന്നു. പിശാചിനാണ് ലോകത്തിൽ ഏറ്റവും കൂടുതൽ ക്ഷമയുള്ളത്. കാരണം എത്ര കാലം വേണമെങ്കിലും തന്റെ ഇരയ്ക്കായി കാത്തിരിക്കുവാൻ അവൻ തയ്യാറാണ്.

എഫെ.6:10 ൽ പൗലോസ് അപ്പൊസ്തലൻ പറയുന്നു: "പിശാചിന്റെ തന്ത്രങ്ങളെ നിങ്ങൾ അറിയാത്തവർ അല്ലല്ലോ" പിശാചിനോട് എതിർത്തു നിൽക്കേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുക" എന്നെല്ലാമാണ് ഈ സർവ്വായുധവർഗ്ഗങ്ങൾ, നീതി, വിശ്വാസം, രക്ഷ, പ്രാർത്ഥന, സുവിശേഷത്തിനായുള്ള ഒരുക്കം, ദൈവവചനം തുടങ്ങിയവയാണ്.

**പിശാച് ആക്രമിക്കുന്നത്**

അപ്പോൾ പിശാച് ആക്രമിക്കുന്നത് വളരെ സൂക്ഷ്മമായാണ്. നമ്മുടെ ബലഹീനത നമ്മെക്കാൾ നന്നായി അറിയുന്നത് പിശാചിനാണ്. അവൻ അവിടെയാണ് തന്റെ വിത്തു വിതയ്ക്കുന്നത്. പിശാചിന്റെ ചില അക്രമമുറകൾ, നിരാശ, കുറ്റബോധം, ഭയം, അക്ഷമ, അലസത, കോപം, വൈരാഗ്യചിന്ത, പരാജയഭീതി, ദുർനടപ്പ് തുടങ്ങി യവയാണ്. ഓരോ സമയത്തും വ്യത്യസ്തങ്ങളായ ആയുധങ്ങളാണ് സാത്താൻ ഉപയോഗിക്കുന്നത്. ചിലപ്പോൾ സാത്താൻ ദൈവദൂതന്റെ വേഷത്തിലും നമ്മെ സമീപിക്കാം. എന്നാൽ വഞ്ചിക്കപ്പെടരുത്.

പിശാചിനെ തോല്പിക്കാനുള്ള ഏറ്റവും പ്രധാന ആയുധം. പിശാചിനോട് എതിർത്തു നിൽക്കുക എന്നതാണ്. യാക്കോബിന്റെ ലേഖനം 4:8 ൽ പറയുന്നു. പിശാചിനോട് എതിർത്തു നില്പീൻ. എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. പലപ്പോഴും നാം പിശാചിന്റെ തന്ത്രങ്ങളിലേക്ക് ഓടിയടുക്കുന്നവരാണ്. എന്നാൽ ദൈവവചനം പറയുന്നത് പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്ക്കുവാനാണ്. എതിർത്തു നിൽക്കുക വഴി നാം അവനെ തോല്പിക്കുകയാണ്. സാധാരണ പട്ടിയെ കണ്ടാൽ പേടിച്ച് ഓടുന്നവരുണ്ട്. പേടിച്ച് ഓടുന്നവരെ കാണുമ്പോൾ പട്ടിക്ക് സന്തോഷമാണ്. പട്ടി അവരുടെ പുറകേ ഓടും. എന്നാൽ പട്ടിക്കെതിരെ ഒന്നു തിരിഞ്ഞ് നിന്നാലോ? പട്ടി എവിടേക്കോ ഓടി രക്ഷപ്പെടും. ഇങ്ങനെയാണ് പിശാചിനോടും പ്രതികരിക്കേണ്ടത്.

ഇന്നത്തെ ആരാധനകളിലും സഭകളിലും പിശാചിനെ ഉയർത്തുകയും ഭയപ്പെടുകയും ചെയ്യുന്നവരുണ്ടോ എന്നു സംശയിക്കേണ്ടിരിക്കുന്നു. പിശാചിന്റെ നാമം വെറുതെ എടുക്കുകയും വിശ്വാസികളെ ഭയപ്പെടുത്തുവാനുള്ള മാദ്ധ്യമവുമാക്കി തീർക്കുകയും ചെയ്താൽ അവൻ സന്തുഷ്ടനാണ്. ക്രൈസ്തവാരാധനകൾ പിശാചിനെ ഉയർത്തുവാനല്ല, മറിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാനാണ്.

ചിലന്തി വല കെട്ടുന്നതു ശ്രദ്ധിച്ചാൽ അറിയാം എങ്ങനെയാണ് പിശാചും നമ്മെ കീഴടക്കുവാൻ ശ്രമിക്കുന്നതെന്ന്. നമ്മെ വീഴ്ത്തുവാൻ കഴിയുമെന്ന് ഉറപ്പുള്ള വഴിയിൽ വല മെനഞ്ഞ് പിശാച് കാത്തിരിക്കും. ഒരിക്കൽ നാം അതിൽ വീണുവെന്ന് പിശാചിന് ഉറപ്പായാൽ ഒരു ചിലന്തി വലയിൽ വീണ ഇരയെ കെട്ടിവരിയും പോലെ പിശാച് നമ്മെയും കീഴ്പ്പെടുത്തും. അതുകൊണ്ടാണ് കൊരിന്ത്യസഭയോട് പൗലോസ് പറയുന്നത്, "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്നു ഭയപ്പെടുന്നു" (2കൊരി.11:3) എന്ന്.

പിശാചിനെ ഭയക്കുന്നത് ഒഴിവാക്കി ദൈവത്തെ ഭയക്കുക. പിശാചിനോട് എതിർത്ത് നിൽക്കുവാനായി ദൈവവചനം അനുശാസിക്കുന്ന ആയുധങ്ങളും ധരിക്കുക. നിങ്ങൾക്ക് അതിജീവിക്കാൻ കഴിയും.

ഭയം ഉള്ളിൽ വരുമ്പോൾ, നിരാശ കീഴടക്കുമ്പോൾ നമ്മെ കരം പിടിച്ച് നടത്തുന്ന ഒരു കർത്താവുണ്ടെന്ന് ഹൃദയത്തോട് വീണ്ടും പറയുക. അസാദ്ധ്യമെന്നു സാത്താൻ പറയുമ്പോൾ സാദ്ധ്യം എന്ന് വിശ്വാസം പറയുന്നു.

സൗഖ്യമില്ലെന്ന് പിശാച് പറയുമ്പോൾ, "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു" എന്ന് ഹൃദയത്തോട് പറയുക. വിശ്വസിക്കുക. ദൈവത്തിൽ ആഴമായി വിശ്വസിക്കുക. അപ്പോൾ സാത്താൻ പരാജയപ്പെടും.

നിങ്ങളുടെ ഉള്ളിൽ ഭയമോ രോഗചിന്തകളോ പിശാച് ഇടുമ്പോൾ സ്വയം പറയണം ഭയത്തിന് ഞാൻ കീഴടങ്ങുകയില്ല, കാരണം യേശുവാണ് എന്റെ സംരക്ഷകൻ. ഇന്നത്തെ പലരും രോഗികളാകുന്നത് സ്വയം ചിന്തിച്ച് ഉണ്ടാക്കുന്നതാണ്. തലവേദന വന്നാൽ ബ്രെയിൻ ട്യൂമറായും കാലിനു വേദന വന്നാൽ തളർന്നുപോകുവാനാണെന്നും നെഞ്ചു വേദന 'അറ്റാക്ക്' ആണെന്ന ചിന്തിച്ച് ഭയപ്പെടുന്നവർ അനേകരാണ്. ചിലർക്ക് ആശുപത്രിയിൽ പോയി പരിശോധിക്കുവാൻ തന്നെ ഭയമാണ്. 'വല്ല കാൻസറും ആണെന്ന് ഡോക്ടർ പറഞ്ഞാൽ ഞാൻ എങ്ങനെ സഹിക്കും' എന്നാണ് ഇവരുടെ ഭയം.

ദൈവവചനം പറയുന്നു തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു (1യോഹ.4:18). നിങ്ങൾക്ക് ഭയം ഉണ്ടാക്കുന്നത് ദൈവമല്ല നിങ്ങളും നിങ്ങളുടെ ചിന്തകളുമാണ്. ചിന്തകളിൽ പിശാചിന് ഇടം കൊടുക്കുമ്പോൾ അവൻ ഹൃദയത്തെ കീഴടക്കും. പിശാചിന് ഇടം കൊടുക്കരുത് എന്ന് അതുകൊണ്ടാണ്

ശേഷം പേജ്: 08

# പ്രവർത്തനോദ്ഘാടനം

**മലപ്പുറം:** ഐ. പി. സി. മലബാർ മിഷൻ പുതിയ വർഷത്തെ പ്രവർത്തോദ്ഘാടനം മാർച്ച് 16 നു 10 മണിക്കു മഞ്ചേരി ഉൽബിഷാരാ ഓഡിറ്റോറിയത്തിൽ പാസ്റ്റർ ഫിലിപ്പ്. പി. തോമസ് നിർവ്വഹിച്ചു. പാലക്കാട് മുതൽ കാസർഗോഡുവരെയുള്ള എല്ലാ ജില്ലകളിലെയും സെന്റർ പാസ്റ്റർമാരും ഏരിയാ കൺവീനർമാരും പ്രതിനിധികളും പങ്കെടുത്തു. മലബാറിലെ ഐ. പി. സി. പ്രവർത്തനം കഴിഞ്ഞ നാളുകളിൽ മുഖ്യമായും മലയോര പ്രദേശങ്ങളിൽ കേന്ദ്രമാക്കിയായിരുന്നുവെങ്കിൽ ഐ. പി. സി. സഭകളില്ലാത്ത പട്ടണങ്ങളിൽ സഭാ പ്രവർത്തനം നടത്തുകയാണു പുതിയ വർഷത്തെ ലക്ഷ്യമെന്നു സെക്രട്ടറി ബ്രദർ ജോർജ്ജ് തോമസ് പറഞ്ഞു. മലബാർ മിഷൻ ചെയർമാൻ പാസ്റ്റർ ജോൺ ജോർജജ്, പാസ്റ്റർ കെ. ജി. പുന്നൂസ്, ബ്രദർ റ്റി. സി. മാത്യു തുടങ്ങിയവർ മീറ്റിംഗിനു നേതൃത്വം നൽകി.

## സുവിശേഷ പ്രവർത്തനം

**തടിയൂർ:** ഇന്ത്യാ ഗോസ്പൽ ടീം സെന്റട്രൽ സോൺ സുവിശേഷപ്രവർത്തനം ഫെബ്രുവരി 15 -17 വരെ തെള്ളിയൂർ ഐ. പി. സി. ബഥേൽ സഭ കേന്ദ്രമാക്കി നടന്നു. ഭവനസന്ദർശനം, ട്രാക്ട് വിതരണം, പരസ്യയോഗം, രാത്രി പൊതുയോഗം എന്നിവയുണ്ടായിരുന്നു. ഇവാ. ഐസക് കോശി, പാസ്റ്റർമാരായ എം. രാജു, പി.റ്റി. ബേബി, മാമ്മൻ മാത്യു എന്നിവർ പൊതുയോഗങ്ങളിൽ പ്രസംഗിച്ചു. പാസ്റ്റർ സൈമൺ വർഗീസ് നേതൃത്വം നൽകി.

# ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരിയിൽ ക്ലാസ്സുകൾ ഏപ്രിൽ 2 ന് ആരംഭിക്കുന്നു

**വെച്ചൂച്ചിറ:** ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരിയുടെ 2010- 11 അദ്ധ്യയന വർഷത്തിലെ ക്ലാസ്സുകൾ ഏപ്രിൽ 2-ന് ആരംഭിക്കുന്നു. അമേരിക്കയിലെ വെർജീനിയിലുള്ള ഇന്റർനാഷണൽ ക്രിസ്ത്യൻ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ സെമിനാരിയ്ക്ക് ലഭിച്ചതായി ഡയറക്ടർ റവ. വി. പി. ജോസ് പ്രിൻസിപ്പാൾ, പാസ്റ്റർ പി. എസ്. വർഗീസ് എന്നിവർ അറിയിച്ചു. ഇവിടെ വിജയകരമായി പഠനം പൂർത്തിയാക്കുന്നവർ ഉപരിപഠനത്തിന് യൂണിവേഴ്സിറ്റിയുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കുമെന്നും ചുമതലക്കാർ അറിയിച്ചു.

## കൺവൻഷൻ

**കുമളി :** പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇൻഡ്യ ഇടുക്കി ജില്ലാ ഘടകത്തിന്റെ ആഭിമുഖ്യത്തിൽ സുവിശേഷ യോഗം നടത്തുന്നു. ഏപ്രിൽ 8 മുതൽ 11 വരെ വൈകിട്ട് 6 മുതൽ 9 വരെ നടക്കുന്ന യോഗം പാസ്റ്റർ സി. ഇ. ബേബിയുടെ അദ്ധ്യക്ഷതയിൽ പാസ്റ്റർ ഒ. സജിമോൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് പി. സി. ഐ. ദേശീയ പ്രസിഡന്റ് തോമസ് വടക്കേകുറ്റ്, സുവിശേഷകൻ റെന്നി ജോർജ്ജ്, പാസ്റ്റർമാരായ ഇ. എ. ജോർജ്ജ്, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിക്കും. കോട്ടയം ഇമ്മാനുവേൽ ഗോസ്പൽ വോയ്സ് ഗാനങ്ങൾ ആലപിക്കും. യോഗത്തിന്റെ വിജയത്തിനായി പാസ്റ്റർ പി. ജെ. യേശുദാസ് രക്ഷാധികാരിയും, പാസ്റ്റർ ബാബു വർഗീസ്- ചെയർമാൻ, സി. ഇ. ബേബി - വൈസ് ചെർമാൻ, സണ്ണി ഇലഞ്ഞിമറ്റം- സെക്രട്ടറി, കുര്യൻ ഏബ്രഹാം - കോഒർഡിനേറ്റർ, ജോ തോമസ് - ജനറൽ കൺവീനർ എന്നിവരടങ്ങുന്ന 17 അംഗകമ്മറ്റിയെ തെരഞ്ഞെടുത്തു.

# ഗ്രാമ സുവിശേഷീകരണവുമായി മിഷൻ ഫോർ ഇൻഡ്യ

**മാനന്തവാടി:** ഭാരത സുവിശേഷീകരണ രംഗത്ത് അതിദ്രുതവും കൃത്യവുമായ ചുവടുവയ്പുമായി ഷാലോം മിഷൻ ഇന്റർനാഷണൽ മിഷൻ ഫോർ ഇൻഡ്യാ പ്രോജക്ടുമായി മുന്നോട്ട്. ഇപ്പോൾ വയനായ് ജില്ലയിലെ ഓരോ പഞ്ചായത്തുകളും സുവിശേഷീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ടീമായി സുവിശേഷകരെ അയച്ചു കൊണ്ട് പ്രവർത്തിക്കുന്നു. മാനന്തവാടി പഞ്ചായത്തിന്റെ സുവിശേഷീകരണം പൂർത്തിയാക്കിയനന്തരം അടുത്ത പഞ്ചായത്തായ തിരുനെല്ലിയിലെ പ്രവർത്തനങ്ങൾ 8-ാം തീയതി ആരംഭിച്ചു. മാനന്തവാടിയിലെ മാർച്ച് 2,3,4 തീയതികളിലായി കൺവൻഷനുകൾ ക്രമീകരിക്കയും പ്രസ്തുത യോഗത്തിൽ വച്ച് മാനന്തവാടിയിലെ പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം കൊടുത്ത ശുശ്രൂഷകരെ പ്രത്യേകം ആദരിക്കുകയുണ്ടായി. ഷാലോം മിഷൻ സ്കൂൾ ഓഫ് തിയോളജിയിൽ നിന്നും ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികളും തങ്ങളുടെ മിഷൻ ഔട്ട് റീച്ചിന്റെ ഭാഗമായി, പാസ്റ്റർമാരായ ശശിപോളിന്റെയും, സി.ജെ. തോമസിന്റെയും നേതൃത്വത്തിൽ തിരുനെല്ലിയിലെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. അവരോട് ചേർന്ന് എല്ലാ സഭകളിൽ നിന്നുമുള്ള ശുശ്രൂകന്മാരും സുവിശേഷ തല്പരരായ വിശ്വാസികളും മിഷൻ ഫോർ ഇൻഡ്യാ വയനാടു പ്രൊജക്ടിൽ പ്രവർത്തിക്കുന്നു മാനന്തവാടി പഞ്ചായത്തിലെ പ്രവർത്തനഫലമായി രക്ഷയിലേക്കു കടന്നുവന്നവരെ അതതു പ്രദേശത്തുള്ള സഭകളിലേക്കു നയിക്കുകയുണ്ടായി. എല്ലാ സഭക്കളെയും ചേർത്തിണക്കികൊണ്ടു സഭൈക്യ പുരോഗതിയിലൂടെ മാത്രം നേടിയെടുക്കാൻ കഴിയുന്ന ദർശനമാണ്. ഗ്ലോബൽ ഔട്ട് റീച്ചിന്റെ (GO) ഭാഗമായ മിഷൻ ഫോർ ഇൻഡ്യയുടേതെന്ന് (SMI) പ്രസിഡന്റ് പാസ്റ്റർ സണ്ണി വാകത്താനം പറയുകയുണ്ടായി.

# കൺവൻഷനും മിഷനറി സമ്മേളനവും

**ഒറീസ്സാ:** ഷാലോം മിഷൻ ഇന്റർനാഷണലിന്റെ ഒറീസ്സായിലുള്ള സഭകളുടെ കൺവൻഷനും മിഷനറി സമ്മേളനവും മാർച്ച് 20,21 തീയതികളിൽയി നടത്തപ്പെടും. ഇരുപത്തിയേഴു സഭകളും നൂറിലധികം മിഷൻ ഫീൽഡുകളും ഇവിടെ SMI യോടു ചേർന്നു പ്രവർത്തിക്കുന്നു. പ്രവർത്തനങ്ങൾക്കു പാസ്റ്റർ പ്രഭാഷ് ഗണ്ടു നേതൃത്വം നൽകുന്നു . ആയിരക്കണക്കിനു പ്രദേശവാസികളായ വിശ്വാസികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന കൺവൻഷനിൽ SMI പ്രസിഡന്റ് പാസ്റ്റർ സണ്ണി വാകത്താനം വചനശുശ്രൂഷ നിർവ്വഹിക്കും. മിഷനറി സമ്മേളനങ്ങൾക്ക് പാസ്റ്റർ ഗീവർഗ്ഗീസ് (ഗുജറാത്ത്) നേതൃത്വം കൊടുക്കും.

# ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കാസർഗോഡ് ഡിസ്ട്രിക്റ്റ് കൺവൻഷൻ

**കാസർഗോഡ്:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭയുടെ കാസർഗോഡ് ഡിസ്ട്രിക്റ്റ് കൺവൻഷൻ 2010 ഏപ്രിൽ 15-18 വരെ തീയതികളിൽ പയ്യന്നൂർ ചാരിറ്റബിൾ സൊസൈറ്റി ഹാളിൽ (പുതിയ ബസ് സ്റ്റാന്റ്) നടക്കും. റവ. എം. കുഞ്ഞപ്പി (സ്റ്റേറ്റ് ഓവർസിയർ), റവ. പി. സി. ചെറിയാൻ (സി. ജി. എം. ഡയറക്ടർ), റവ. പി. ജെ. ജയിംസ് (എഡ്യൂക്കേഷൻ ഡയറക്ടർ) എന്നിവർ പ്രസംഗിക്കും, കാൽവറി വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ പി. വി. മാത്യു (ഡിസ്ട്രിക്റ്റ് കോർഡിനേറ്റർ), പാസ്റ്റർ ബെന്നി സാമുവേൽ, പാസ്റ്റർ ജോമോൻ ജോസ് എന്നിവർ കൺവീനേഴ്സായി പ്രവർത്തിക്കുന്നു.

# അദ്ധ്യാപകരെ ആദരിച്ചു

**കോട്ടയം:** ഐ. പി. സി. സണ്ടേ സ്കൂൾസ് അസോസിയേഷൻ കോട്ടയം സോണലിന്റെ ആഭിമുഖ്യത്തിൽ 30 വർഷം തുടർച്ചയായി പ്രവർത്തിച്ച അദ്ധ്യാപകരെ ആദരിച്ചു. ഫെബ്രുവരി 28 നു കഞ്ഞിക്കുഴി ഫിലദൽഫിയയിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ വർഗീസ് മത്തായി മുഖ്യസന്ദേശം നൽകി. സണ്ടേ സ്കൂളിലെ ആദ്യകാല പ്രവർത്തകരായ പാസ്റ്റർമാരായ പ്രൊഫ. റ്റി. സി. കോശി, പി.കെ. ഏബ്രഹാം, എ.റ്റി. ജോർജ്ജ്, ഇ. എ. മോസസ് എന്നിവർ ആദ്യകാലാനുഭവങ്ങൾ പങ്കുവെച്ചു. പാസ്റ്റർമാരായ കെ. സി. ചെറിയാൻ, കെ. ഇ. തോമസ്, ഫിലിപ്പ് കുറിയാക്കോസ് എന്നിവർ പ്രസംഗിച്ചു.ജോർജ്ജ്. കെ. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. സജി നടുവത്ര സ്വാഗതവും ജോൺമാത്യു നന്ദിയും പറഞ്ഞു.

Website
www.beljourn.com

## ചോദ്യോത്തര വേദി



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

# വ്യാപാരികളുടെ മുഴുരാത്രി പ്രാർത്ഥന

ചോദ്യം: ഞങ്ങളുടെ പ്രാർത്ഥനാ ഗ്രൂപ്പിലെ മിക്ക അംഗങ്ങളും വ്യാപാരികളും വ്യവസായികളുമാണ്. പ്രാർത്ഥനയിൽ എല്ലാവർക്കും താല്പര്യമാണ്. ഈ ദേശത്തെ ആത്മീയ ഉണർവ്വിനുവേണ്ടി ആഴ്ചയിലൊരു രാത്രി മുഴുവൻ പ്രാർത്ഥിക്കുന്നവരുമാണ്. നാളുകൾ ഏറെയായിട്ടും പ്രകടമായ വിത്യാസമൊന്നും പ്രാർത്ഥനകൊണ്ട് ഉണ്ടായിട്ടില്ല. എന്തുകൊണ്ടാകണം?

ജോണി, ഏറ്റുമാനൂർ

ഉത്തരം: പ്രാർത്ഥനകൊണ്ട് നാട്ടിൽ പ്രകടമായ വിത്യാസമൊന്നും കണ്ടില്ലെങ്കിലും, പ്രാർത്ഥനയ്ക്കുള്ള പ്രേരണ പരിശുദ്ധാത്മാവ് ആണ് തന്നിട്ടുള്ളതെങ്കിൽ, ഭരണവും (രാജ്യവും) സ്തുതിയും മഹത്വവുമെല്ലാം ദൈവത്തിനുള്ളതിനാൽ, പ്രാർത്ഥനക്കാർ നിരാശപ്പെടേണ്ട കാര്യമില്ല. ബർമ്മയിൽ സുവിശേഷവേല ചെയ്ത അഡോണിറാം ജഡ്സൺ (1788 -1850) ബർമ്മീസ് ഭാഷ പഠിച്ച് വേദപുസ്തകം പരിഭാഷപ്പെടുത്തി കൊണ്ട് നടത്തിയ സുവിശേഷവേലയിൽ 15 പേർമാത്രമേ 20 വർഷങ്ങൾക്കൊണ്ട് രക്ഷാനിർണ്ണയം പ്രാപിച്ചുള്ളു. ബർമ്മീസ് ഗവർമെന്റ് അദ്ദേഹത്തെ ചാരനായി ആരോപിച്ച് രണ്ടു വർഷത്തോളം ജയിലിട്ടു. ബുദ്ധിമുട്ടേറിയ ആ കാലഘട്ടത്തിൽ വിശ്വാസിയായ ഭാര്യ ആൻ ജഡ്സണും മകനും പോഷണക്കുറവുകൊണ്ടും പട്ടിണികൊണ്ടും മരിച്ചു. ജഡ്സൺ അമേരിക്കയിലേക്ക് പോകുന്ന കപ്പൽ യാത്രയിൽ മരിച്ചു. ശവം സൂക്ഷിക്കുവാൻ അന്നത്തെ കാലത്ത് കപ്പലിൽ ശിതീകരണ സംവിധാനങ്ങൾ ഇല്ലാഞ്ഞതിനാൽ ജഡ്സന്റെ ശവം കപ്പലിൽ നിന്ന് കടലിലേക്ക് എറിഞ്ഞു. ലോകത്തിന്റെ വീക്ഷണത്തിലും ഈ കാലഘട്ടത്തിലെ ആത്മീയനേതാക്കളുടെ വീക്ഷണത്തിലും ജഡ്സന്റെ ജീവിതവും പ്രവർത്തനവും ഒരു പരാജയമായിരുന്നു. ജഡ്സന്റെ കാലഘട്ടത്തിൽ ദൈവപ്രവർത്തനം വലിയ അളവിൽ ബർമ്മായിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് 80 ലക്ഷം ബർമ്മാക്കാർ ജഡ്സൺ പരിഭാഷപ്പെടുത്തിയ ബൈബിളാണ് ഉപയോഗിക്കുന്നത്. **ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പിൽ നിൽക്കുമ്പോൾ ജഡ്സന് കിട്ടുന്ന പ്രതിഫലം എന്താണെന്ന് അപ്പോഴേ അറിയാൻ പറ്റൂ.** താങ്കളുടെ ചോദ്യത്തിലല്പം നിരാശ നിഴലിക്കുന്നതിനാൽ, നമ്മുടെയെല്ലാം സമൂഹ പ്രാർത്ഥനകൾ, സ്വയം പരിശോധിക്കുവാനും പരീക്ഷിക്കുവാനുമായി നീക്കിവെച്ച് (2കൊരി 13:5) നമുക്കു തന്നെ ആദ്യം വിടുതലും ശുദ്ധീകരണവും ലഭിക്കുന്നതിനുള്ള അവസരങ്ങളായി മാറ്റേണ്ടതാണ്. അപ്പോൾ ദൈവീക ചൈതന്യം അഥവാ ആത്മീക ഉണർവ്വ് നമ്മിലേക്ക് വരികയും **മറ്റുള്ളവർ അത് മനസ്സിലാക്കുകയും ചെയ്യും.** ചതവും ഉചിതവുമല്ലാതെ ബഹളം കൂട്ടി കൃത്രിമമായി ഉണർവ്വ് ഉല്പാദിപ്പിക്കുന്ന പ്രക്രിയ അല്ല ഞാനുദ്ദേശിച്ചത്. കർത്താവ് ദയാലുവാണെന്ന് രുചിച്ചറിഞ്ഞിട്ടുണ്ടെങ്കിലും (1 പത്രോസ് 2:1-3) സാധാരണയായി കേരളത്തിലെ വ്യാപാരിക്ക് ഇപ്പോൾ ജനിച്ച ശിശുവിനെപ്പോലെ വചനമെന്ന മായമില്ലാത്ത പാൽ കുടിച്ച് വളർന്ന് ഉണർവ്വ് പ്രാപിക്കാൻ പ്രയാസമുണ്ട്. കാരണം അഞ്ചു കാര്യങ്ങൾ സ്വന്ത ജീവിതത്തിൽ **ആഗ്രഹിച്ചാൽ മാത്രമേ** ഇപ്പോൾ ജനിച്ച ശിശുവിനെപ്പോലെ ആകാൻ പറ്റൂ.

**1) ദുഷ്ടത വിടണം** (1 പത്രോസ് 2:1-3) - മറ്റുള്ളവർക്ക് നന്മ ഉണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവൻ ദുഷ്ടനാണ്. സാത്താന്റെ മറ്റൊരു പേരാണ് ദുഷ്ടൻ (മത്തായി 13:19). അങ്ങനെയുള്ളവരുടെ കൂടെ നടന്നാൽ ആത്മീകമായും ഭൗതികമായും ഒരു നന്മയും ഉണ്ടാകുകയില്ല.

**2) ചതിവ് ചെയ്യരുത്** - സ്വന്തം ലാഭം മാത്രം ചിന്തിച്ചു നടക്കുമ്പോഴാണ് മറ്റുള്ളവർക്ക് നഷ്ടം ഉണ്ടാകുന്നത്. മറ്റുള്ളവരുടെ ലാഭം കൂടി നോക്കുമ്പോൾ (കരുതുമ്പോൾ) ചതിവ് ഉണ്ടാകില്ല. അതുകൊണ്ട് എല്ലാ തരത്തിലുള്ള അവിശ്വസ്തതയും ചതിവിന്റെ ഗണത്തിൽ പെടുത്താം.

**3) വ്യാജഭാവം കാണിക്കരുത്** - ഇല്ലാത്ത അവസ്ഥ ഉണ്ടെന്ന് കാണിക്കുന്നതാണ് വ്യാജഭാവം. പലരും ഭാര്യയും മക്കളുമായി വളരെ സന്തോഷത്തിലാണെന്ന് സമൂഹമദ്ധ്യേ കാണിക്കും. പക്ഷെ വീട്ടിൽ സമാധാനമില്ല. ഞായറാഴ്ച ദിവസങ്ങളിൽ ആരാധനയിൽ 10 മുതൽ 1 മണിവരെ തീവ്രത (ഉണർവ്വ്) കാണിച്ച് ഭക്തിയുടെ ഭാവം കാണിക്കും. പക്ഷെ ജീവിതത്തിൽ മറ്റു ദിവസങ്ങളിൽ ഉണർവ്വില്ല.

**4) അസൂയപ്പെടരുത്** - മറ്റുള്ളവരുടെ ഉയർച്ചയിൽ ഉണ്ടാകുന്ന അസന്തൃപ്തിക്കും നമ്മുക്ക് കിട്ടാത്തത് മറ്റുള്ളവർക്ക് കിട്ടുമ്പോൾ ഉണ്ടാകുന്ന നിരാശയ്ക്കും അസൂയ എന്ന് പറയാം.

**5) നുണപറയരുത്** - സത്യത്തെ മറച്ചുവച്ച് സത്യമല്ലാത്തത് പറയുന്നതിന് നുണ എന്ന് പറയാം. ശിശുക്കൾ അങ്ങനെ ചെയ്യാറില്ല. വ്യാപാരത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി എനിക്കു പരിചയമുള്ള വ്യാപാരികൾ സാധാരണയായി നുണ പറയാറുണ്ട്. അങ്ങനെയുള്ള പ്രാർത്ഥനാകൂട്ടങ്ങളിൽ യഥാർത്ഥ ഉണർവ്വ് ഉണ്ടാവില്ല. **എന്നാൽ, എവിടെയെല്ലാം വിശ്വാസികൾ തങ്ങളുടെ കുറവുകളെ കണ്ടുപിടിച്ച് സമ്മതിച്ച് ഏറ്റുപറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ആത്മീക ഉണർവ്വുണ്ടായിട്ടുണ്ട്.**

**"ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പീൻ. കർത്താവ് ദയാലുവെന്ന് നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ" (1പത്രോസ് 2:1-3)**




# എ- പ്ലസ് ബിലീവർ



സന്തോഷ് ജോസഫ്

നാളെ രാവിലെയാണ് പ്ലസ്ടു ഫൈനൽ എക്സാം തുടങ്ങുന്നത്. പാഠപുസ്തകത്താളുകൾ തിരിച്ചും മറിച്ചും നോക്കി ഓർമയെയും അറിവിനെയും ചെത്തിയൊതുക്കി അവൾ പരീക്ഷയ്ക്കുള്ള അവസാന മിനുക്കു പണിയിലാണ്. എങ്കിലും സന്ധ്യക്കു വളരെ അപ്രതീക്ഷിതമായെത്തിയ ഫോൺ കോൾ ഒരിടിമിന്നലായി. അവൾ കട്ടിലിൽ ചാഞ്ഞു വീണു.

കൂലിപ്പണിക്കാരന്റെ മകളായി ജനിച്ച സാന്ദ്രാമോൾ ഉയർന്ന മാർക്കുവാങ്ങി സ്കൂളിന്റെ അഭിമാനമാകുമെന്നാണ് അവളുടെ അധ്യാപകരുടെ ഉറച്ച വിശ്വാസം. മെലിഞ്ഞു കറുത്ത അവൾ പഠിക്കാൻ മിടുക്കിയാണ്. കാണാൻ വല്ല്യ അഴകില്ലാതിരുന്നതുകൊണ്ട് ആരും അവളെ ശ്രദ്ധിച്ചില്ല. ആൾകൂട്ടത്തിൽ ശ്രദ്ധിക്കപ്പെട്ടവളായി മാറാനും അവൾ ആഗ്രഹിച്ചില്ല. എന്നാൽ പഠിക്കാൻ പ്രത്യേക കഴിവും ബുദ്ധിയും ദൈവം തനിക്കു നല്കിയിട്ടുണ്ടെന്നു അവൾ തിരിച്ചറിഞ്ഞു. പത്താം ക്ലാസിൽ എല്ലാ വിഷയത്തിനും എ-പ്ലസ് സ്വന്തമാക്കി അവളത് വീട്ടിലും നാട്ടിലും തെളിയിക്കുകയും ചെയ്തു. പ്ലസ് വണ്ണിലും എ-പ്ലസ് ഗ്രെയ്ഡ് കരസ്ഥമാക്കിയതോടെ കൂട്ടുകാർ അവളെ മിസ് എ-പ്ലസ് എന്ന ഓമനപ്പേരിൽ വിളിക്കാൻ തുടങ്ങി.

നാട്ടിൽ നിന്നും വളരെ അകലെയുള്ള ഇംഗ്ലീഷ് മീഡിയം ഹയർ സെക്കന്ററി റസിഡൻഷ്യൽ സ്കൂളിലാണു സാന്ദ്രാമോൾ പഠിക്കുന്നത്. പ്ലസ്ടുവിലും എ-പ്ലസ് വാങ്ങുക എന്നതു അവളുടെ സ്വപ്നമാണ്. എന്നാൽ വരാനിരിക്കുന്ന ദുരന്തങ്ങളുടെ മുന്നോടിയായി കാണുന്ന ഉത്സവങ്ങളാണോ ഓരോരോ സ്വപ്നങ്ങൾ എന്നും പ്രതീക്ഷകൾ ആ ഉത്സവത്തിനു മാറ്റുകൂട്ടുന്ന നിറങ്ങളും മേളങ്ങളുമാണോ എന്നും അവൾ ചിന്തിച്ചു. കണ്ണുകൾ നിറയാൻ തുടങ്ങി. അവളുടെ ഹൃദയമിടിപ്പ് വർധിച്ചു. "അവളുടെ പിതാവ് പാമ്പുകടിയേറ്റു മെഡിക്കൽ കോളജ് ആശുപത്രിയിൽ ഐ. സി.യുവിൽ കഴിയുകയാണെന്നും അച്ഛനെ കാണാൻ വേണ്ടി എത്രയും വേഗം ആശുപത്രിയിൽ എത്തണമെന്നും" ആയിരുന്നു പരീക്ഷയുടെ തലേദിവസം എത്തിയ ഫോൺ സന്ദേശം. ഹോസ്റ്റലിലെ വാർഡൻ അവളുടെ അരികത്ത് ഇരുന്നു. അവളോടു ആശ്വാസവാക്കുകൾ പറഞ്ഞു. ഒരു വശത്തു ഭാവിയെ നിർണ്ണയിക്കുന്ന എക്സാം.മറ്റൊരു വശത്ത് മരണത്തോടു മല്ലടിക്കുന്ന അച്ഛനെ അവസാനമായി ഒന്നു കാണണമെന്നുള്ള മോഹം. രണ്ടും പ്രധാനപ്പെട്ടതാണെങ്കിലും ഏതെങ്കിലുമൊന്നേ നടക്കുകയുള്ളൂ. പരീക്ഷയാണെങ്കിൽ വീണ്ടും എഴുതാം. ഞാൻ ആശുപത്രിയിൽ എത്തും മുമ്പ് അച്ഛൻ വിടപറഞ്ഞാൽ? മനസ്സിൽ ഉയർന്നു പൊങ്ങുന്ന സംശയങ്ങൾ ഹൃദയത്തെ കുത്തിനോവിച്ചുകൊണ്ടിരുന്നു. ആ വേദനയുടെ ദ്രാവകരൂപം അവളുടെ കവിളിണയിലൂടെ ഒഴുകി.

'എനിക്കു പരീക്ഷയെഴുതണം. എനിക്കെന്റെ അച്ഛനെ ജീവനോടെ തിരികെ വേണം.' അവളുടെ ശബ്ദം പതുക്കെ താഴ്ന്നു. വാക്കുകൾ അവ്യക്തമായി. വാർഡന്റെ മടിയിൽ മുഖമമർത്തി സാന്ദ്രാമോൾ തേങ്ങിക്കരഞ്ഞു.

ദൈവം എന്റെ അച്ഛനു ഒന്നും വരുത്തുകയില്ല. ഞാൻ നന്നായി പരീക്ഷ എഴുതും. ഞാൻ ജയിക്കും. ഞാൻ അച്ഛനെ സൗഖ്യത്തോടെ കാണും. അവളെന്തൊക്കെയോ കരഞ്ഞു പറഞ്ഞുകൊണ്ടിരുന്നു. അതിനിടയിൽ അവളുടെ വാക്കുകൾ പഴകിയ കയറുപോലെ പൊട്ടിപൊട്ടി പോകുന്നുണ്ടായിരുന്നു.

എന്തെങ്കിലും പറഞ്ഞു സാന്ത്വനിപ്പിക്കുവാൻ അവളുടെ കൂട്ടുകാരികൾക്കും സഹപാഠികൾക്കും കഴിഞ്ഞില്ല. കണ്ണീരൊഴുക്കിന്റെ വേഗതയെ ചിറകെട്ടി നിർത്തുവാനും അവർക്കാർക്കും സാധിച്ചില്ല. പെട്ടെന്ന് ആത്മനിയന്ത്രണം ഏറ്റെടുത്ത് അവൾ എഴുന്നേറ്റു. വിറയ്ക്കുന്ന കരങ്ങൾകൊണ്ടു അടുത്ത ദിവസം എഴുതാനുള്ള പരീക്ഷയുടെ പാഠപ്പുസ്തകങ്ങളും ഗൈഡുകളും നോട്ടുബുക്കുകളും അവൾ അടച്ചുവെച്ചു. പകലെരിഞ്ഞ സൂര്യൻ അന്നേരം വിശ്രമത്തിനായി എങ്ങോ പോയി മറഞ്ഞിരുന്നു. സന്ധ്യയുടെ കറുപ്പുചായത്തെ നേർപ്പിച്ചെടുത്ത് ജനലഴികൾക്കിടയിലൂടെ ചന്ദ്രനിലാവ് അവളുടെ മുറിയിലേക്കു എത്തിനോക്കുന്നുണ്ടായിരുന്നു. മാർബിൾത്തറയുടെ ചെറു തണുപ്പിൽ അവൾ മുട്ടുകുത്തി. മുഖം ഉള്ളംകൈകളിൽ വച്ചു തറയിൽ അമർത്തി അവൾ തനിയെ കരഞ്ഞു പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ മുറിക്കുള്ളിലെ വായുവിന്റെ സാന്ദ്രത കുറഞ്ഞു. ചെറുകുളിർ പകരുന്ന മന്ദമാരുതൻ പതുക്കെ പിൻവാങ്ങി. അകാരണമായൊരു ഭയം അവളുടെ ഉള്ളിലുണർന്നു. പേശികൾ വലിഞ്ഞുമുറുകി. ഹൃദയസ്പന്ദനവേഗത കുറഞ്ഞു. ശ്വാസം നിലയ്ക്കുന്നതായി അവൾക്കനുഭവപ്പെട്ടു. അച്ഛൻ മരിച്ചതായി അവൾക്കു തോന്നി. അവൾ തറയിലേക്ക് വീണു.

പെട്ടെന്ന് ഓർമ്മപ്പെട്ടിയിൽ നിന്നു ജീവന്റെ വാക്യങ്ങൾ അടങ്ങിയ രക്തം ഹൃദയത്തിലേക്കു പാഞ്ഞോടിച്ചെന്നു. അതു കൃത്രിമ ശ്വാസം പോലെ അവളുടെ ഹൃദയമിടിപ്പിനെ സാധാരണമാക്കി. അവൾക്കത് സെക്കന്റുകളും മിനിറ്റുകളും മണിക്കൂറുകളുമൊന്നും ഇല്ലാത്ത ഒരു രാത്രിയായിരുന്നു. രാത്രികൾ മാത്രമുള്ള ഒരു പുതിയ ഗ്രഹത്തിലെ അനാഥജീവിയായി താൻ ജന്മമെടുത്തതുപോലെ അവൾക്കു തോന്നി.

രാവിലെ ആരോമുട്ടുവിളിച്ചപ്പോൾ പുഞ്ചിരിക്കാൻ തുടങ്ങുന്ന ഇളവെയിലിനെയാണ് അവൾ ആദ്യം കണ്ടത്. അലസമായി ചിതറിക്കിടക്കുന്ന മുടിവാരിക്കെട്ടി മുഖം തണുത്തവെള്ളത്തിൽ കഴുകി. തിരികെ വന്നു റൂമിൽ ഇരിക്കുമ്പോൾ അച്ഛനെക്കുറിച്ചുള്ള ചിന്തകൾ അവളുടെ മനസ്സിൽ വീണ്ടും തുളച്ചുകയറാൻ ആരംഭിച്ചു. പരീക്ഷ എഴുതാതെ ആദ്യ ബസിനുതന്നെ ആശുപത്രിയിലേക്കു പോയാലോ എന്നു അവൾ ചിന്തിച്ചു. വേണ്ട രാത്രി മുഴുവൻ പിന്നെ ഞാനെന്തിനാണ് പ്രാർത്ഥനാഞ്ജലികൾ അർപ്പിച്ചുകൊണ്ടു യേശുവിന്റെ പാദാന്തികെ ഇരുന്നത്. ദൈവത്തിൽ വിശ്വസിക്കുകയല്ലേ വേണ്ടത്.

ബ്രേക്ക്ഫാസ്റ്റിനു ഞാൻ വരുന്നില്ല. അവൾ റൂം മേറ്റിനോടു പറഞ്ഞു. പരീക്ഷാഹാളിലിരിക്കുമ്പോൾ അച്ഛനെക്കുറിച്ചുള്ള ഭീതി വീണ്ടും അവളുടെ ഉള്ളിൽ ഓടിവന്നു.

ഞാൻ എന്തു സ്വാർത്ഥമതിയാണ്. എനിക്കെന്റെ അച്ഛനല്ലല്ലോ, പരീക്ഷയല്ലേ വലുത്. ഞാൻ പോകേണ്ടതായിരുന്നു. അച്ഛനില്ലെങ്കിലെനിക്കെന്തിനാണ് എ-പ്ലസ്.

ഓരോരോന്നു ചിന്തിച്ചുകൊണ്ടു അവൾ വെറുതെ ചോദ്യക്കടലാസിലേക്കു നോക്കിയിരിക്കുകയാണ്. തല കറങ്ങുമ്പോലെ അവൾക്കു തോന്നി. അപ്പോൾ തൊണ്ടയിലെ ജലാംശം വറ്റിപ്പോയിരുന്നു. സാന്ദ്രാമോൾ പതുക്കെ മേശപ്പുറത്ത് മുഖമമർത്തി കണ്ണുകളടച്ച് യേശുവിനോടു പ്രാർത്ഥിച്ചു. നിമിഷങ്ങൾക്കുള്ളിൽ അവളുടെ കൈകൾ തന്നെ ചലിക്കുവാൻ തുടങ്ങി. വിറയൽ മാറിയപ്പോൾ അക്ഷരങ്ങൾക്ക് വേഗതയും ഭംഗിയും കൂടിവന്നു. ആരോ കൈപിടിക്കുന്നതായി അവൾക്കു തോന്നി. കൈകുഴഞ്ഞു ഇടയ്ക്കു എഴുത്തിന്റെ ചലനവേഗത കുറയ്ക്കാൻ ആഗ്രഹിച്ചെങ്കിലും സാധിച്ചില്ല. ചിലനിമിഷങ്ങൾ എല്ലാം മറന്നവൾ എഴുതി. വീടും അച്ഛനും ആശുപത്രിയും പിന്നെ മനസ്സിനെ തളർത്തിയിരുന്ന അനേക ഭാരങ്ങളെല്ലാം സാന്ദ്രാമോളുടെ മനസ്സിൽ നിന്നും അടർന്നുപോയി. യേശു ഒരുക്കിയ സ്വർഗത്തിലെ ഒരു മുറിയിൽ ഇരിക്കുന്ന അനുഭവം അവളറിഞ്ഞു. കൃത്യസമയത്തിനുള്ളിൽ എല്ലാ ഉത്തരങ്ങളും വേഗതയിൽ എഴുതിത്തീർത്തു പുറത്തിറങ്ങുമ്പോൾ അറിഞ്ഞൊരു ഊഷ്മളത ഹൃദയത്തോടു പറ്റിപ്പിടിച്ചിരുന്നു.

ഹോസ്റ്റലിൽ വന്നു കയറിയപ്പോൾ അവളുടെ പാദങ്ങൾക്കു ചെറിയ വിറയലുണ്ടായി. ആശുപത്രിയൽ നിന്നും ആരെങ്കിലും വിളിച്ചു കാണുമോ?

വാർഡൻ അവളെ കെട്ടിപ്പിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞു. വാക്കുകൾ പുറത്തേക്കു വരാൻ താമസിച്ചു. വാർഡൻ എന്താണു പറയാൻ പോകുന്നതെന്നറിയാതെ സാന്ദ്രാമോൾ നിശ്ചലയായി വാർഡന്റെ കരവലയത്തിനുള്ളിൽ ഒതുങ്ങി നിന്നു. "മോളെ... നിന്റെ അച്ഛൻ അപകടനില തരണം ചെയ്തിരിക്കുന്നു" എന്നു അമ്മ ഇപ്പോൾ വിളിച്ചു പറഞ്ഞു.

'കഴിഞ്ഞ രാത്രിയിൽ അച്ഛൻ മരണത്തെ മുഖാമുഖം കണ്ടുകിടക്കുമ്പോൾ ആരോ അരികിലെത്തി എന്റെ തോളിൽ തട്ടി വിളിച്ചു. ആ കരങ്ങളുടെ മൃദുസ്പർശനം എന്റെ ഹൃദയത്തെ ആദ്യം ഉണർത്തി. പ്രതീക്ഷകൾക്കു ജീവൻ പകർന്നു. സ്വപ്നങ്ങൾക്കു ശ്വാസം തന്നു. പിന്നെ കൈപിടിച്ചു എഴുന്നേല്പിച്ചു. കണ്ണുനീർ തുടച്ചുമാറ്റി.

സാന്ദ്രാമോൾ എല്ലാം വിവരിക്കുന്നതുകേട്ടു ചുറ്റുമിരുന്ന കൂട്ടുകാർക്കു വിസ്മയം. അവരെല്ലാം മിസ്. എ പ്ലസിനെ കെട്ടിപ്പിടിച്ചു.

"യൂ ആർ എ പ്ലസ് ബിലീവർ ഓൾസോ" വാർഡന്റെ കമന്റ്. അടുത്ത ദിവസത്തെ പരീക്ഷയുടെ പുസ്തകവുമായി മരച്ചുവട്ടിലേക്കു നടക്കുമ്പോൾ ഉള്ളിൽ പൊട്ടിയ പുഞ്ചിരി അവളുടെ ചുണ്ടിൽ വിടർന്നു. മൂന്നാലു ചുവടുകൾക്കു ശേഷം അവൾ ആകാശത്തേക്കു നോക്കി. അപ്പോൾ മേഘങ്ങൾ അവളെ നോക്കി പുഞ്ചിരിച്ചു. അവരും പറഞ്ഞു. യൂ ആർ എ പ്ലസ് ബിലീവർ!

## കല്ലുകടി

# വിവാദം വിടാത്ത ശവമടക്കലുകൾ

പാണ്ടനാട്ടെ ശവമടക്കലിനെത്താതിരുന്നതിന് മല്ലപ്പള്ളിയിലെ കല്യാണവേദിയിലാണ് ഓവർസിയർക്ക് പ്രതിഫലം കിട്ടിയത്. എന്നാൽ പന്തളത്ത് പ്രതിഫലം ഒന്നും കിട്ടിയില്ലെങ്കിലും ശവസംസ്കാര ശുശ്രൂഷാ വേദിയിൽ നടത്തിയ ആവശ്യമില്ലാത്ത ഒരു പ്രഖ്യാപനം വരുത്തിയ പ്രതിഷേധം ഇത്രത്തോളമാകുമെന്ന് ഓവർസിയർപോലും കരുതിയില്ല.

ചർച്ച് ഓഫ് ഗോഡിലെ യുവജന പ്രവർത്തകനും ബൈബിൾ സ്കൂൾ അധ്യാപകനും സർവ്വോപരി സുസമ്മതനും നല്ലൊരു മാതൃകയുള്ള ശുശ്രൂഷകനുമായിരുന്ന മാന്യനായ ദൈവദാസൻ തന്നെ ബാധിച്ച രോഗത്തിന് മരുന്നുപയോഗിക്കാതെ പ്രാർത്ഥനയിൽ ഉറ്റിരുന്നു. ശാരീരിക ക്ലേശങ്ങൾ അലട്ടിയപ്പോഴും ദൈവത്തിലാശ്രയിച്ചു. ഒടുവിൽ താൻ പ്രീയം വെച്ച പ്രീയന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷാവേളയിൽ തന്റെ കുഞ്ഞുങ്ങളുടെ കാര്യങ്ങൾ ദൈവസഭ ഏറ്റെടുക്കുവാനും അതിനായി ഫണ്ടു കണ്ടെത്തുമെന്ന പ്രഖ്യാപനവുമാണ് ഓവർസിയർ നടത്തിയത്. ഇത് ബന്ധുക്കളിലും ഈ ദൈവദാസന്റെ സ്നേഹിതരിലും പരക്കെ പ്രതിഷേധമുയർത്തി. ഒന്നാമതായി അത്തരം ഒരാവശ്യം ആരും ഉയർത്തിയില്ല. രണ്ടാമതായി അത്തരം സാഹചര്യം അവിടെയില്ലായെന്നതും സത്യം.

ജീവിച്ചിരിക്കുമ്പോൾ അർഹതപ്പെട്ട പല സ്ഥാനത്തുനിന്നും മാറ്റിയിരുത്തുകയും ലഭിക്കേണ്ട സ്ഥാനങ്ങളിൽ എത്തിക്കാതിരിക്കുകയും ചെയ്ത നേതൃത്വം കാണിച്ചത് രാഷ്ട്രീയക്കാരന്റെ വിലകുറഞ്ഞ പ്രകടമായിരുന്നു എന്നാണ് ചിലർ പ്രതികരിച്ചത്. ഒഴുക്കിയതെല്ലാം മുതലക്കണ്ണീർ എന്നർത്ഥം.

**അടിക്കുറിപ്പ്:** രക്തസാക്ഷികളുടെ പേരിൽ ഫണ്ടുണ്ടാക്കിയാണല്ലോ പല പാർട്ടികളും പച്ചപിടിച്ചത്. ഇനി സഭകളും ആ പാത പിൻതുടരുകയാകാം.

## പി. വൈ. പി. എ. സംസ്ഥാന നേതൃത്വ സെമിനാർ

**കുമ്പനാട്:** പി. വൈ. പി. എ. കേരളാ സ്റ്റേറ്റ് സംസ്ഥാന സമിതി അംഗങ്ങളെയും കേരളത്തിലെ വിവിധ സോണൽ ഭാരവാഹികളെയും പങ്കെടുപ്പിച്ചുകൊണ്ടു നേതൃത്വ സെമിനാർ ഫെബ്രുവരി 15 നു തിരുവല്ല ബിലീവേഴ്സ് ചർച്ച് യൂത്ത് സെന്ററിൽ നടന്നു. ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ ഉദ്ഘാടനം ചെയ്തു. സഭയെ ഭാവിയിൽ ശരിയായ ദിശയിൽ നയിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട യുവാക്കൾ പി. വൈ. പി. എ.യിൽ നിന്ന് ഉടലെടുക്കണമെന്നു അദ്ദേഹം ഓർമ്മിപ്പിച്ചു. ഡോ. ജോൺ ശാമുവേൽ, ബ്രദർ ഷിബു മുള്ളംകാട്ടിൽ എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. വിവിധ സെക്ഷനുകളിൽ സംസ്ഥാനഭാരവാഹികളായ വി. പി. ഫിലിപ്പ്, സാം കുട്ടി ജോൺ, സാം പനച്ചയിൽ ബ്രദർ അജികല്ലുങ്കൽ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ഇവാ. സാബുചാപ്രത്ത്, മാത്യു ജോൺ, ഫിന്നി വർഗീസ്, ബിനു ജേക്കബ് എന്നിവർ നേതൃത്വം നൽകി. ലിവിങ് വോയ്സ് ഗാനങ്ങൾ ആലപിച്ചു.




# കഷ്ടത ദൈവേഷ്ട പ്രകാരമോ?

(1 പത്രോസ് 4:19)



റവ. വി. പി. ജോസ്

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ജീവിതത്തിൽ കഷ്ടതയും രോഗവുമെല്ലാം ശാപത്തിന്റെ ലക്ഷണമാണെന്നും പഠിപ്പിക്കുന്ന ദുരുപദേഷ്ടാക്കന്മാർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണല്ലോ നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. കഷ്ടതയും പട്ടിണിയും പീഢയും കൊണ്ട് വിശ്വാസികളെ പിന്മാറ്റത്തിലേക്ക് നയിക്കുവാൻ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ സാത്താൻ അവരെ മുമ്പോട്ട് ആഞ്ഞുതള്ളി വീഴിക്കുവാൻ തീരുമാനിച്ചതിന്റെ പരിണിതഫലമാണ് ഇതെന്ന് നാം മനസ്സിലാക്കണം. അവന്റെ ഈ തന്ത്രം ഒരു പരിധിവരെ വിജയിച്ചു എന്നാണ് സമീപകാല ആത്മീയ സംഭവങ്ങൾ തെളിയിക്കുന്നത്. ഒരുമരത്തിന്റെ വീഴ്ചയ്ക്ക് ഇടിമിന്നൽ തുടങ്ങിയപ്രകൃതിക്ഷോഭങ്ങളും മരംകൊത്തിപോലുള്ള പക്ഷികളും മനുഷ്യരും ഒക്കെ കാരണക്കാരാണ്. അവയൊക്കെ പുറമെ കാണാവുന്ന ആക്രമണകാരികളാണെങ്കിൽ ചിതൽ, തുടങ്ങിയ ക്ഷുദ്ര കീടങ്ങൾ മരത്തിനകത്തിരുന്ന് അതിനെ നശിപ്പിക്കുന്നവയാണ്. സഭയ്ക്ക് പുറമേ നിന്ന് നേരിടേണ്ടി വരുന്ന ആക്രമണങ്ങളേക്കാൾ വിനാശകരങ്ങളാണ് അകമേ നിന്നും ഉയരുന്ന പോരാട്ടങ്ങൾ.

സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും കഷ്ടസമ്പൂർണ്ണനും ആകുന്നു എന്ന ഇയ്യോബിന്റെ പ്രസ്താവനയും (ഇയ്യോ 14:1), ഞങ്ങൾ സകല വിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല എന്ന വി. പൗലൂസിന്റെ സാക്ഷ്യവും (2 കൊരി 4:8) ക്രിസ്ത്യാനി ആയിട്ട് കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുകയത്രേ വേണ്ടത്. (1 പത്രോ 4:16) എന്ന പത്രോസിന്റെ പ്രോത്സാഹനവാക്കുകളും ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു (യോഹ 16:33) എന്ന യേശുക്രിസ്തുവിന്റെ വെളിപ്പെടുത്തലും, നീയോ, സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക (2 തിമൊ 4:5) എന്നിങ്ങനെ തിമഥിയോസിന് ലഭിച്ച ഉപദേശവും, കഷ്ടത എന്ന കഠിനശോധനയിലൂടെ കടന്നുപോയ മക്കദോന്യ സഭകൾക്ക് ലഭിച്ച സന്തോഷസമൃദ്ധിയുടെ വർഷണവും (2 കൊരി 8:2) എല്ലാം ഒരു പോലെ തെളിയിക്കുന്നത് വിശ്വാസികൾക്ക് കഷ്ടതയുണ്ട് എന്ന സത്യമാണ്. വേദപുസ്തക വീരന്മാരായ യോസേഫും, മോശെയും, ദാവീദും, ദാനിയേലും, ഇയ്യോബും, യിരമ്യാവും, യേശുവും, പൗലൂസും, പത്രോസും, യോഹന്നാനുമെല്ലാം കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോയവരുമാണല്ലോ. ദൈവത്തിന് പാപം ചെയ്യാത്ത ഒരു മകനുണ്ട്. പക്ഷേ, കഷ്ടം സഹിയ്ക്കാത്ത ഒരു മക്കളും ഇല്ല എന്ന ഒരു ദൈവ ഭക്തന്റെ പ്രസ്താവന എത്രയോ അന്വർത്ഥമാണ്.

യെരുശലേമിൽ ദൈവസഭ ആരംഭിച്ചപ്പോൾ ഇത് യഹൂദാമതത്തിന്റെ ഒരു ഉപവിഭാഗമെന്നേ റോമൻ ഭരണകൂടം കരുതിയിരുന്നുള്ളൂ. ആദ്യത്തെ ക്രിസ്ത്യാനികളും യഹുദരായിരുന്നല്ലോ. അവർ കൂട്ടായ്മയ്ക്കായി കൂടി വന്നിരുന്നത് പലപ്പോഴും സിനഗോഗുകളിലും പരിസരങ്ങളിലുമായിരുന്നുതാനും. യഹൂദാമതത്തിന്റെ ഉപശാഖ എന്ന നിലയിൽ ഈ മാർഗ്ഗത്തിനെതിരായി ഭരണാധികാരികൾ നടപടിയൊന്നും എടുത്തിരുന്നില്ല. യഹൂദാമതം അംഗീകൃതമതമായിരുന്നു എന്നത് തന്നെകാരണം. എന്നാൽ, സത്യം മനസ്സിലാക്കിയപ്പോൾ ഈ മാർഗ്ഗത്തെ ഇല്ലായ്മ ചെയ്യുവാൻ തന്നെ സാമ്രാജ്യ അധിപതികൾ തീരുമാനിച്ചു.

റോമിലെ കാരാഗൃഹത്തിലയ്ക്കപ്പെട്ട പൗലൂസ് ശ്ളീഹായെ ഗളഛേദം ചെയ്തു. എ. ഡി 64 ജൂലൈ മാസം റോമാനഗരത്തിന് തീ വെച്ച നീറോ ചക്രവർത്തി ആ കുറ്റം ക്രിസ്ത്യാനികളുടെ മേൽ ചുമത്തി അവരെ കൂട്ടത്തോടെ കൊന്നൊടുക്കാനാരംഭിച്ചു. ശ്ളീഹന്മാരുൾപ്പെടെ ആയിരമായിരം വിശ്വാസ വീരൻ രക്തസാക്ഷികളായിത്തീർന്നു. നീറോ തുടങ്ങിവെച്ച മത പീഢ തുടർന്ന് വന്ന റോമൻ ചക്രവർത്തിമാർ ഏറ്റെടുത്തു. ട്രാജൻ (എ.ഡി. 98 –117), ഹഡ്രിയാൻ (എ.ഡി. 117–138), ഡയോക്ലീഷൻ (എ.ഡി. 284–305) തുടങ്ങിയ റോമൻ സാമ്രാട്ടുകൾ ദൈവസഭയെ അതി കഠോര പീഢയിലേക്ക് വലിച്ചിഴച്ചു. വിശ്വാസികൾ ഏത് കാലഘട്ടത്തിലും നേരിടുന്ന കഷ്ടതകളേയും പീഢകളേയും മുമ്പിൽ കണ്ടുകൊണ്ട് അവരെ വിശ്വാസത്തിലുറപ്പിക്കാൻ പരിശുദ്ധത്മാവ് പത്രോസിനെക്കൊണ്ട് എഴുതിപ്പിച്ചതാണ് ഈ ലേഖനം. ദൈവമക്കളുടെ ജീവിതത്തിൽ എന്തുകൊണ്ട് കഷ്ടത ഉണ്ടാകുന്നു എന്ന ചോദ്യത്തിനുള്ള ചില മറുപടികളിലേക്ക് വെളിച്ചം വീശുന്നത് കൂടിയാണീ ലേഖനം.

1. കഷ്ടത വിശ്വാസിയെ ശുദ്ധീകരണത്തിലേക്ക് നടത്തുന്നു (1:7)

ശേഷം പേജ്: 10

# യൂത്ത് സെമിനാർ

ജെയിംസ് മുളവന



**ഫ്ളോറിഡ:** ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ സൗത്ത് ഫ്ളോറിഡാ ഷാലോം ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 26,27 തീയതികളിൽ സഭാ ആസ്ഥാനമായ 6180 Nothwest IIth Street Sunrise Florida 33313 ൽ വെച്ച് യൂത്ത് സെമിനാർ നടത്തപ്പെടും. വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 6.30 നും ശനിയാഴ്ച 9.30 നും മീറ്റിംഗുകൾ ഉണ്ടായിരിക്കും.

ഇന്റർ നാഷണൽ മിനിസ്ട്രീസിന്റെ സ്ഥാപകനും പാസ്റ്റർ ജോൺ ഹേഗ്ഗിയുടെ കോർണർ സ്റ്റോൺ സഭയിലെ മുൻ വർഷിപ്പ് ലീഡറുമായ റവ. സാക് ചെറിയാൻ ഈ യോഗങ്ങളിൽ വചനശുശ്രൂഷ നിർവ്വഹിക്കും.

ഐ. പി. സി. ഷാലോം യുവജന സംഗീത വിഭാഗം ഗാനശുശ്രൂ നിർവ്വഹിക്കും. പാസ്റ്റർമാരായ കെ. സി. ജോൺ, ജോൺ തോമസ്, യുവജനവിഭാഗം പ്രതിനിധികളായ റോബിൻ ജേക്കബ്, സോണിയാ വർഗീസ് മുതലായവർ യോഗങ്ങൾക്ക് നേതൃത്വം നൽകും.




# Come



Bonnie Shaji

Dear Child of mine, Come, Come with me on a journey, a journey that began sometime ago. Come with me, Yes, I want you to leave behind this beautiful house, and everything you are familiar with and follow me, Leave it behind you and come with me. Yes come with me. Come with me back in time. Yes my dear we are taking a trip back in time a trip through your past, your history.

Yes, yeas me dear I see the way clothed the needy and fed the hungry: yes I remeber the moment well, you are forgetting that I was there with you. I agree it was a beautiful experience for you, but this is not why we came, come let us keep going.

Oh dear child how could I forget that time your shared that good news with your friend. I remember that moment very well. I was right there with you. then also. I was oh so proud of you. thank you for sharing our story with friend. Because of You, your friend and I are getting to know each other on a deeper level. So thank you, but I must encourage you dear child to keep moving for this is not why we came.

Do not be afraid, I know exactly where we are. Do not worry; I am right here, as i was right here when you went through this valley the first time. My promise still stands dear child I will never leave you. Come we shall get through this troubling valley together once more, for this is not why we came.

Come Child of mine; come with me to the very beginning. Come with me to where I met you. Come with me to that hill.

See my dear child; see my son hearing year burdens, see my son taking away your pain, and your misery. see my son giving you a new song, a song of victory. see my son teaching you about salvation. Teaching you the idea behind redemption. See my son teach you how to clothe the needy, and how to take this good news to the entire world. See my child; See my one and only Son. See the nails in his hands and feel. See the marks on this back from where he was whipped. See the pain he bears so that you will never have to bear such pain. See the tears he sheds when he cries out for your Redemption so that you will never have to shed many tears See the death he faces upon that cross, so that you my dear child will have the hope of eternal life.

See all of this my dear child, and never forget.

Never forget why you have been called, Never forget the sacrifice. I made so that you and I may know each other, Never child of mine, Never forget me; for paid too high of a price for yoe to forget.

I do thank you for clothing the poor and feeling the hungry. I do thank you for telling the gospel to those around you.

But dear child of mine. It all amounts to nothing if I lose you in the midst of it. Please remeber me, and never forget the amount of love I have for you. Please dear child come back to the place where I first met yoy. Come back to that hill. Come back to the fool of the cross. Come back to me.

Your Loving Heavenly Father

- Yahwch

# ഐ. പി. സി. ഫാമിലി കോൺഫറൻസ് രജിസ്ട്രേഷൻ തുടങ്ങി

ബാബു കൊടുത്തറ (മീഡിയാ കോർഡിനേറ്റർ)



റവ. ഡോ. ഇട്ടി ഏബ്രഹാം ജയിസൺ ആര്യപ്പള്ളിയിൽ നിന്നും രജിസ്ട്രേഷൻ ഏറ്റുവാങ്ങുന്നു. ലോക്കൽ ഭാരവാഹികളായ പി. സി. ജോസഫ് (സെക്രട്ടറി), റവ, ജേക്കബ് ജോർജ്ജ് (കൺവീനർ), മത്തായി മാത്യു (കൺവീനർ), സാം തോമസ് (ട്രഷറാർ) എന്നിവർ സമീപം

## നവ നേതൃത്വവുമായി പി. വൈ. സി. ഡി.

ഗാർലന്റ്: പെന്തെക്കോസ്തൽ യുത്ത് കോൺഫറൻസ് ഓഫ് ഡാളസ്സിന്റെ 2010ത്തിലെ ഭാരവാഹികളായി പാസ്റ്റർ ഷിബു തോമസ് (പ്രസിഡന്റ്), എബി ജേക്കബ് (കോർഡിനേറ്റർ), ബെഞ്ചമിൻ വർഗീസ് (ട്രഷറാർ), ജസ്റ്റിൻ വർഗീസ് (പബ്ലിസിറ്റി കോർഡിനേറ്റർ), എന്നിവരും കമ്മറ്റിയംഗങ്ങളായി എൽവിൻ ജോൺ, ഫെയ്ത്ത് വർഗീസ്, ഗോഡ്‌ലി ജോൺസൺ, ജാക്സൺ മാത്യു, ജെയിസൺ ദാനിയേൽ, ജെൻസി ജെയിംസ്, ഫിലിപ്പ്. പി. വർഗ്ഗീസ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. സാബു യോഹന്നനാണ് പുതിയ ഓഡിറ്റർ. ഡാളസ് പെന്തെക്കോസ്ത് സഭകളുടെ ഐക്യയുവജന പ്രസ്ഥാനമാണ് പെന്തെക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസ്(പി. വൈ. സി.ഡി)

കൂടുതൽ വിവരങ്ങൾക്ക്
www.pycd.org

ആത്മീയ ആരാധനയ്ക്ക്
ഫീനിക്സ്- അരിസോണായിൽ
Bethel India Pentecostal Church
P.O. Box 3455, Gilbert, AZ 85299



Worship Service
Every Sunday 10.45 AM
English & Malayalam

Pastor: Thomas Samuel
(Kappamammoottil)
Phone (480) 278 - 0900

Secretary: Roy Mannoor
(480) 208 - 2695

E-mail: bethelipcaz@gmail.com
Visit Our Website: www.ipcbethel.org




രാജൻ ആര്യപ്പള്ളിൽ

## ആഗോള താപനവും പൊള്ളുന്ന കേരളവും

മലകളും താഴ്‌വരകളും വയലുകളും നദികളും കായലും കാലവർഷവും ഇടപ്പാതിയും ഒക്കെയായി അനുഗ്രഹീക്കപ്പെട്ട നാടായിരുന്നു കേരളം. എങ്ങും പച്ചപുതപ്പണിഞ്ഞ സുന്ദരിയായ കേരം തിങ്ങും കേരള നാട് ഇന്ന് ചുട്ടുപൊള്ളുന്നു എന്ന വാർത്ത അമ്പരപ്പോടെയാണ് കേൾക്കുന്നത്. പ്രകൃതിയുടെ മേൽ കടന്നുകയറുകയും ദൈവം വെച്ച വ്യവസ്ഥകളെ തകിടം മറിയ്ക്കുകയും ചെയ്യുന്ന മനുഷ്യൻ പ്രവർത്തിയുടെ ഫലം അനുഭവിക്കുകയാണ്.

ആഗോള താപനത്തിന്റെ ഫലം ലോകരാജ്യങ്ങൾ ഭയത്തോടെയാണ് സ്വീകരിക്കുന്നത്. ഉയരുന്ന കടലും കുറയുന്ന കരയും മനുഷ്യനെ അങ്കലാപ്പിലാക്കുന്നു. പ്രകൃതി സമ്പത്തിനെ അന്യായമായി ചൂഷണം ചെയ്യുന്ന മനുഷ്യന്റെ അത്യാർത്ഥിയാണ് ഇതിനു കാരണം. ചർച്ചകൾ കൊടുമ്പിരി കൊള്ളുമ്പോഴും ഫലം പഴയതു തന്നെ. ചില വർഷങ്ങൾക്കുള്ളിൽ ലോകത്തിലെ പല രാജ്യങ്ങളും കടലിനടിയിലാകും. മഞ്ഞുമേഖലകളുടെ വിസ്തൃതി വളരെവേഗത്തിൽ കുറയുകയും ചെയ്യുന്നു.

കേരളമെന്ന ദൈവത്തിന്റെ നാട് മറുനാടൻ മലയാളികളുടെ ഉള്ളിൽ സസ്യശ്യാമള കോമളമായ ഒരു കുളിർമയുള്ള ഓർമയാണ്. എന്നാൽ വറചട്ടിയുടെ അനുഭവമാണ് ഇന്നത്തെ കേരളത്തിൽ. ചൂളപോലെ കത്തുന്ന ഒരു ദിവസം വരുന്നു എന്ന ദൈവവചനത്തിന്റെ മുന്നറിയിപ്പ് ഓർക്കുക. ഇപ്പോഴത്തെ ചൂടും ചൂളയുടെ ചൂടും എത്ര വ്യത്യസ്തമായിരിക്കും ആ ഓർമ നമ്മെ നേർവഴി നയിക്കട്ടെ.

വിദേശ മലയാളികൾക്കു വേണ്ടി മാത്രം

# ടെലിഫോൺ ചർച്ച് ഡയറക്ടറി 2011



ക്രൈസ്തവ പത്രപ്രവർത്തന രംഗത്ത് തനതായ ചുവടുവെയ്പിലൂടെ വിദേശ മലയാളി വിശ്വാസി സമൂഹത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയ ബിലീവേഴ്സ് ജേണൽ ദൈവാരികാ കുടുംബത്തിൽ നിന്നും ഒരു പുതിയ സംരഭം.അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ചിതറി പാർക്കുന്ന മലയാളികളായപെന്തെക്കോസ്ത് വിശ്വാസികളുടെയും ശുശ്രൂഷകരുടെയും സഭകളുടെയും ടെലിഫോൺ നമ്പർ, ഈ-മെയിൽ അഡ്രസ്, സഭകളുടെ ചെറുവിവരണം, ആത്മീയ രംഗത്ത് വിവിധ ചുമതലവഹിക്കുന്നവരെ പരിചയപ്പെടുത്തൽ തുടങ്ങി പെന്തക്കോസ്ത് സഭകളുടെയും സംഘടനകളുടെയും വ്യക്തികളുടെയും വിവരങ്ങൾ ഒരു കുടക്കീഴിൽ ലഭിക്കുവാൻ സമഗ്രമായഒരു ഡയറക്ടറി.

പേര് : ..............................
മേൽ വിലാസം : ..............................
: ..............................ജില്ല: ..............................
സംസ്ഥാനം: .............................. പിൻ: ..............................
ഫോൺ: : ..............................ഈ -മെയിൽ : ..............................
ഉൾപ്പെട്ടു നിൽക്കുന്ന സഭ : ..............................
ജോലി : ..............................
ശുശ്രൂഷകനെങ്കിൽ വിശദ വിവരങ്ങൾ : ..............................

(ഈ ഡയറക്ടറി ഇന്ത്യയിൽ പബ്ലീഷ് ചെയ്യുന്നതല്ല)

നിങ്ങളുടെ സ്ഥാപനങ്ങളുടെ/ സംഘടനയുടെ/ ഉല്പന്നത്തിന്റെ/ സഭയുടെ പരസ്യം കുറഞ്ഞ ചിലവിൽ ആയിരക്കണക്കിന് വിശ്വാസ ഭവനങ്ങളിൽ എത്തിക്കുവാൻ ഒരു സുവർണ്ണാവസരം

for More Details:-
P.O. Box:620 742, Atlanta, GA 30362, USA
Ph: 678 -571 -6398 (Rajan Ariyapallil, Chairman)
E- mail : bjpathramonline@gmail.com

## ഔദ്യോഗിക പാനൽ അവതരിപ്പിക്കണം
1-ാം പേജ് തുടർച്ച

പടി ക്രമങ്ങളും നിശ്ചയിക്കുകയും ചെയ്തു. ഇപ്രകാരം പുതിയനിയമ സഭ സംഘടിതമായിരുന്നു എന്നതിന് തെളിവുകളുണ്ട്. സംഘടിത സ്വഭാവവും ഭരണക്രമീകരണങ്ങളും അദിമസഭയ്ക്ക് ഉണ്ടായിരുന്നു. ചുമതലക്കാരുടെ നിയമനവും തെരഞ്ഞെടുപ്പും, പ്രാദേശിക സഭയ്ക്കുള്ളപൊതു നിയമങ്ങൾ, മിഷനറിമാരെ നിയോഗിച്ചയയ്ക്കൽ, സംഘടിത ജീവകാരുണ്യ പ്രവർത്തനങ്ങൾ, ശാസന, തിരുത്തൽ, പുറത്താക്കൽ എന്നിവയ്ക്കുള്ള അധികാരം തുടങ്ങിയവ നാം ബൈബിളിൽ കാണുന്നു.

മേൽപ്പറഞ്ഞ തെളിവുകൾ ചൂണ്ടിക്കാണിക്കുന്നത്, ദൈവസഭ ഒരു സംഘടിത സമൂഹമായിരുന്നു എന്നതാണ്. ദൈവത്തിന്റെ സമ്പൂർണ്ണഹിതത്തിന് വിധേയപ്പെട്ട ഒരു ജനാധിപത്യ സംവിധാനമാണ് ആദിമസഭയിൽ ഉണ്ടായിരുന്നത്. ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാത്തുകൊണ്ട് ഒരേകാര്യം സംസാരിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്നവരായിരിക്കാനാണ് ജനത്തിന് ആഹ്വാനം നല്കപ്പെട്ടിരുന്നത്. നിർദ്ദേശങ്ങൾ മുഴുവൻ സഭയ്ക്കും നല്കപ്പെട്ടിരുന്നു. പ്രാദേശിക സഭകളെ പൊതുവേ ബാധിക്കുന്ന തീരുമാനങ്ങൾ സഭ ഒന്നടങ്കം കൈക്കൊണ്ടിരുന്നു. വിഭവ സമാഹരണ കാര്യങ്ങളിൽ പരസ്പരം സഹായിക്കുമായിരുന്നു. പ്രാദേശിക സഭകളുടെ തീരുമാനങ്ങൾ തിരുവചന സത്യങ്ങളോട് പൊരുത്തമുള്ളവയായിരുന്നു. കൂടാതെ, ആദിമ സഭ പരിശുദ്ധാത്മാവിന്റെ തിരുഹിതം എപ്പോഴും അന്വേഷിക്കുകയും, ഓരോ തീരുമാനത്തിലും ദൈവാലോചന ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. എല്ലാ വിശ്വാസികളും ആത്മനിറവ് പ്രാപിച്ചവരും വചനം അനുസരിക്കുന്നവരും ആയിരുന്നതിനാൽ സഭകളുടെ തീരുമാനത്തിൽ ദൈവത്തിന്റെ അംഗീകാരം ഉണ്ടായിരുന്നു. ഈ സഭകളിൽ ദൈവഭരണം ഒരു യാഥാർത്ഥ്യമായിരുന്നു.

സഭയുടെ ചരിത്രപരമായ വളർച്ചയിൽ രൂപം കൊണ്ടിട്ടുള്ളതും ഇന്ന് വിവിധ സഭകളിൽ നിലവിലിരിക്കുന്നതുമായ പ്രധാന ഭരണരീതികൾ ഇവിടെ കുറിക്കുന്നില്ല. പെന്തെക്കോസ്തു സഭകളിൽ ഇന്ന് നിലവിലിരിക്കുന്ന ഭരണ രീതിയും പുതിയ നിയമസമ്പ്രദായത്തോട് ഏറെ കുറെ നീതി പുലർത്തുന്നതാണെന്നു പറയാം. പെന്തെക്കോസ്തു സഭകളിൽ പൊതുവെ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കാര്യ നിർവ്വഹണ സമിതിയാണ് ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നത്. പ്രാദേശിക സഭകൾക്ക് പരമാവധി സ്വാതന്ത്ര്യവും ഫെഡറൽ സംവിധാനമനുസരിച്ച് പൊതു നിയമങ്ങൾ പാലിക്കുവാനും തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയ്ക്ക് വിധേയപ്പെടാനും കഴിയും. പ്രിഫറൻസ് ബാലറ്റിന്റെ ദോഷവശങ്ങളും ലോട്ട് സിസ്റ്റത്തിന്റെ ഗുണവശങ്ങളിൽ ഇതിനോടകം ചർച്ചയിൽ അവതരിപ്പിച്ചുകഴിഞ്ഞല്ലോ. ഔദ്യോഗിക സ്ഥലങ്ങളിലേക്ക് മത്സരിക്കുന്നവർ പ്രവർത്തന പരിചയമുള്ളവർ, ഐ. പി. സി. സംസ്കാരമുള്ളവർ പ്രസ്ഥാനത്തോടെ കൂറുപുലർത്തുന്നവർ, അച്ചടക്കമുള്ളവർ ആക്ഷേപരഹിതമായ ജീവിതം നയിക്കുന്നവർ ആയിരിക്കണം. ഇവരുടെ യോഗ്യതയുടെ മാനദണ്ഡം ചിട്ടപ്പെടുത്തിയിരിക്കണം. മണ്ഡലാടിസ്ഥാനത്തിൽ തിരിച്ച് വോട്ടർ പട്ടിക തയ്യാറാക്കി, നോമിനേഷൻ സ്വീകരിക്കണം. ഇലക്ഷന്റെ മേൽനോട്ടം സീനിയർ ശുശ്രൂഷകന്മാർ വഹിക്കണം. ഒന്നിലധികം പാനലുകൾ ധ്രുവീകരണത്തിന് വഴിയൊരുക്കും. പ്രാർത്ഥനയിലൂടെ, സമവായത്തിലൂടെ ഔദ്യോഗിക പാനൽ പ്രഖ്യാപിക്കണം. അവരായിരിക്കും ഭരണസമിതി. സമവായ ചർച്ചയിൽ ആരെയും അവഗണിക്കരുത്. എല്ലാവർക്കും തുല്യപങ്കാളിത്തവും, അവസരങ്ങളും നല്കണം.

## അസംബ്ലീസ് ഓഫ് ഗോഡ്
1-ാംപേജ്തുടർച്ച

(സൂപ്രണ്ട്), റവ. കെ. ജെ. മാത്യു (അസിസ്റ്റന്റ് സൂപ്രണ്ട്), റവ. ബാബു ജോർജ്ജ് (സെക്രട്ടറി), റവ. ക്രിസ്തുദാനം (ട്രഷറാർ), റവ. തോമസ് ഫിലിപ്പ് (കമ്മറ്റിയംഗം) എന്നിവരാണ് പുതിയ ഭാരവാഹികൾ.

## മാധ്യമവിചാരം.......
12-ാം പേജ് തുടർച്ച

ടെ പടിക്കുപുറത്തായി, പീഢസഹിക്കാതെപുഴയിൽ മുങ്ങി, പെന്തെക്കോസ്തിൽ പൊങ്ങി.

ഇതിലധികം എന്തോന്ന് ക്ലൂ തരാൻ? ഹല്ലേല്ലൂയ്യാക്കു കാര്യം പിടിക്കിട്ടിയില്ലെങ്കിലും വിശ്വാസികൾക്കു കുറെയൊക്കെ മനസിലായ ക്ലൂ കിട്ടിയതുകൊണ്ടല്ലൂ. അനുഭവം കൊണ്ട്. മേപ്പടിജനുസുകളുടെ അത്ഭുത സൗഖ്യ ശുശ്രൂഷക്കും പകരം നൽകാൻ ഒരു ചികിത്സയുണ്ട്. പക്ഷേ നമുക്കത് നിഷിദ്ധമാണ് അതിന് 'അടിയോതെറാപ്പി' എന്നു പറയും. പുരാതന കാലം മുതലേ 'അടിയോതെറാപ്പി' നിലവിലുണ്ടായിരുന്നു. ഒറ്റപ്പെട്ടും പരസ്യം കൂടാതെയുമാണെന്നുമാത്രം.

'ജ്യോതിമാർഗ്ഗം' - കിണഞ്ഞുശ്രമിക്കുകയാണ് കെട്ടിലും മട്ടിലും മെച്ചപ്പെടാൻ. മികച്ച ലേ- ഔട്ട് തരക്കേടില്ലാത്ത ഉള്ളടക്കം. അഭിനന്ദനങ്ങൾ! -പക്ഷേ അടിയോതെറാപ്പി അടിയന്തിരമായി നൽകേണ്ട ചിലരോഗികൾക്ക് അഭിമുഖ സുഖ ചികിത്സ നൽകിയത് ജ്യോതിർഗോളം തമോ ഗർത്തത്തിൽ വീഴാൻ കാരണമായേക്കാം. കണ്ടകശനികൊണ്ടേ പോകു എന്നറിഞ്ഞിരിക്കണം,

'സങ്കീർത്തനം' ഉണ്ടോ ആവോ? ഇല്ലെന്നു പറയാനാവില്ല. ചത്തനിനൊക്കുമോ ജീവിച്ചിരിക്കിലും എന്ന ആപ്തവാക്യം പോലെ, ഐ. സി.യു വിലാണ് സങ്കീർത്തനം. നാഡിമിഡിപ്പില്ല.കാര്യമായ ചലനമില്ല. വായനക്കാരോട് 'നശിപ്പിക്കരുതേ' എന്ന രാഗത്തിൽ ഒരപേക്ഷമാത്രം.

## ചർച്ച് ഓഫ് ഗോഡിൽ യുദ്ധ കാഹളം ......
1-ാം പേജ് തുടർച്ച

നടത്തിയും ഗ്രൂപ്പുകളിയും രാഷ്ട്രീയവുമായി നടത്തപ്പെട്ട തെരഞ്ഞെടുപ്പായിരുന്നു ഇത്തവണത്തേത്. പാഴ്സനേജുകൾ സന്ദർശിച്ച് പണം നൽകിയെന്ന് കൗൺസിലിൽ ജയിച്ചവർ തന്നെ പലയിടത്തും പറഞ്ഞത് വിവാദമായിരിക്കുകയാണ്. ജനറൽ കൺവൻഷനിൽ ദൈവദാസന്മാർ രാഷ്ട്രീക്കാരെപ്പോലെ കാശുകൊടുത്തു നടത്തുന്ന ഇലക്ഷൻ പ്രചരണം തെറ്റാണെന്നും വിശ്വാസികൾക്കിത് അംഗീകരിക്കാൻ പ്രയാസമാണെന്നും ജോസഫ് മറ്റത്തുകാലാ പരസ്യമായി പറഞ്ഞിരുന്നു.

എന്നാൽ ഈ പ്രസ്താവനയെ ആദ്യ കൗൺസിലിൽ തന്നെ ബെൻസ് ഏബ്രഹാം ചോദ്യം ചെയ്യുകയും ജോസഫ് മറ്റത്തുകാലായുമായി കൊമ്പുകോർക്കുകയും ചെയ്തു. ഇതിനിടയിൽ ബെൻസിന്റെ വോട്ട് റീകൗണ്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഒരു വിഭാഗം രംഗത്ത് എത്തിയിരുന്നു. ഈ ശ്രമം പരാജയപ്പെട്ടു. ഇതെല്ലാം വൈരാഗ്യത്തിലേക്കും ഏറ്റുമുട്ടലിലേക്കും നയിച്ചു. ഇതേ തുടർന്ന് ഒരു രാഷ്ട്രീയ നേതാവിനെക്കൊണ്ട് തനിക്കെതിരെ ബെൻസ് വധഭീഷണിമുഴക്കിയെന്ന് മറ്റത്തുകാലാ കൗൺസിലിന് പരാതി നൽകുകയായിരുന്നു. തുടർന്ന് രൂപീകരിക്കപ്പെട്ട ഏഴംഗ കൗൺസിൽ ആരോപണത്തിൽ കഴമ്പുണ്ടെന്ന് കണ്ടെത്തി. ഇതിനിടയിൽ മറ്റത്തുകാല തന്നെ ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയെന്നും അത് പറയാൻ താൻ ഓവർസീയറെ വിളിച്ചപ്പോൾ തനിക്കും സമാന അനുഭവം ഉണ്ടായെന്നും ഓവർസീയർ പറഞ്ഞതായി ബെൻസ് പറയുന്നു.

കൗൺസിലുകളിൽ എത്താൻ നടപ്പിലാക്കുന്ന ഹീനതന്ത്രങ്ങളിൽ രാഷ്ട്രീയക്കാരെ വെല്ലുന്നവരായി മാറിയിരിക്കുകയാണ് ഇവിടുത്തെ ആത്മീയ വേഷമണിഞ്ഞവർ വിദേശ നാടുകൾ സന്ദർശിച്ച് സ്വരൂപിക്കുന്ന പണം ഇവിടെ ശുശ്രൂഷകർക്കോ മറ്റുള്ളവരെ സഹായിക്കുവാനോ ഉപയോഗിക്കാതെ ഇത്തരം തരം താണ കളികൾക്കായി ഉപയോഗിച്ച് അധികാരത്തിലെത്തുന്നവരെ തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പാനലുകളുണ്ടാക്കിയും രാഷ്ട്രീയം കളിച്ചും അധികാരത്തിന്റെ മറപറ്റിയും കൗൺസിലിൽ എത്തിയവരുടെ എണ്ണം പകുതിയോളമാണ്. പലരും ഇലക്ഷൻ ചെലവിനായി മുടക്കിയത് പതിനായിരങ്ങളാണ്. വധഭീഷണിയും ഗുണ്ടായിസവും ഉയർത്തിരിക്കുന്നത് ഒരു സമൂഹത്തിനു നേരെയുള്ള ചോദ്യമാണ്. ഇത്തരക്കാർക്ക് ഈ സമൂഹത്തിൽ എന്തു സ്ഥാനമാണ് നേതൃത്വം നൽകാൻ പോകുന്നത്. പണം നൽകി സ്ഥാനം മേടിച്ചവർ അതു രാജിവെക്കാനും ഇത്തരക്കാരെ മാറ്റിനിർത്താനും പ്രസ്ഥാനത്തിൽ നിന്നു തന്നെ അകറ്റാനുമുള്ള ആർജ്ജവം നേതൃത്വവും കാണിക്കുമോ?

## കുടുംബസംഗമം

**ചാരുംമൂട്:** യു. പി. എഫ് ചാരുംമൂട് ഒരുക്കുന്ന "ആത്മീയ കുടുംബസംഗമം -10" ഏപ്രിൽ 12 തിങ്കളാഴ്ച ചാരുംമൂട് മജസ്റ്റിക് ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടത്തപ്പെടുന്ന കുടുംബ സംഗമത്തിന്റെ ഉദ്ഘാടനം ഡോ. സജി ഫിലിപ്പ് (പരുമല) നിർവ്വഹിക്കും യു. പി. എഫ് പ്രസിഡന്റ് പാ. പി. വി. ജോർജ്ജുകുട്ടി അദ്ധ്യക്ഷതവഹിക്കും ക്ലാസ്സുകൾക്ക് ഡോ. സാജു മാത്യു (കുറിയന്നൂർ) നേതൃത്വം നൽകും. പാ. എം. രാജു, പാ. സതീശൻ കെ. കെ., പാ. സി. ആർ. മൈക്കിൾ, പാ. രാജ്കുമാർ, ഇവാ. ഇ. ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകുന്നു.

## പിശാചിനോട് എതിർത്തു നിൽക്കുക......
3-ാം പേജ് തുടർച്ച

പൗലൊസ് അപ്പോസ്തലൻ ഓർപ്പിക്കുന്നത്. ചിന്തകളിലും, വാക്കിലും പ്രവർത്തിയിലും ഇടപാടിലും പിശാചിന് ഇടം കൊടുക്കരുത്. അപ്പോൾ അവൻ പരാജയപ്പെടും.

യേശുവിൽ വിശ്വസിച്ച് യേശുവിനായി ജീവിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിലോ ഭവനത്തിലോ പിശാചിന് സ്ഥാനം ഇല്ല. അവന് നിങ്ങളെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പക്ഷേ നാം പിശാചിന് സ്ഥാനം കൊടുത്താലോ, അവൻ പലതും ചെയ്യും.

ഇന്ന് നമ്മുടെ ആരാധനാലയങ്ങളിൽ കൂടുതൽ പ്രതിപാദിക്കപ്പെടുന്നതും വിശ്വാസികൾ ഭയക്കുന്നതും പിശാചിനെ തന്നെയാണ്. ഒരു പക്ഷേ പിശാചിന്റെ പേരിൽ പാവം വിശ്വാസികളെ ഭയപ്പെടുത്തി വറുതിയിൽ നിർത്തുന്നവരും കാണാം. എന്നാൽ മറ്റ് ചിലർ ദൈവത്തെ വിളിക്കുന്നതും പ്രാർത്ഥിക്കുന്നതും എല്ലാം പിശാചിനെ ഭയന്നാണ്. പ്രാർത്ഥിച്ചെങ്കിൽ പിശാച് ശല്യം ഉണ്ടാകും. ആരാധന മുടക്കിയാൽ പിശാച് പ്രവർത്തിക്കും. ഇങ്ങനെയുള്ള എന്തെല്ലാം ചിന്തകൾ. എന്നാൽ ദൈവവുമായുള്ള സ്നേഹബന്ധവും ആദരവുമാകണം നമ്മുടെ പ്രാർത്ഥനയുടെയും ആരാധനയുടെയും അടിസ്ഥാനം. ദൈവം എന്റെ പിതാവാണ്. ആ ദൈവം എന്റെ സംരക്ഷകനും അഭയവുമാണ് എന്ന ബോധ്യം നമുക്ക് ബലം പകരും. അതുകൊണ്ടാണ് ദാവീദ് പറയുന്നത് യഹോവ എന്റെ ബലവും, കോട്ടയും, പരിചയും, രക്ഷകനും ആണ്. പൗലോസ് പറയുന്നു പിശാചിനോട് എതിർത്ത് നിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചു കൊൾവിൻ. എഫെ.6:10 മുതൽ താഴേക്ക് വായിക്കുമ്പോൾ പലവിധ ആയുധങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അവയിൽ ഒന്നും പോലും വിശ്വാസിയിൽ കുറഞ്ഞിരിക്കരുത്. സർവ്വായുധവർഗ്ഗം ധരിച്ചാൽ പിന്നെ പിശാചിന് നിന്നെ തൊടുവാൻ കഴിയുകയില്ല.

### തന്ത്രങ്ങളറിയുക

പിശാച് രണ്ടു കൊമ്പും ഒരു വാലും ഉള്ള സൃഷ്ടിയാണെന്ന ധാരണയാണ് പലർക്കും ഉള്ളത്. സാത്താന് കൊമ്പും വാലും ഉണ്ടെന്ന ചിന്തയ്ക്ക് യാതൊരാധാരവും ഇല്ല. എന്നാൽ തിന്മയുടെ വക്താവാണ് പിശാച്. അവനിൽ വെളിച്ചം ഒട്ടും ഇല്ല. ജനങ്ങളെ ദൈവീക ബന്ധത്തിൽ നിന്ന് അകറ്റുക എന്നതാണ് സാത്താന്റെ പദ്ധതി. "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു" (2കൊരി.11:2). സാത്താൻ എങ്ങനെയാണ് ഒരാളിൽ പ്രവർത്തിക്കുന്നതെന്ന് മനസിലാക്കാൻ കഴിഞ്ഞാൽ, നമുക്കതിനെ പ്രതിരോധിക്കുവാൻ കഴിയും. നമ്മുടെ ചിന്താമണ്ഡലത്തിലും ചിന്തകളിലും സാത്താൻ പ്രവർത്തിക്കും. എന്നാൽ നമ്മുടെ ഹൃദയവിചാരങ്ങളെ വിവേചിക്കുവാനോ അറിയുവാനോ സാത്താന് കഴിയുകയില്ല. കേഴ്വിയാലോ, കാഴ്ചയിലോ, വായനയിലോ നിന്ന് ചിന്തകൾ ഉണ്ടാക്കി ഭയം, നിരാശ, ആകുലത, പരാജയ ഭീതി, തെറ്റായ ചിന്തകൾ, പ്രലോഭനങ്ങൾ ഇവ ഉണ്ടാക്കി പരാജയത്തിലേക്കും പാപത്തിലേക്കും നയിക്കുവാനാണ് സാത്താൻ ശ്രമിക്കുന്നത്.

ഒരു പക്ഷേ നമ്മുടെ ചിന്തകളെ തിരിച്ചറിയാൻ പിശാചിന് കഴിയുമായിരുന്നെങ്കിൽ അവൻ മുമ്പെ നമ്മെ പരാജയപ്പെടുത്തുമായിരുന്നു. പിശാചിന് നമ്മുടെ വാക്കുകൾ ഗ്രഹിക്കാം. മറ്റുള്ളവർ പറയുന്നത് കേൾക്കാം. നമ്മുടെ പ്രവൃത്തി അറിയാം. ദൈവം നമ്മെക്കുറിച്ച് ചിന്തിക്കുന്ന കാര്യങ്ങളെ ഗ്രഹിക്കുവാൻ പിശാചിന് സാദ്ധ്യമല്ല. നമുക്കായി നല്ലതും അനുഗ്രഹത്തിന്റേതുമായ ചിന്തകളാണ് ദൈവം ചിന്തിക്കുന്നത്.

"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മയ്ക്കല്ല നന്മയ്ക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്" (യിരമ്യാവ് 29:11)

നമ്മുടെ ഉള്ളിൽ അങ്കുരിക്കുന്ന ഓരോ ചിന്തക്കും അടിസ്ഥാനമായൊരു വാക്ക്, പ്രവൃത്തി, കാഴ്ച, കേൾവി ഇവ നിശ്ചയമായും ഉണ്ട്. അതുകൊണ്ടാണ് പറയുന്നത് കേൾവിയും കാഴ്ചയും നിയന്ത്രിച്ചാൽ ഒരു പരിധി വരെ മോഹങ്ങളെ നിയന്ത്രിക്കാം എന്ന്. മോഹങ്ങൾ നിയന്ത്രിക്കപ്പെട്ടാൽ പാപത്തിൽ നിന്ന് രക്ഷ നേടാം. യാക്കോബ് അപ്പോസ്തലൻ പറയുന്നു. "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു." മോഹത്തിന്റെ ഭർത്താവ് പിശാചാണെന്ന് തോന്നി പോയേക്കാം. മോഹം ഗർഭം ധരിച്ചാൽ ചില നാളുകൾ കഴിഞ്ഞാൽ പുറത്തു വരുന്നത് പാപമാണ്. പാപത്തെ പ്രസവിക്കുന്നവനെ പാപി എന്നു പറയും.

ലേഖനം



ജെയ്സ് പാണ്ടനാട്



# വളരുന്ന വിശ്വാസവും പെരുകുന്ന കുറ്റകൃത്യങ്ങളും



കുറ്റകൃത്യങ്ങളിൽ ഇന്ത്യയിൽ ഒന്നാമത് കേരളമാണെന്ന റിപ്പോർട്ട് അതിലെ ന്യായവിചാരങ്ങളെ സംബന്ധിച്ച വാദപ്രതിവാദങ്ങളെക്കാൾ നമ്മുടെ സാമൂഹ്യ ജീർണ്ണതയുടെ ഭീകരതകളെയാണ് അനാവൃതയാക്കുന്നത്. പോലീസ് കേസെടുക്കുകയോ ഒതുക്കുകയോ ചെയ്യുന്നതുകൊണ്ടാണെന്ന കേവല ന്യായത്തേക്കാൾ, സ്ഥാനം എത്രാമതായാലും കുറ്റകൃത്യങ്ങൾ അനവരതം പെരുകുന്നുവെന്ന ക്രൂര യാഥാർത്ഥ്യമാണ് ഭീകരം. സംസ്കാര സമ്പന്നതയും ആത്മീക പാരമ്പര്യവും രാഷ്ട്രീയ പ്രബുദ്ധതയുമുള്ള ഒരു ജനത കൊലപാതക, കൊള്ള, കലാപകാര്യങ്ങളിൽ മുന്നിട്ടു നിൽക്കുന്നതെന്തുകൊണ്ട് എന്നുള്ള വസ്തുനിഷ്ഠമായ അന്വേഷണമാണുണ്ടാകേണ്ടത്.

'ദൈവത്തിന്റെ സ്വന്തം നാട്" എന്ന പാരസ്യമുദ്രയുടെ താഴെ ദിനംപ്രതി വളരുന്ന വിശ്വാസത്തെപ്പറ്റി ആസ്തികരും മാധ്യമങ്ങളും ഊറ്റം കൊള്ളുമ്പോൾ തന്നെയാണ് കുറ്റകൃത്യങ്ങളിലും ധാർമ്മിക തകർച്ചയിലും കേരളം ഒന്നാമതാകുന്നത്. ദൈവത്തിന്റെ നാട്ടിൽ തിന്മകൾ വർദ്ധിക്കുമ്പോൾ വിശ്വാസവും, ആത്മീകതയും ദൈവം തന്നെ പ്രതിക്കൂട്ടിൽ നിൽക്കേണ്ടിവരുമോ? സഭാ വളർച്ചയുടെയും മഹായോഗങ്ങളുടെയും വിജയങ്ങൾ പുരപുറത്തുകയറി വിളിച്ചു കൂവുമ്പോൾ വ്യാജവ്യാപാരം വർദ്ധിക്കുന്നതെന്തുകൊണ്ട്?

സമൂഹത്തിന്റെ മൗലീക താല്പര്യങ്ങളെ ഹാനിക്കുന്ന പ്രവൃത്തി, എന്നാണ് ക്രമിനൽ ശാസ്ത്രം (Criminology) കുറ്റകൃത്യങ്ങളെ സാമൂഹ്യമായി നിർവ്വചിക്കുന്നത്. ഇക്കാര്യങ്ങളിൽ നാം മുൻപന്തിയിലാണ്. കേരളത്തിലെ വീടുകളിൽ സ്ത്രീകൾക്കെതിരെ അതിക്രമം വർദ്ധിക്കുന്നതായി നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോയുടെ റിപ്പോർട്ട്. 2007 നു ശേഷം 29646 സ്ത്രീപീഢന കേസുകളും 568 ബലാൽസംഗകേസുകളും റിപ്പോർട്ട് ചെയ്തു. മദ്യഉപഭോഗത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. മലയാളിക്ക് മദ്യമില്ലാത്ത ആഘോഷങ്ങളില്ല. ബിബിസി ന്യൂസ് ചാനലിൽ മലയാളികളുടെ കുത്തനെ ഉയരുന്ന മദ്യപാനത്തെപ്പറ്റി 'കേരളാസ് ലൗ അഫയർ വിത്ത് ആൽക്കഹോൾ' എന്ന തലകെട്ടിൽ പ്രത്യേക വാർത്തയുണ്ടായിരുന്നു. ഒരു ബിവിറേജസ് ശാഖ 80000 പേർവരെ ദിവസം സന്ദർശിക്കുന്നതായാണ് ആനുപാതിക കണക്ക്, പുതുവത്സരത്തെ വരവേൽക്കാൻ കേരളീയർ കുടിച്ചത് 30 കോടി രൂപയുടെ മദ്യമാണ്.

ലോകത്ത് ആത്മഹത്യാ നിരക്ക് ഏറ്റവും കൂടുതൽ കേരളത്തിലാണ്. സംസ്ഥാനത്ത് ഒരു വർഷം 10,000 പേർ ആത്മഹത്യചെയ്യുന്നു. കുടുംബ ആത്മഹത്യകളും വർദ്ധിക്കുന്നു. ഇന്ത്യയിൽ ഏറ്റവുമധികം ഭ്രൂണഹത്യ നടക്കുന്നത് കേരളത്തിലാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ കുറ്റകൃത്യം നടക്കുന്നത് കേരളത്തിലാണ്. ഇന്ത്യയുടെ ദേശീയ കുറ്റകൃത്യ നിരക്ക് പ്രതിവർഷം ആയിരം പേർക്ക് 176.7 ആണ്. കേരളത്തിലേ 306.1 ആണ്. രൂക്ഷമായ തൊഴിൽ ക്ഷാമം കേരളത്തിലാണ് 15 നും 29 നും ഇടയുള്ള തൊഴിൽരഹിതർ 36% ഗ്രാമങ്ങളിലും 34% നഗരങ്ങളിലുമാണ്.

ഏഷ്യയിൽ ഏറ്റവുമധികം വിവാഹമോചനം നടത്തുന്നത് കേരളത്തിലാണ്. തിരുവനന്തപുരത്ത് കുടുംബകോടതിയിൽ മണിക്കൂറിൽ ഒരാൾ വിവാഹമോചനം തേടിയെത്തുന്നു. ദിവസവും ശരാശരി 20 കേസുകൾ അവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നു. ഒൻപത് കുടുംബകോടതികളിൽ എത്തുന്ന കേസുകിൽ 75% വിവാഹമോചന കേസുകളാണ്. വൃദ്ധസദനങ്ങളും അനാഥാലയങ്ങളും അമ്മതൊട്ടിലും കേരളത്തിൽ വർദ്ധിക്കുന്നു. സൂര്യനെല്ലിയും കിളിരൂരും ആവർത്തിക്കുന്നു. സൈബർ കേസുകൾ 143 എണ്ണം രജിസ്റ്റർ ചെയ്തു. ജനുവരി ഒന്നുവരെയുള്ള കണക്കുപ്രകാരം സംസ്ഥാനത്തെ കോടതികളിൽ 995503 കേസുകൾ തീർപ്പാക്കാനുണ്ട്. 2008 മുതൽ ജനുവരി 31 വരെ 75438 വാഹനാപകടങ്ങൾ ഉണ്ടായി.

ഡ്രഗ് ടൂറിസത്തിന്റെ സിരാകേന്ദ്രങ്ങളുടെ പട്ടികയിലേക്കു കേരളവും സ്ഥാനം പിടിച്ചുകഴിഞ്ഞു. മസാജ് പാർലറുകളുടെയും തിരുമ്മൽ കേന്ദ്രങ്ങളുടെയും മറവിൽ അനാശാസ്യം അരങ്ങു തകർക്കുന്നു. നിശാക്ലബുകൾ കൊച്ചി നഗരത്തിന്റെ രാത്രി ജീവിതത്തെ തകിടം മറിച്ചു. ഫ്ളാറ്റുകളും വില്ലകളും ഹോംസ്റ്റേകളും കേന്ദ്രീകരിച്ച് നക്ഷത്രവേശ്യാലയങ്ങൾ തലപൊക്കുന്നു. സെക്സ് ടൂറിസത്തിന്റെ മറവിൽ നടക്കുന്ന മഴനൃത്തത്തിന്റെ ഉന്മാദലഹരിയിൽ സ്വയം മറന്നാടുന്ന യുവതികളുടെ ഇടയിൽ ആ വൈദികൻ പ്രത്യക്ഷപ്പെടുന്നത് വളരെ വിവാദം സൃഷ്ടിച്ചിരുന്നു. (2.6.2002 കേരളശബ്ദം).

കൊച്ചി നഗരം രതി നുരയുന്ന നിശാക്ലബ് സംസ്കാരത്തിലേക്ക് നീങ്ങുകയാണ്. സംരക്ഷിക്കേണ്ടവർ സംഹാരകർ ആകുന്ന പിതൃപീഢനത്തിന്റെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ നാം കേൾക്കുന്നു. കൊല്ലും കൊലയുമായി ഭീകരത പരത്തുന്ന ക്വട്ടേഷൻ സംഘങ്ങൾ നാടുവാഴുന്നു. കപടസ്വാമിമാരും കള്ളപ്രവാചകന്മാരും ജിന്നുകളും എല്ലാമെത്തുന്നകച്ചവട മതാത്മകതയുടെ സമാന്തരങ്ങളില്ലാത്ത വളർച്ച നാടിനെ ഭീതിയിലാക്കുന്നു.

ഭൂമികയ്യേറ്റങ്ങളും കള്ളനോട്ടും, പിടിച്ചു പറിയും വ്യാപകമാകുന്നു. കൾട്ട് ഗ്രൂപ്പുകളും ആൾദൈവങ്ങളും തഴച്ചുവളരുന്നു. ദുർമന്ത്രവാദവും ബ്ലാക്ക് മാസും നഗരങ്ങളെ കീഴടക്കുന്നു. ഇന്റർനെറ്റ് പീഢനങ്ങൾക്കും പ്രണയാത്മഹത്യകളും ദിവസവും വാർത്തകളാകുന്നു. തീവ്രവാദത്തിന്റെ വേരുകൾ കേരളത്തിലേക്കും ആഴ്ന്നിറങ്ങുന്നു. ക്യാമ്പസുകളിലെ കമ്മ്യൂണൽ ക്ലാസ്സുകൾ, പുത്തൻ തലമുറയ്ക്കും മത്ത് പിടിപ്പിക്കുന്നു. മറുവശത്ത് പട്ടിണിയും മാറാരോഗങ്ങളും പിടിമുറുക്കുന്നു. പിറന്നമണ്ണിൽ ഇടം നേടാനായി ആദിവാസിഗോത്ര ജനത സമരം ചെയ്യുന്നു. ഇതാണ് നാടിന്റെ പരിഛേദം. നമ്മുടെ സാമൂഹിക പശ്ചാത്തലം ഇത്രയും ജീർണ്ണിക്കുമ്പോൾ 'ഫയറും''മഴയും' പൊടിപൊടിക്കുന്നു.

ജീർണ്ണത സഭയിലും പിടിമുറുക്കുകയാണ്. ബിയറും വൈനും ഉപയോഗിക്കുന്ന പുതിയ പെന്തെക്കോസ്ത് തലമുറ (ചിലനേതാക്കന്മാരുമുണ്ട്) ആത്മഹത്യാപ്രവണതകൾ, വിവാഹമോചനം വിശ്വാസികൾക്കിടയിലും വർദ്ധിക്കുന്നു. മൂന്നാറിലെ ഭൂമികൈയേറ്റത്തിൽ മുതൽ മദ്ധ്യതിരുവിതാംകൂറിലെ മണലൂറ്റിലും മണ്ണെടുപ്പിലും വരെ പെന്തെക്കോസ്ത് പ്രാതിനിധ്യമുണ്ട്. അനധികൃത മണൽ ഖനനം നടത്തിയ പെന്തെക്കോസ്തുകാരന്റെ ടിപ്പർ ലോറികൾ RDO പിടിച്ചെടുക്കുന്നു. വിശ്വാസികളുടെ വ്യാജസിഡി കടകളിൽ പോലീസ് റെയ്ഡ്. പ്രമാദമായ ചെറിയനാട് കൊലപാതകത്തിൽ വിശ്വാസി മരുമകൾ പ്രതി. തട്ടിപ്പുകാരൻ വർഷിപ്പ് ലീഡർ റിമാന്റിൽ, അപ്പീലുമായി നേതാക്കൾ കോടതിവരാന്തയിൽ ലക്ഷങ്ങൾ പൊടിക്കുന്നു. വ്യാജ ലോട്ടറി കച്ചവടം നടത്തുന്ന വിശ്വാസിക്ക് സഭയിൽ മുഖ്യാസനം. ന്യൂനപക്ഷ പദവിയുടെ പേരിൽ സ്ഥാപനം നടത്തുന്ന പെന്തെക്കോസ്ത് മുതലാളി ലക്ഷങ്ങൾ കോഴവാങ്ങുന്നു. ഇതെല്ലാം പെന്തെക്കോസ്ത് ധാർമ്മികതയ്ക്ക് നിരക്കാത്തതാണ്.

കേരളത്തിൽ വിശ്വാസങ്ങളും ഉണർവ്വ് യോഗങ്ങളും പൊടിപൊടിക്കുമ്പോൾ വ്യാജ വ്യാപാരം വർദ്ധിക്കുന്നതെന്തുകൊണ്ട്? ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പും ആകേണ്ട സഭ ഇരുട്ടിലും കാരം നഷ്ടപ്പെട്ട അവസ്ഥയിലുമാണ്. സമൂഹത്തെ കേടുകൂടാതെ സൂക്ഷിക്കുന്ന സംവിധാനത്തിന് കേടു സംഭവിച്ചിരിക്കുന്നു. സഭകളുടെ സാന്നിദ്ധ്യം സമൂഹത്തിൽ അനുഭവവേദ്യമാകുന്നില്ല. സാമൂഹ്യപ്രതിബദ്ധതയെ അവഗണിക്കുന്ന വ്യക്തിഗത ദൗത്യനിർവ്വഹണം ഒരു തിരിച്ചു നടത്തമാണ്. സഭാ വളർച്ചയുടെ കണക്കുകൾ എടുക്കുമ്പോഴും നാട്ടിൽ തിന്മ വർദ്ധിക്കുന്നത് നാം കണ്ടെത്തുക. സഭ വളരുമ്പോൾ തിന്മ കുറയാത്തതെന്തുകൊണ്ട്? പ്രതിക്കൂട്ടിൽ ആര്? നേതാക്കളോ? സഭയോ? വിശ്വാസമോ ?

## വചനമാരി 2010

**മാനന്തവാടി:** മാർച്ച് 2.3,4 തീയതികളൽ മാനന്തവാടി ടൗണിൽ മിഷൻ ഫോർ ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ കൺവൻഷൻ നടന്നു. മിഷൻ ഫോർ ഇൻഡ്യയുടെ വയനാടു സുവിശേഷീകരണത്തിന്റെ ഭാഗമായി മാനന്തവാടി പഞ്ചായത്തിൽ രണ്ടുമാസമായി നടന്നുവന്ന ഇവാഞ്ചലിസം പ്രോജക്ടിന്റെ സമാപനമായിട്ടാണ് കൺവൻഷൻ ക്രമീകരിച്ചത്. അനേകർ പുതുതായി സുവിശേഷം കേട്ടു. രക്ഷയിലേക്കു കടന്നു വന്നവരെ ഈ പ്രദേശത്തുള്ള വിവിധ സഭകളിലേക്കു നയിച്ചു. പാസ്റ്റർ റെജി കെ. ചെറിയാൻ നേതൃത്വം നൽകി.

## കൺവൻഷൻ

**ചാരുംമൂട്:** 3-ാമത് ചാരുംമൂട് ക്രൂസേഡ് ഏപ്രിൽ 21-25 വരെ അമ്പനാട് ഗ്രൗണ്ടിൽ നടത്തപ്പെടുന്നു. പാസ്റ്റർ ബെന്നി വെട്ടിയാർ നേതൃത്വം നൽകും. പാ. പി.വി. ജോർജ്ജുകുട്ടിയുടെ അദ്ധ്യക്ഷതയിൽ പാ. ജോൺസൺ കെ. സാമുവേൽ ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ ജോൺസൺ ചാക്കോ, ജോൺ ലോറൻസ്, റ്റി. പി. വർഗ്ഗീസ്, രാജുമേത്ര, പി. സി. ചെറിയാൻ എന്നിവർ പ്രസംഗിക്കും.

## ഹാഗിയോസ് കോളേജ് ഓഫ് തിയോളജി

ഷാലോം മിഷൻ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന ഷാലോം മിഷൻ സ്കൂൾ ഓഫ് തിയോളജി അടുത്ത വർഷം മുതൽ ഹാഗിയോസ് കോളേജ് ഓഫ് തിയോളജി എന്ന പേരിലായിരിക്കും പ്രവർത്തനം തുടരുക. കോളേജിന്റെ പുതിയ ലോഗോ പ്രകാശനം ബിരുദദാന ശുശ്രൂഷയിൽ വച്ച് പാസ്റ്റർ സണ്ണി വാകത്താനം നിർവ്വഹിച്ചു. ഇംഗ്ലീഷ്, മലയാളം എന്നീ മാധ്യമങ്ങളിൽ വിവിധ കോഴ്സുകൾക്ക് ഉള്ള ക്രമീകരണങ്ങളാണ് ഹാഗിയോസ് ചെയ്യുന്നത്. പുതിയ അദ്ധ്യയന വർഷത്തെ ക്ലാസ്സുകൾ മെയ് ആദ്യവാരം ആരംഭിക്കുന്നു. ഏപ്രിൽ 15നു മുമ്പ് അപേക്ഷകൾ ലഭിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കുവാൻ രജിസ്ട്രാർ, ഹാഗിയോസ് കോളേജ് ഓഫ് തിയോളജി, നാലുന്നാക്കൽ പി. ഒ. വാകത്താനം, കോട്ടയം എന്ന വിലാസത്തിൽ ബന്ധപ്പെടുക

## നിത്യതയിൽ

### പാസ്റ്റർ സജി സഖറിയ

**പന്തളം:** ഇൻഡ്യാ ദൈവസഭാ ശുശ്രൂഷകനും തിരുവല്ല ഐ. സി.റ്റി. എസ്സ്. രജിസ്ട്രാറുമായ പാസ്റ്റർ സജി സഖറിയ കർത്താവിൽ നിദ്രപ്രാപിച്ചു. തുണ്ടിയിൽ ബഥേലിൽ പരേതനായ സക്കറിയ, കുഞ്ഞുഞ്ഞമ്മ ദമ്പതികളുടെ ഇളയമകനാണ് പാസ്റ്റർ സജി. സംസ്കാര ശുശ്രൂഷ മാർച്ച് 14 ഞായാറാഴ്ച നടന്നു. കുറെ നാളായി രോഗബാധിതനായിരുന്ന പാസ്റ്റർ സജി വൈദ്യശാസ്ത്രത്തിൽ ആശ്രയിക്കാതെ വിശ്വാസത്തോടെ രോഗശാന്തിക്കായി പ്രാർത്ഥിക്കുകയായിരുന്നു. രോഗത്തിന്റെ തീവ്രമായ അനുഭവങ്ങളിലും പ്രത്യാശ കൈവിടാതെ അവസാനശ്വാസം വരെയും പിടിച്ച് നിൽക്കുവാൻ ദൈവദാസന് കഴിഞ്ഞു. സെക്കുലർ വിദ്യാഭ്യാസത്തിന് ശേഷം വേദശാസ്ത്രത്തിൽ ബിരുദം എടുത്ത ഈ കർത്തൃദാസൻ ദൈവസഭയുടെ വേദപാഠശാലകളിൽ ദീർഘവർഷങ്ങൾ അദ്ധ്യാപകനായിരുന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ബോർഡ് മെമ്പർ എന്ന നിലയിലുള്ള തന്റെ സേവനങ്ങൾ ദൈവസഭാ കേരളാ സ്റ്റേറ്റിന് അനുഗ്രഹമായിരുന്നു. കൊട്ടാരക്കര മൈലംതുണ്ടിൽ ജോൺസൻസ് ബംഗ്ലാവിൽ ഷൈനിയാണ് പരേതന്റെ ഭാര്യ. മക്കൾ:ഷാരൻ, സ്റ്റെസിൻ



**കൊച്ചി:** ടി.പി.എം. എറണാകുളം സെന്റർ സഭാംഗവും മിൽമ റിട്ട.ഉദ്യോഗസ്ഥൻ തൈയ്യിൽ വീട്ടിൽ ടി. സി. ജോൺ (61) നിര്യാതനായി. സംസ്കാര ശുശ്രൂഷകൾ സെന്റർ പാസ്റ്റർ വൈ. തോമസിന്റെ നേതൃത്വത്തിൽ നടത്തി. പാസ്റ്റർമാരായ സണ്ണി ജോർജ്ജ്, ബാബു ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു. ഭാര്യ:ലീലാമ്മ മാന്നാർ വലിയപറമ്പിൽ കുടുംബാംഗമാണ്. മക്കൾ:ബ്ലസ്സൻ, ഫിന്നി.

**തിരുവല്ല:** മാവേലിക്കര തുമ്പുങ്കൽ പരേതനാ റ്റി.ഡി. മാത്യുവിന്റെ ഭാര്യ മറിയാമ്മ മാത്യു (97) നിര്യാതയായി. സംസ്കാരം കറ്റോട് സഭാസെമിത്തേരിയിൽ നടന്നു. മക്കൾ : തങ്കമ്മ, കുഞ്ഞൂഞ്ഞമ്മ, അന്നമ്മ, രാജു, പരേതനായ ജോയി. മരുമക്കൾ : അമ്മുക്കുട്ടി, ലീലാമ്മ, പരേതരായ റ്റി.വി.ഉമ്മൻ, കെ.ഐ.തോമസ്, ഡാനിയേൽ.



# സത്യവേദപുസ്തകത്തിന്റെ ശതാബ്ദി ആഘോഷം തുടങ്ങി

**കോട്ടയം:** സത്യവേദപുസ്തകത്തിന്റെ ശതാബ്ദിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയത്ത് ബിഷപ്പ് തോമസ് സാമുവേൽ നിർവ്വഹിച്ചു.ക്രൈസ്തവ സാഹിത്യ അക്കാദമിയുടെയും ബൈബിൾ സൊസൈറ്റി കേരള ഓക്സിലറിയുടെയും നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ സി.വി. മാത്യു അദ്ധ്യക്ഷതവഹിച്ചു. റവ. ഡോ. മാത്യു വർക്കി, ഡോ. ശാമുവേൽ നെല്ലിമുകൾ, സിസ്റ്റർ. സ്റ്റെർലാലൂക്ക്, എം. വി. ബാബു കല്ലിശ്ശേരി, ടോം ജോസ് അങ്കമാലി, ജെ. സി. ദേവ്, ലിജോ വർഗീസ് പാലമറ്റം, കെ. എസ്. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. സത്യവേദപുസ്തകത്തിന്റെ പരിഭാഷയിൽ മിഷനറിയുടെ പങ്ക് എന്ന വിഷയത്തിൽ പ്രബന്ധ രചനാ മത്സരത്തിൽ വിജയികളായ അനൂപ് ആന്റണി (തൃശൂർ) ബ്ലസ്സി വർഗീസ് (തിരുവനന്തപുരം) റോബിൻ തോമസ് (എറണാകുളം) എന്നിവർക്ക് ബെഞ്ചമിൻ ബെയ്‌ലി പുരസ്കാരം പ്രൊഫ. മാത്യു ഉലകംതറ നൽകി. ടോണി. ഡി. ചെവ്വൂക്കാരൻ പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തി. മറിയ ജേക്കബ് പുളിമൂട്ടിൽ, പള്ളം വർഗീസ് എന്നിവർ കവിതകൾ അവതരിപ്പിച്ചു.

# എക്സോഡസ് – 2010

**കുന്നംകുളം:** ഐ. സി. പി. എഫ് കുന്നംകുളം ചാപ്റ്റർ വാർഷിക സമ്മേളനം എക്സോഡസ് – 2010 ഫെബ്രുവരി 26 ന് കുന്നംകുളം വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് പാസ്റ്റർ പി. ഐ. പാപ്പച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. നാഷണൽ ജനറൽ സെക്രട്ടറി ഡോ. സിനി ജോയ്സ് മാത്യു മുഖ്യ സന്ദേശം നൽകി. എയ്ഞ്ചലോസ് ടീം ഗാനങ്ങൾ ആലപിച്ചു. യൂണിറ്റ് സെക്രട്ടറി റോയ്സൺ ഐ. ചീരൻ ആമുഖ സന്ദേശം നൽകി. കോർഡിനേറ്റർ) പാസ്റ്റർ പി. ഐ. പാപ്പച്ചൻ (പ്രസിഡന്റ്), പാസ്റ്റർ സാംകുട്ടി ജോൺ, കെ. പി. എൽദോ (വൈസ് പ്രസിഡന്റ്മാർ), റോയിസൺ ഐ. ചീരൻ (സെക്രട്ടറി), സിബി സഖറിയ (ജോ. സെക്രട്ടറി), സ്ലീജൻ താവു (ട്രഷറാർ), പോൾ ബാബു (മീഡിയ കോർഡിനേറ്റർ), ജെയിസൻ വി. എൽ (പ്രെയർ കൺവീനർ) സ്റ്റഡൻസ് കമ്മറ്റി ഭാരവാഹികളായി ലിബിൻ സി. ബി. (ചെയർമാൻ), മെജോൺ (വൈസ് ചെയർമാൻ), ജെറിൻ എസ്. ചീരൻ (സെക്രട്ടറി), ജെറിൻ റോയി (ജോ. സെക്രട്ടറി) എന്നിവരെയും തെരഞ്ഞെടുത്തു.

# സൺഡേ സ്കൂൾ അദ്ധ്യാപകരെ ആദരിക്കുന്നു

**കുമളി:** ഇടുക്കി ജില്ലയിൽ കഴിഞ്ഞ 25 വർഷമായി പെന്തക്കോസ്ത് സഭകളിൽ അദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്നവരെ പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇൻഡ്യ ഇടുക്കി ജില്ലാ കമ്മറ്റി ആദരിക്കുന്നു. അർഹതയുള്ളവർ അവരുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ സഭാ പാസ്റ്റർ, സെൻർ പാസ്റ്റർ എന്നിവരുടെ സാക്ഷ്യപത്രത്തോടു കൂടി മാർച്ച് 31–ന് മുമ്പായി ജോയ്സി വറുഗീസ്, പി.സി.ഐ. ജില്ലാ സെക്രട്ടറി, ചക്കാലക്കുഴിയിൽ വീട്, ചക്കുപള്ളം പി. ഒ.– 685509 എന്ന വിലാസത്തിൽ ഫോട്ടോ സഹിതം അയക്കേണ്ടതാണ്.

ഫോൺ : 9447989347

# ഭാരവാഹികൾ

ഐ. പി. സി. ഇടുക്കി വെസ്റ്റ് ഏരിയായുടെ 2010 ലേക്കുള്ള ഭാരവാഹികളെ ഫെബ്രുവരി 2 ന് കീരിത്തോട്ടിൽ ഏരിയ പ്രസിഡന്റ് പാസ്റ്റർ ജി. പോൾരാജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ ബോഡി തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റ് പാസ്റ്റർ കെ.വി. വർക്കി വെള്ളത്തൂവൽ, സുവി. പി. എ. തമ്പി രാജാക്കാട് (സെക്രട്ടറി), പാസ്റ്റർ ഒ. എം. സേവിയർ (ജോയിന്റ് സെക്രട്ടറി), സുവി. സന്തോഷ് കൂമ്പൻപാറ (ട്രഷറാർ), സഹോദരന്മാരായ ദേവസ്യ, ഡേവിഡ്, കുര്യാച്ചൻ, കുട്ടപ്പൻ, എം. ജെ. ഫിലിപ്പ് (കമ്മറ്റി യംഗങ്ങൾ) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

# പുസ്തകമേള

ഇന്ത്യ ബൈബിൾ ലിറ്ററേച്ചറിന്റെ പുസ്തകമേള 2010 ഏപ്രിൽ 21 ബുധൻ മുതൽ 26 തിങ്കൾ വരെ. എറണാകുളം വിമൻസ് ഹാളിൽ നടക്കും. പ്രവേശനം സൗജന്യം, മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള വിവിധ തരം ബൈബിളുകൾ, നിഘണ്ടുകൾ, ഒത്ത് വാക്യ ഗ്രന്ഥങ്ങൾ, ധ്യാനചിന്തകൾ, ദാമ്പത്യ ജീവിതം, സൺഡേസ്കൂൾ സഹായികൾ, ബഹുവർണ്ണ ചാർട്ടുകൾ, ചൈൽഡ് വർക്കേഴ്സ്കിറ്റ്, കാസ്റ്റ്, സി.ഡി., MP3, DVD തുടങ്ങിയവ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ലഭിക്കും.

# വി. ബി. എസ്. നേതൃത്വ പരിശീലനം

**കുമ്പനാട്:** ഐ. പി. സി. സണ്ടേസ്കൂൾസ് അസോസിയേഷന്റെ ചുമതലയിലുള്ള പെന്തെക്കോസ്ത് വി. ബി. എസ്. നേതൃത്വപരിശീലന ക്യാമ്പ് മാർച്ച് 1–3 വരെ മല്ലപ്പള്ളി സീയോൻ ബൈബിൾ കോളേജ്, ആറിനു ആറമട ഐ. പി. സി. ഹാൾ, എട്ടിനു കൊട്ടാരക്കര ബേർശേബാ ഹാൾ, 11 നു മാവേലിക്കര ശാലേം ഹാൾ, 15നു കുമ്പനാട് ഹെഫ്രോൺ ഹാൾ, 16നു വളഞ്ഞമ്പലം ഹാൾ, 18നു കോട്ടയംടാബർ നാക്കിൾ ഹാൾ, 20 നു കട്ടപ്പന ഏബനേസർ പ്രെയർഹാൾ, 22 നു മണ്ണുത്തി കോഓപ്പറേറ്റീവ് ആഡിറ്റേറിയം, 23 നു പാലക്കാട്ടൗൺ ചർച്ച്, 24 നു ഇടക്കര ഹാൾ, 25 നു ചെറ്റപ്പാലം എബനേസർ, 27 നു വടശ്ശേരിക്കര ഇടത്തറ സഭാഹാൾ എന്നിവിടങ്ങളിൽ നടക്കും ലക്ഷ്യത്തിലേക്കു മുന്നേറുക എന്നതാണു ചിന്താവിഷയം. പാസ്റ്റർമാരായ വർഗീസ് മത്തായി, സാം വർഗീസ് എന്നിവർ നേതൃത്വം നൽകും.

# ബിരുദദാനം

**കൊട്ടാരക്കര:** സതേൺ ഇൻഡ്യാ ബൈബിൾ കോളേജ് ബിരുദദാനം ജനുവരി 23 നു പ്രസിഡന്റ് പാസ്റ്റർ അലക്സ് വെട്ടിക്കൽ നിർവ്വഹിച്ചു. ഡോ. ജോൺ ശാമുവേൽ, ജോൺസൺ ഡാനിയേൽ, ജോൺ ചാക്കോ, തോമസ് ശാമുവേൽ എന്നിവർ പ്രസംഗിച്ചു. എഡിസൺ തോമസ് സ്വാഗതവും കെ. പി.തോമസ് നന്ദിയും പറഞ്ഞു.

# കഷ്ടത ദൈവേഷ്ട പ്രകാരമോ? ........................

6–ാം പേജ് തുടർച്ച

അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നമ്മുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് തന്നെ. സ്വർണ്ണമോ വെള്ളിയോ മറ്റു ലോഹങ്ങളോ മനോഹര ആഭരണങ്ങളായി രൂപപ്പെടുത്തുന്നതിന് മുമ്പ് തട്ടാന്റെ പണിശാലയിലെ ചുട്ടുപഴുപ്പിച്ച ഉലയിൽ കൂടി കടത്തിവിടുന്നു. ചുറ്റിക കൊണ്ടടിച്ചും തീയിൽ വെച്ച് പതം വരുത്തിയും ലോഹത്തിലെ ക്ലാവും കീടവും മാറ്റി. തട്ടാൻ അതിനെശുദ്ധിയുള്ളതാക്കുന്നു. തന്റെ മുഖം ആ ലോഹത്തിൽ പ്രതിബിംബിക്കും വരെ തട്ടാൻ ഈ ശുദ്ധീകരണ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുമെന്നാണ് ധാരണ.അതുപോലെ നമ്മുടെ കർത്താവും കഷ്ടതയാകുന്ന തീച്ചൂളയിലൂടെ നമ്മേ കടത്തിവിട്ട് ശുദ്ധീകരണത്തിലേക്ക് നടത്തുന്നു. കറ, കളങ്കം, വാട്ടം, മാലിന്യം ഇവയെല്ലാം നീക്കി അവിടുത്തെ രൂപത്തോടനുരൂപരായി നമ്മേ രൂപാന്തരപ്പെടുത്തുന്നു (യെശെ 48:10)

2) കഷ്ടത വിശ്വാസികളുടെ തേജസ്സും ആനന്ദവും വർദ്ധിപ്പിക്കുന്നു. (4:13)

ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരായാൽ തന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാനിടവരുമെന്ന് പത്രോസ് ശ്ളീഹായും, സകലത്തിനും ലാക്കും സകലത്തിനും കാരണ ഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ നികഞ്ഞവനാക്കുന്നത് യുക്തമായിരുന്നു എന്ന് പൗലൂസ് ശ്ളീഹായും വെളിപ്പെടുത്തുന്നു. (എബ്രാ. 2:10) യേശുക്രിസ്തു കഷ്ടമനുഭവിച്ചാണ് തേജസ്സിലേക്ക് കടന്നതെന്നും അത് മാതൃകയാക്കുന്നു. തന്റെ മക്കളാണ് തേജസ്സിലേക്ക് നടത്തപ്പെടുന്നതെന്നും വ്യക്തമാണല്ലോ. മില്ല് ഇല്ലെങ്കിൽ ഇഡലി മാവ് വേണ്ട പോലെ പൊടിയപ്പെടുന്നില്ല. പരീക്ഷയില്ലെങ്കിൽ യഥാർത്ഥ വിജയമില്ല. പ്രൂണിംഗ് ഇല്ലെങ്കിൽ മുന്തിരിഫലം കായ്ക്കയില്ല. ക്രൂശില്ലെങ്കിൽ കിരീടവും ഇല്ല. ഇന്ന് പലർക്കും കിരീടം മതി. ക്രൂശ് വേണ്ടാ, അതാണല്ലോ സാത്താൻ പത്രോസിലൂടെ കർത്താവിനോടു പദേശിച്ചമാർഗ്ഗവും!

3) കഷ്ടത ദൈവജനത്തെ വിശ്വാസത്തിലുറപ്പിക്കുന്നു. ദൈവത്തിന്റെ ബാലശിക്ഷകൾ ദൈവമക്കളെ തകർക്കാനല്ല, വിശ്വാസത്തിലുറപ്പിക്കേണ്ടതിനാണ്. ക്രിസ്തുവിൽ കായ്ക്കുന്ന കൊമ്പുകളും ചെത്തി വെടിപ്പാക്കപ്പെടുന്നു. നശിപ്പിക്കാനല്ല അധികം ഫലം കായ്ക്കേണ്ടതിനായി മാത്രം. കൊക്കൂണിനകത്തിരിക്കുന്ന ചിത്രശലഭം തോട് പൊട്ടിച്ച് വെളിയിൽ വരാനായി നടത്തുന്ന കഠിന പ്രയത്നം കണ്ട് ദയതോന്നിയ ഒരാൾ ചിത്രശലഭത്തെ സഹായിക്കുവാൻ മൊട്ടുസൂചികൊണ്ട് തോടു പൊട്ടിച്ചുകൊടുത്ത കഥ കേട്ടിട്ടുണ്ട്. പക്ഷേ, പുറത്തു വന്ന ശലഭം പറക്കുവാൻ കഴിയാതെ താഴെ വീണു, കാരണം, പുറംതോട് പൊട്ടിക്കുവാനുള്ള കഠിന പ്രയ്തനത്തിലൂടെയാണ് അത് പറക്കുവാനുള്ള കരുത്താർജ്ജിക്കുന്നത്. ദൈവമക്കൾക്കും വാനവിരിവിലേക്ക് പറന്നുയരുവാൻ കഷ്ടതയിൽ കൂടിയുള്ള പരിശീലനം കൂടിയേ തീരൂ!

4) കഷ്ടതയിൽ വിശ്വാസിയുടെ കൃപ വർദ്ധിക്കുന്നു (5:12)

കഷ്ടത സ്വയമേവ ദൈവമഹത്വവും വിശ്വാസികൾക്കനുഗ്രഹവും പ്രദാനം ചെയ്യുന്നില്ല. നാം ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചു നില്ക്കുന്നെങ്കിൽ മാത്രമേ കഷ്ടത നമുക്കനുഗ്രഹകരമാകു! പൗലൂസിന്റെ ജഢത്തിലെകഷ്ടത നീങ്ങിക്കിട്ടുവാൻ ദൈവത്തോട പേക്ഷിച്ചപ്പോൾ അത് നീക്കുകയല്ല, പ്രത്യുത, സഹിക്കുവാനുള്ള ദൈവകൃപ വർദ്ധിപ്പിക്കുകയാണല്ലോ കർത്താവ് ചെയ്തത്.

5) കഷ്ടത നമ്മേ തകർക്കുകയും ദൈവത്തിനുപയോഗിക്കുവാൻ സജ്ജരാക്കി മാറ്റുകയും ചെയ്യുന്നു.

തകർക്കപ്പെടുന്നവയെ ആണ് ദൈവത്തിനുപയോഗിക്കാൻ എളുപ്പം. ഗിദയോന്റെ കുടം തകർക്കപെട്ടപ്പോൾ ശത്രുവിന്മേൽ ജയം ഉണ്ടായി. മറിയയുടെ വെൺകൽ ഭരണി ഉടയ്ക്കപ്പെട്ടപ്പോൾ പരിമളം തൈലവാസന വീട് നിറച്ചു; യേശു മാനിതനായി. ബാലന്റെ കയ്യിലെ അപ്പം നുറുക്കപ്പെട്ടപ്പോൾ ആയിരങ്ങൾ തിന്നു തൃപ്തരായി. യേശുവിന്റെ ശരീരം കാൽവറിയിൽ തകർക്കപ്പെട്ടപ്പോൾ പാപികൾ വിശുദ്ധരായി. ദൈവകരങ്ങളിൽ നിങ്ങളുടെ തകർന്ന ഹൃദയം ഏല്പിക്കു! അനേകായിരങ്ങളുടെ വിടുതലിനായി ദൈവം താങ്കളെ കരത്തിലെടുക്കും. നിശ്ചയം!

# യൗവ്വനം ക്രിസ്തുവിനു വേണ്ടി............

11–ാം പേജ് തുടർച്ച

പല ദുഷ്പ്രവൃത്തികൾക്കും അവരെ പ്രേരിപ്പിക്കുന്നു. ഈ അവസ്ഥയിൽ ദാനിയേൽ നമുക്ക് ഉത്തമനായ വഴികാട്ടിയാണ്. അതുവരെ താൻ കണ്ടിട്ടില്ലാത്ത വ്യത്യസ്ത ഭാഷ – വർഗ്ഗസംസ്കാരമുള്ള ബാബിലോണിൽ ചെന്നപ്പോഴും തന്റെ സൃഷ്ടാവായ ദൈവത്തെ ദാനിയേൽ മറന്നില്ല. യൗവ്വന സുഖങ്ങൾ ഏറെ ലഭ്യമായിരുന്ന ആ ദേശത്ത് തന്റെ ബന്ധുജനങ്ങളുടെ സാമീപ്യം തനിയ്ക്കില്ലായിരുന്നു, എന്നിട്ടും ഈ വക ഭോജ്യങ്ങൾ കൊണ്ട് തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനിയേൽ ഹൃദയത്തിൽ നിശ്ചയിച്ചു. പ്രീയ യൗവ്വനക്കാരേ, നമ്മുടെ സ്വകാര്യ ജീവിതങ്ങൾ മറ്റാരും കണ്ടില്ലെന്നു വരാം. ആരും നമ്മോടൊപ്പം ഇല്ലെന്നും വരാം. എന്നാൽ നമ്മെ സൃഷ്ടിച്ചവൻ നമ്മെ മുഴുവനും ശോധനചെയ്യുന്നവനാണ്. നിന്റെ യൗവ്വനക്കാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊള്ളുക. (സഭാ 12:1)

അപ്പോസ്തലനായ പൗലോസ് തീത്തോസിനു നൽകുന്ന പ്രബോധനത്തിൽ യൗവ്വനക്കാർ സുബോധമുള്ളവർ ആയിരിക്കേണമെന്ന് നിഷ്കർഷിക്കുന്നു (തീത്തോസ് 2:6). പൗലോസിന് തന്റെ യൗവ്വനകാലത്തെക്കുറിച്ച് ഒരു നഷ്ടബോധം മനസ്സിലുണ്ട്. തന്റെ യൗവ്വനക്കാലത്ത് ക്രിസ്തുവിന്റെ ധീരപടയാളിയായ സ്തേഫാനോസിന്റെ കുലപാതകത്തിന് അദ്ദേഹം സാക്ഷ്യം വഹിച്ചു. തുടർന്ന് ക്രിസ്ത്യാനികളെ ഒന്നടങ്കം നശിപ്പിക്കുവാൻ താൻ ഇറങ്ങിപുറപ്പെട്ടു. എന്നാൽ തന്റെ അബോധ കാലഘട്ടത്തിലേക്ക് യേശു ഒരു സുബോധവെളിച്ചമായി ഇറങ്ങിവന്നതു മുതൽ താൻ ക്രിസ്തുശിഷ്യനായിത്തീർന്നു. തന്റെ യൗവ്വനം അവസാനിച്ചിട്ടും ആ നഷ്ടബോധം പൗലോസിനെ അലട്ടിയിരുന്നു. അതുകൊണ്ട് പുതിയ തലമുറയെ, യൗവ്വനക്കാരെ അദ്ദേഹം പ്രബോധിപ്പിക്കുന്നു. 'സുബോധമുള്ളവരായിരിക്ക' യൗവ്വനം കർത്താവിനു വേണ്ടി കാഴ്ചവെയ്ക്കുക. വാക്കിലും പ്രവൃത്തിയിലും മറ്റുള്ളവർക്കു മാതൃകയാകുക. ആകയാൽ നിന്റെ ഹൃദയത്തിൽ നിന്നു വ്യസനം അകറ്റി നിന്റെ ദേഹത്തിൽ നിന്നു തിന്മ നീക്കിക്കളയുക. ബാല്യവും യൗവ്വനവും മായ അത്രേ. (സഭാ 11:10)

യൗവ്വനകാലം മികവുറ്റ താലന്തുകളുടെ കലവറകൂടിയാണ്. പലരും തങ്ങളുടെ കഴിവിനെക്കുറിച്ച് ബോധവന്മാരല്ല. അറിവുള്ളവരിൽ ചിലർ അതു വേണ്ട വിധത്തിൽ ഉപയോഗിക്കുന്നതുമില്ല. ഓജസ്സും, പ്രസരിപ്പും ഓർമ്മശക്തിയും വാക്വൈഭവവും ഏറ്റവും നന്നായി നിലനിൽക്കുന്ന സമയമാണ് യൗവ്വനകാലം. അതേ, ഈ കഴിവുകൾ തിരിച്ചറിഞ്ഞ് ദൈവനാമ മഹത്വത്തിനായി നമുക്കുവ വിനിയോഗിക്കാം. സുവിശേഷത്തിന്റെ വ്യാപ്തിയ്ക്കായി ഇറങ്ങിപുറപ്പെടാം. നമ്മുടെ ലക്ഷ്യം ഇതാകട്ടെ:"യൗവ്വനം ക്രിസ്തുവിനു വേണ്ടി".

# സോൾ വിന്നേഴ്സ് ജനറൽ കൺവൻഷൻ സമാപിച്ചു

**ബഡ്വാ (മദ്ധ്യപ്രദേശ്):** സോൾ വിന്നേഴ്സ് ഇൻഡ്യയുടെ വാർഷിക ജനറൽ കൺവൻഷന് സമാപനമായി. മദ്ധ്യപ്രദേശിലെ ബഡ്വായിൽ ഫെബ്രുവരി 26 മുതൽ 28 വരെ നടന്ന കൺവൻഷൻ സഭാ പ്രസിഡന്റ് പാസ്റ്റർ ജോൺസൺ ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ഡയറക്ടർ റവ. കെ. ജി. ഈശോ ഉദ്ഘാടനം ചെയ്തു. ഡോ. റെ പാഫോം (യു. എസ്.എ) മുഖ്യാതിഥിയായിരുന്നു. റവ. ജംയ്സ് ത്രോൺ, റവ. ജെരിമിയ ഡാർക്ക്, ക്യാപ്റ്റൻ ജോയി ഈശോ, പാസ്റ്റർ പി. റ്റി. ശാമുവേൽ, ബ്രദർ ഡാനിയേൽ ഈശോ, ക്രിസ്തു ദാസ്, തോമസ് തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. 27-ാം തീയതി നടന്ന ബൈബിൾ കോളേജുകളുടെ ഗ്രാജുവേഷൻ റവ. മാത്യു എം. മാത്യു അദ്ധ്യക്ഷനായിരുന്നു. ഡോ. റെ. പാഫോം, ഡോ. കെ. ജി. ഈശോ എന്നിവർ ബിരുദദാനം നിർവ്വഹിച്ചു. 65 കുട്ടികൾ ഗ്രാജുവേറ്റ് ചെയ്തു. സംയുക്ത സഭായോഗത്തിന് പാസ്റ്റർ ജോൺസൺ ഏബ്രഹാം നേതൃത്വം നൽകി. സോൾ വിന്നേഴിന്റെ ഔദ്യോഗിക പത്രികയായ ദ സോൾ വിന്നറിന്റെ പ്രകാശനം റവ. അനിയൻ കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ ഡോ. കെ. ജി. ഈശോ, പാസ്റ്റർ കെ. ജെ. സാമുവേലിന് ആദ്യ കോപ്പി നൽകി നിർവ്വഹിച്ചു. 19 സംസ്ഥാനങ്ങളിൽ നിന്നും നേപ്പാൾ, ഭൂട്ടാൻ, തുടങ്ങിയ രാജ്യങ്ങളിൽ നിന്നുമായി നൂറുക്കണക്കിന് ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ സംബന്ധിച്ചു.

## നിത്യതയിൽ



**തിരുവല്ല:** മേലപ്പാടം തേക്കാട്ടിലായ ചക്കിട്ടയിൽ പരേതനായ മാത്തുണ്ണി യോഹന്നാന്റെ ഭാര്യ ഏലിയാമ്മ യോഹന്നാൻ (96) നിര്യാതയായി. മക്കൾ റവ. ശാമുവേൽ.പി. ജോൺ (ഡാളസ്), അന്നമ്മ കോശി (തിരുവനന്തപുരം), പരേതനായ ജോൺ മത്തായി (ബോംബെ), ജോൺ ഏബ്രഹാം, ഗ്രേസമ്മ ജോൺ (കോന്നി).

തിരുവനന്തപുരം ഐ. പി. സിയുടെ നേതൃത്വത്തിൽ 8 -ാം തീയതി റവ. റ്റി. ജെ. രാജന്റെ നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു. ആദ്യകാല പെന്തെക്കോസ്ത് വിശ്വാസികളുടെ കൂട്ടത്തിൽ അറിയപ്പെട്ടിരുന്ന പ്രിയ മാതാവിന്റെ സംസ്കാര ശുശ്രൂഷയിൽ വിവിധ സഭകളിൽ നിന്നുള്ള സഭാ ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുകയുണ്ടായി.

Believers Journal
P.O.Box:31, Manjadi .P.O.,
Thiruvalla - 689 105

# ഷാലോം മിഷൻ സ്കൂൾ ഓഫ് തിയോളജി



പാസ്റ്റർ സണ്ണി വാകത്താനം സർട്ടിഫിക്കറ്റ് വിതരണം നിർവ്വഹിക്കുന്നു

**കോട്ടയം:** വാകത്താനം കേന്ദ്രമായി പ്രവർത്തിക്കുന്ന ഷാലോം മിഷൻ സ്കൂൾ ഓഫ് തിയോളജിയുടെ ഈ വർഷത്തെ ബിരുദദാന ശുശ്രൂഷ ഫെബ്രുവരി 20-ാം തീയതി നടത്തപ്പെട്ടു. ഷാലോം മിഷൻ ഇന്റർനാഷണൽ പ്രസിഡന്റും ബൈബിൾ സ്കൂൾ പ്രിൻസിപ്പലുമായ പാ. സണ്ണിവാകത്താനം ബിരുദധാരികൾക്ക് ബിരുദം നൽകി. റവ. ഡോ. ജോൺസൺ ദാനിയേൽ മുഖ്യ സന്ദേശവും കാനം അച്ചൻ വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണവും നിർവ്വഹിച്ചു. പാസ്റ്റർ. എസ് തോമസ് ബിരുദധാരികളെ പ്രാർത്ഥിച്ചു സമർപ്പിച്ചു. വിവിധ കോഴ്സുകളിലായി 17 വിദ്യാർത്ഥികൾ ബിരുദം സ്വീകരിച്ചു.

ലേഖനം

# യൗവ്വനം ക്രിസ്തുവിനു വേണ്ടി



സ്റ്റീഫൻ മാത്യു മല്ലശ്ശേരി

യൗവ്വനം ജീവിതത്തിലെ ഏറ്റവും മഹത്തായ കാലഘട്ടമാണ്. അപക്വമായ ബാല്യത്തിന്റേയും പക്വതയാർന്ന വാർദ്ധ്യകത്തിന്റേയും ഇടയിലായതിനാൽ യൗവ്വനം ഒരു സങ്കീർണ്ണപാത കൂടിയാണ്. ഈ പാതയിലൂടെ എല്ലാവരും സഞ്ചരിക്കുന്നു എങ്കിലും വിജയകരമായി ലക്ഷ്യത്തിലെത്തുന്നവർ ചുരുക്കം മാത്രം. അതിന്റെ പ്രതിഫലനമാണ് വിവിധ പത്രമാധ്യമങ്ങളിലൂടെ ഓരോ ദിവസവും നമ്മെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ. എന്നാൽ ഇതിന്റെ മധ്യത്തിൽ പെന്തെക്കോസ്തു യുവലതലമുറ എവിടെയെത്തി നിൽക്കുന്നു എന്നത് ചിന്തിക്കേണ്ട യാഥാർത്ഥ്യമാണ്.

രാഷ്ട്രീയ - മത- സാംസ്കാരിക മേഖലകളിൽ യൗവ്വനത്തുടിപ്പ് വളരെയധികം ദൃശ്യമാണ്. യുവജനത്തിന്റെ വോട്ടുബാങ്ക് നേടാനായാൽ പ്രസിഡന്റ് സ്ഥാനവും കരസ്ഥമാക്കാനാകുമെന്ന് അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ സമർത്ഥിക്കുന്നു. അതേ, യൗവ്വനം വളരെ സുപ്രധാനമാണ്.

യൗവ്വനം ഇച്ഛ്ഹീകരിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്തിനും ഏതിനും ചങ്കൂറ്റത്തോടെ ഇറങ്ങി പുറപ്പെടുന്ന ഈ പ്രായം അനേകം പേരുദോഷങ്ങൾക്കും വഴിവെക്കാറുണ്ട്. ഗുണ്ടാത്തലവന്മാരും ക്വട്ടേഷൻ സംഘാംഗങ്ങളും ബൈബർ കുറ്റവാളികളും എല്ലാം യൗവ്വനത്തിന്റെ ആസ്വാദകരാണ്. ഇവരുടെയൊക്കെ പശ്ചാത്തലം അന്വേഷിച്ചാൽ അവർ ഇതൊന്നും നിത്യവ്യത്തിയ്ക്കുവേണ്ടി ചെയ്യുന്നതല്ല മറിച്ച് സമ്പന്നതയുടെയും ആർഭാടത്തിന്റെയും മടിത്തട്ടിൽ ജീവിക്കുവാൻ വേണ്ടായയാണെന്ന് മനസ്സിലാകും. മാതാപിതാക്കൾ നൽകുന്ന “പോക്കറ്റ് മണി” തീരുമ്പോൾ ചെറിയ തോതിൽ മോഷണവും പിടിച്ചു പറിയും ആരംഭിച്ചിട്ട് തങ്ങളുടെ യൗവ്വനം ഇച്ഛ്ഹീകരിച്ചവർ. കോളേജിൽ മക്കളെ വിടുമ്പോൾ ആവശ്യത്തിലധികം പോക്കറ്റ് മണി നൽകുന്ന മാതാപിതാക്കളേ, നിങ്ങളുടെ കുഞ്ഞ് എപ്രകാരം ധനം വിനിയോഗിക്കുന്നു എന്ന് ശ്രദ്ധിക്കുക.

കൗമാര കാലഘട്ടം മുതൽ യൗവ്വനകാലഘട്ടം വരെയുള്ള സമയം

Tender Teens (13 - 19 Age)
Teachable Twenties (20 - 30)
Tireless Thrties (30 - 40)

എന്നിങ്ങനെ മൂന്നായി തിരിക്കാം.

പേരു പോലെ തന്നെ ‘ടീനേജ്’ വളരെ മൃദുലമായ, ലോലമായ ഒരു കാലഘട്ടമാണ്. സത്യത്തിൽ ഒരു വ്യക്തി വളർന്നു വരുന്നത് അവന്റെ കൗമാര കാലത്തിലെ സ്വഭാവങ്ങളുടെ പിന്തുടർച്ചയായയാണ്. ആയതിനാൽ ബാല്യം മുതൽ തന്നെ കുട്ടികളെ ശരിയായി വളർത്തുവാൻ മാതാപിതാക്കൾ ഉത്സാഹിക്കേണ്ടതുണ്ട്. (സദൃശ്യ വാക്യം 20:11). ഈ കാലഘട്ടത്തിൽ ലോലവും മൃദുലവുമായ അനേകം പ്രലോഭനങ്ങൾക്ക് അവർ അടിമപ്പെടാനുള്ള സാദ്ധ്യതകൾ ഏറെയാണ്. ഈ പ്രായപരിധിയിൽപ്പെട്ടവർക്ക് സ്നേഹം പകർന്നു നൽകുന്ന മാതാപിതാക്കളെയാണാവശ്യം. കുട്ടികളുടെ ഏറ്റവും വലിയ സുരക്ഷാ ഉപദേഷ്ടാക്കൾ മാതാപിതാക്കളാണെന്ന് അറിയുക. സ്നേഹിക്കുന്ന യേശുവിനെക്കുറുച്ച് വ്യക്തമായി അവരെ മനസ്സിലാക്കുക. അങ്ങനെയെങ്കിൽ ലോകത്തിന്റെ കാപട്യവലകളിൽ അവർ വീഴില്ല.

20-നും 30നും ഇടയ്ക്കുള്ള പ്രായം ബുദ്ധികൂർമ്മതയുടെയും ഓർമ്മശക്തിയുടെയും കാലഘട്ടമാണ്. ഈ പ്രായത്തിൽ ഓർമ്മയിലുറയ്ക്കുന്ന വസ്തുതകൾ ജീവിതവസാനം വരെ നിലനില്ക്കുമെന്ന് ശാസ്ത്ര സമൂഹം വിലയിരുത്തുന്നു. ഈ കൂട്ടർ തങ്ങളുടെ പ്രവൃത്തികളിലൂടെ അംഗീകാരം പിടിച്ചു പറ്റാൻ ആഗ്രഹിക്കുന്നു. ദൈവീക പരിജ്ഞാനത്തിൽ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്ന കർത്തൃശുശ്രൂഷകന്മാർക്ക് ഈ പ്രായത്തിലുള്ളവരോട് വളരെയധികം സ്വാധീനം ചെലുത്തുവാൻ കഴിയും. വചനാടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശ തത്വങ്ങൾ ദൈവദാസന്മാർ അവർക്കു പകർന്നു കൊടുക്കണം, സഭയിലെ യുവജനങ്ങളോടൊത്തെ സമയം ചിലവഴിക്കുവാൻ ദൈവദാസന്മാർ ശ്രദ്ധിക്കണം.ന്യൂ ജനറേഷൻ ചർച്ചുകൾ ഏറ്റവുമധികം ഉന്നം വയ്ക്കുന്നത് ഈ പ്രായത്തിലുള്ള യുവാക്കളെയാണ്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, പല മുഖ്യധാരാ സഭകളിലും യൗവ്വനക്കാർ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. തത്ഫലമായി നമ്മുടെ പുതിയ തലമുറ ന്യൂ ജനറേഷൻ ചർച്ചുകളുടെ ഇരകളായും തീരുന്നു, ഒരു സഭാരാധനയെങ്കിലും മുടക്കുന്ന യുവതീ യുവാക്കളോട് ഏറ്റവും കുറഞ്ഞത് ഫോൺ വിളിച്ചെങ്കിലും കാരണമന്വേഷിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നമ്മുടെ ശുശ്രൂഷകന്മാർ തയ്യാറാകണം.

30 മുതൽ 40 വയസ്സു വരെയുള്ള പ്രായം ക്ഷീണം സംഭവിക്കാത്ത കാലഘട്ടമാണ്. എന്നാൽ മുൻപറഞ്ഞ രണ്ടു കാലഘട്ടങ്ങളിൽ നേരായ വഴി തിരെഞ്ഞെടുക്കാത്തവർ ഈ കാലഘട്ടത്തിൽ വച്ച് തകർന്നു പോകുന്നു. ഓർക്കുക, യൗവ്വനം ഒരിക്കൽ മാത്രമുള്ളതാണ്. അനേകരും പ്രായമായ ശേഷം തങ്ങളുടെ യൗവ്വനകാലം ഓർത്ത് സഹതപിക്കാറുണ്ട്. യൗവ്വനക്കാരാ നിന്റെ ഏതു മണ്ഡലത്തിലും കർത്താവിനു ഹീനകരമാ. വഴിതെരഞ്ഞെടുക്കുക. അവൻ നിന്റെ പാതകളെ നേരെയാക്കും (സദൃശ്യ. 3:6)

കുത്തഴിഞ്ഞ മാധ്യമ സംസ്കാരങ്ങളുടെ ഈ അത്യാധുനീക യുഗത്തിൽ ദൈവീക സംസർഗ്ഗത്തിൽ ജീവിക്കുക എന്നത് യുവതീയുവാക്കളെ സംബന്ധിച്ച് ഒരു വെല്ലുവിളി തന്നെയാണ്. പ്രലോഭനങ്ങൾക്ക് വശം വദരാകാതെ മുന്നേറുന്ന ഒരു തലമുറയേയാണ് ഇന്ന് കർത്താവിനാവശ്യം. ഒരു സമയം ആത്മീകമായി മുന്നേറിയിരുന്ന പല യൗവ്വനക്കാരും പിശാചിന്റെ പിടിയിലകപ്പെട്ട് ദൈവശക്തി ചോർന്നവരായി ജീവിയ്ക്കുന്നത് കാണാറുണ്ട്, പലരും കുറ്റബോധത്തിന് അടിമപ്പെടാറുണ്ട്. പലപ്പോഴും വാക്കിലും പ്രവ്യത്തിയിലും ദൈവത്തിന് ഹീനകരമല്ലാത്തത് ചെയ്തിട്ട് ദൈവസന്നിധിയിൽ നിരപ്പ് പ്രാപിക്കാതിരിക്കുമ്പോഴാണ് മേൽപ്രകാരം സംഭവിക്കുന്നത്. അങ്ങനെ കുറേ നാൾ തുടരുമ്പോൾ ദൈവീക സംസർഗ്ഗ്തതിൽ നിന്ന് പൂർണ്ണമായി വേർപെടുന്ന അവസ്ഥ സംജാതമാകും. ഇതു വായിക്കുന്ന യൗവ്വനക്കാരേ, നിങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന പാപപ്രവ്യത്തികൾ കർത്താവിനോട് ഏറ്റുപറഞ്ഞ് നിരപ്പുപ്രാപിക്കുക. പിശാചിന് ഇടം നൽകരുത്. പരിശുദ്ധാത്മാവിന് നിങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നൽകുക. അവനു നിങ്ങളോട് സംവാദിക്കുവാൻ അവസരം കൊടുക്കുക. നിന്റെ യൗവ്വനശക്തി അന്യന്മാർക്കും നിന്റെ ആണ്ടുകൾ ക്രൂരനും കൊടുക്കരുത്. (സദൃശ. 5:9)

ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു യുവനേതാവ് അടുത്തിടെ കേരളം സന്ദർശിക്കുകയുണ്ടായി. യുവാക്കൾ ആരേയാണ് മാതൃകയാക്കേണ്ടത് എന്ന ചോദ്യത്തിനുള്ള അദ്ദേഹത്തിന്റെ മറുപടി വളരെ ചിന്തനീയമാണ്. “അത് അവരവർ തന്നെയാണ് - തീരുമാനിക്കേണ്ടത്” എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. ഇന്നത്തെ പലയുവാക്കളുടെയും ആരാധ്യപുരുഷന്മാർ ഹിന്ദി -മലയാള സിനിമാ നടന്മാരും സ്പോർട്സ് ഇതിഹാസങ്ങളുമാണ്. യൗവ്വനക്കാരേ, സത്യത്തിൽ ആരായിരിക്കണം നമ്മുടെ ‘റോൾ മോഡൽ”? മുപ്പത്തിമൂന്നരത്തിരുവയസ്സിൽ തന്റെ യൗവ്വനരക്തം നമുക്കു വേണ്ടി ചൊരിഞ്ഞ് സ്വർഗ്ഗീയ സൗഭാഗ്യത്തിന് നമ്മെ ഉടമകളാക്കിത്തീർത്ത യേശുവെന്ന യുവകോമളനാകട്ടെ നമ്മുടെ ആരാധ്യപുരുഷൻ.

ഇൻഫർമേഷൻ ടെക്നോളജിയും മാറിവരുന്ന ഫാഷൻ സങ്കല്പങ്ങളും ഇന്ന് യുവതലമുറയെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. സംസ്കാരങ്ങളുടെ പിന്നാലെയുള്ള ഓട്ടം പലരേയും സംസ്കാര ശൂന്യരാക്കിത്തീർക്കുന്നു. മെട്രോ പോലീറ്റൻ സിറ്റികളിൽ ജീവിക്കുന്ന പല യുവതീയുവാക്കളും കുടുംബത്തിനും സഭയ്ക്കും ഒരപവാദമാണ്. മാതാപിതാക്കളിൽ നിന്നും സ്നേഹിതരിൽ നിന്നുമുള്ള അകലം

ശേഷം പേജ്: 10

25
March. 2010
Vol. 3
Issue:6

Believers Journal

Believers Journal
P.O.Box: 31, Manjadi .P.O.,
Thiruvalla, Kerala, Pin 689 105
Office: 9349276586
Mob: 9447368795
Email- beljourn@gmail.com
Website:- www.beljourn.com

RNI. No.KERMAL/2008/26530 Postal Reg.No. KL/TLA 225/2009-11 Posted on 25 th March 2010 at RMS Thiruvalla

# വ്യാജന്മാരെ കണ്ടുപിടിക്കാൻ "ക്ലൂ"

## മാധ്യമവിചാരം



അനിൽ കൊടിത്തോട്ടം

ഒടുവിൽ ക്രൈസ്തവ ചിന്തയും കമ്യൂണിസ്റ്റ് നേതാക്കളെ കൈവിടുന്നുവോ? നടപ്പ് നിയമ സഭാ സമ്മേളനത്തിൽ ഒരു എം. എൽ. എ. ക്രൈസ്തവചിന്തയെ ഉദ്ധരിച്ച് രണ്ടുവാക്ക് ഉരിയാടിയത് അല്പം അഭിമാനത്തിനു വകനൽകുന്നു. മൂന്നാറിലെ പ്രാദേശിക നേതാക്കളെ ടാറ്റയുടെ ഉച്ഛിഷ്ടം ഭുജിക്കുന്നവരായി എഴുതുന്നതിന് മടികാട്ടാത്ത ക്രൈസ്തവചിന്തയുടെ പോയലക്കം ഗംഭീരം. ഏതായാലും ക്രൈസ്തവചിന്തകൂടി കൈയ്യൊഴിയുന്ന സ്ഥിതിക്ക് കമ്മ്യൂണിസ്റ്റുകാർ കരുതിയിരിക്കുന്നതുനന്ന്.

കഴിഞ്ഞ ലക്കം ഹല്ലേല്ലൂയ്യയാണ് മറ്റൊരു സുപ്രധാന വാർത്ത രംഗത്തുകൊണ്ടുവന്നത്. 'അവർ ഇരുട്ടിൽ തപ്പുകയാണ്'- ആര്? ഐ. പി. സി. നേതാക്കന്മാർ. ആരെ? നഷ്ടപ്പെട്ട ഓഫീസ് സീലോ, ലെറ്റർ പാഡോ ഒന്നുമല്ല. വ്യാജന്മാരെയാണ് സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞത്. എന്നിട്ടോ ഒരു തുമ്പും കിട്ടിയില്ലത്രെ. കിട്ടിയ അറിവുവച്ചു കാച്ചി ഒരു പത്രക്കുറിപ്പ്. ദുരുപദേശക്കാരെ ഒഴിവാക്കണം പോലും. ആരാണീ ദുരുപദേശക്കാർ. ആരാണ് വ്യാജരോഗശാന്തിക്കാർ. ഇടക്ക് ഒരു നല്ല രോഗശാന്തികാരനെകാട്ടിത്തരാമോ തുടങ്ങി ഒന്നാംതരം ചോദ്യങ്ങളാണ് ഹല്ലേല്ലൂയ്യാ സ്റ്റേറ്റ് കൗൺസിലിനോട് ചോദിച്ചത്. ഉത്തരത്തിന് അല്പം കാക്കുക തന്നേ വേണം സ്റ്റേറ്റ് കൗൺസിൽ 'ഗസ്റ്റ്'. സ്വർഗ്ഗത്തിൽ നിന്നുമല്ല പ്രസദ്ധീകരിക്കുന്നത് എങ്കിലും അതിന് ഒരു സ്വർഗ്ഗീയ'ധ്വനി' ഉണ്ടാവുക പതിവാണ്. ആ ധ്വനിയിലൂടെ ഒരു 'പരമാർത്ഥി' പരകായ പ്രവേശം ചെയ്യും. തെറ്റിദ്ധരിക്കതുതേ ആ പരമാർത്ഥി നമുക്കു പരിചിതനല്ല. അതാരായാലെന്ത് സംശയം മാറിക്കിട്ടിയാൽ പോരേ?

ഹല്ലേലൂയ്യ മുമ്പോട്ടു വയ്ക്കുന്ന ചോദ്യങ്ങൾ പ്രസക്തമാകയാൽ നമുക്കവരെ അറിഞ്ഞേ പറ്റു. ആരാണീ വ്യാജരോഗശാന്തിക്കാർ? മാധ്യമവിചാരകന് അറിവുള്ള ചില ക്ലൂ തരാം. ഒന്നാമൻ കൃഷിമന്ത്രിയുടെ നാട്ടുകാരനാണെന്നു പേരിലെ സാമ്യം സൂചിപ്പിക്കും. പ്രത്യക്ഷത്തിൽ സൗമ്യൻ പ്രകൃതത്തിൽ ഉഗ്രൻ! കുമ്പനാട് കൗൺസിൽ മഹറോൻ ചൊല്ലിയ ആഴ്ചയിൽ തന്നെ കുമ്പനാടിനടുത്ത് നെല്ലിമലയിലെ ദേശാധിപ ശക്തികളെ കെട്ടുകെട്ടിക്കാൻ ഓടിക്കിതച്ചെത്തി. അമളി കൂർമ്മബുദ്ധി. രോഗസൗഖ്യം കൊടുക്കുന്നതാണ് ഹോബി. അപ്പനമ്മമാരെ വേണ്ടാത്തവർ വിവരം വിളിച്ചുപറഞ്ഞാൽ അവരെ കിളിക്കൂട്ടിലടക്കും. തനിക്ക് ഓടിയെത്തി രോഗം ഭേദമാക്കാൻ സമയം കിട്ടാത്തതുമൂലം അത്തരക്കാർക്ക് വേണ്ടി ആശുപത്രി പണിയുകയാണ്.

രണ്ടാമകനാകട്ടെ ശാരോനിലെ പനിനീർപുഷ്പമായിരുന്നു. മലബാറിൽ നിന്നും മുങ്ങിയാൽ ശ്രീകാര്യത്തേ പൊങ്ങൂ. ആൾ അറിവിന്റെ നിറക്കുടമാണ്. സൂര്യനു കീഴേ ഏതു വിഷയത്തെയും ബൈബിളുമായി സമന്വയിപ്പിച്ചു പ്രസംഗിക്കാൻ അപൂർവ്വമായ കഴിവ്. പാട്ടും പ്രസംഗവും വേവ്വെറെയായി ചെയ്തു കൊടുക്കും! തേങ്ങാ തൊണ്ടില്ലാതെ, തൊണ്ടോടുകുടി' എന്നൊക്കെ കമ്പോള നിലവാരബുള്ളറ്റിനിൽ കേൾക്കും പോലെ. രണ്ടും ഒരുമിച്ചെടുത്താൽ നല്ല വിലക്കിഴിവുണ്ടാകും. ഇപ്പോൾ പ്രവചനവുമുണ്ട്. ലോത്തിന്റെ ഭാര്യ, നൂറുരൂപാനോട്ട്, ദേശീയ പതാക, പാഞ്ചാലീ സ്വയംവരം തുടങ്ങി നിരവധി തിരക്കഥകൾ രചിച്ചിട്ടുണ്ട്.

മൂന്നാമത്തെയാൾ മഹതി എന്ന ദൈവശക്തിയുടെ മലയാളം പതിപ്പാണ്. നേർച്ചകുട്ടിയായി പിതാവു വളർത്തി പരിപാലിച്ച് നിക്കാഹ് കഴിച്ചുവിട്ടു. അപ്പനെയും കണവനെയും വിട്ടു പുതിയാപ്ലയെവരിച്ചതോ

ശേഷം പേജ്: 08



ഡ്യൂലോസ് ബിബ്ലിക്കൽ സെമിനാരി
വെച്ചൂച്ചിറ

Affiliated To
INTERNATIONAL CHRISTIAN UNIVERSITY, VIRGINIA USA

ഐ.പി.സി. ജനറൽ കൗൺസിൽ അംഗീകൃതം
(English & Malayalam Medium)
സഭാ ശുശ്രൂഷയ്ക്കും പ്രേഷിത പ്രവർത്തനത്തിനും മികച്ച പരിശീലനം B.Th. തിയോളജിക്കൽ ബിരുദവും യൂണിവേഴ്സിറ്റി അംഗീകാരമുള്ള B.A. ബിരുദവും ഒരുമിച്ച് കരസ്ഥമാക്കാവുന്ന പാഠ്യപദ്ധതി (English)



Br. Anu Samuel
Co- Ordinator



Pr. V.P. Jose
Director

പ്രത്യേകതകൾ

✷ 3 വർഷം കൊണ്ട് B.Th. ഉം B.A. ഉം കരസ്ഥമാക്കാം ✷ ഹിന്ദി, ഗ്രീക്ക്, ഹീബ്രു ഭാഷകളിൽ വിജ്ഞാനം നൽകുന്നു ✷ പ്രത്യേകം ക്ഷണിക്കുന്ന അദ്ധ്യാപകരുടെ സെമിനാറുകൾ ✷ അനുഭവസമ്പന്നരും പ്രഗത്ഭരുമായ അദ്ധ്യാപകർ ✷ വിശാലമായ കാമ്പസ്സ് ✷ താമസം, ഭക്ഷണം എന്നിവ സൗജന്യം ✷ തികഞ്ഞ പ്രാർത്ഥനാന്തരീക്ഷം ✷ മികച്ച ലൈബ്രറി സൗകര്യം ✷ പഠനത്തോടൊപ്പം പ്രായോഗിക പരിശീലനം ✷ പുതിയ വേല സ്ഥലം ഏറ്റെടുക്കുന്നവരെ സ്പോൺസർ ചെയ്യുന്നു

| കോഴ്സുകൾ | മാധ്യമം | കാലാവധി | യോഗ്യത |
|---|---|---|---|
| B.Th | ഇംഗ്ലീഷ് | 3 വർഷം | S.S.L.C. Passed |
| G.Th | മലയാളം | 2 വർഷം | S.S.L.C. |
| C.Th | മലയാളം | 1 വർഷം | |

ക്ലാസ്സുകൾ ഏപ്രിൽ 2-ന് ആരംഭിക്കുന്നു

Visiting Professors
ഡോ. തോമസൺ കെ. മാത്യു (U.S.A), ഡോ. സി. റ്റി. ലൂയിസ്കുട്ടി, ഡോ. ജോയി ഏബ്രഹാം (U.S.A), കോശി വൈദ്യൻ (U.S.A), പാസ്റ്റർ ജോൺ കെ. മാത്യു (Ph.D) U.S.A

Principal
Pr. P.S.Varghese (M.A)

അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക
Principal
D.B.S., P.B. No: 2, Vechoochira, PTA - 686511.
Phone: 04735 - 265115, 9446186314

Printed, Published & owned by Peter Mathew Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.